| | ● Regular industrial adalats will be conducted to resolve issues in the sector. |
| | ● 30% investment subsidy to women entrepreneurs who take part in industries in the thrust sectors. |
| 2018 | ● Government to introduce entrepreneur support scheme to revive sick units. |
| | ● Efforts will be taken to find out shut down industrial units and attempts will be made to reopen and diversify the same. |
| | ● Government to promote home based nano units by liberalizing the licensing norms. |
| | ● In order to tap the opportunities in the agro-based industries, special projects will be developed by taking international models. |
| | ● Special measures will be adopted to provide marketing support to MSMEs through national and international trade fairs and B2B meets. |
| | ● 15% of price preference will be given to the goods produced by MSMEs in the state. |
| | ● Initiatives will be taken to speed up payments to supplies made by local MSMEs to the state. |
| | ● KIED will be converted as an institution for facilitating skill development and research. |
| 2023 ● ● ● | ● Access to finance for the MSMEs will be improved through cluster financing models and also enabling MSMEs to raise finance through IPOs. Loans and credit facilities will be extended through credit chain financing and use of surrogate guarantees. |
| | ● With the intention of promoting "Made in Kerala" brand, exhibitions are done in national and international trade fairs. |
| | ● Export potential of MSMEs will be improved through participation in international trade fairs and forums. |
| | ● Digitalization of MSMEs. |

*Source: Extracted from Kerala Industrial Policies*


ISSN: 2582 - 2594

**Table 4 Skill Development**

| Year | Skill Development |
|---|---|
| 2015 | ● In order to facilitate skill development, government has introduced various programmes under Kerala Academy for Skill Excellence (KASE) and also initiated programmes like Additional Skill Acquisition Programme (ASAP). |
| 2018 | ● KIED will be functioning to impart skill development among existing and nascent entrepreneurs. |
| | ● ED clubs will be established in educational institutions in order to promote start ups and entrepreneurial activities among students. |
| | ● Initiatives will be taken to enable collaboration between educational institutions and industrialists. |
| 2023 | ● KIED will be offering various courses imparting technical, vocational, and specific skills so that a pool of talent can be created. |
| | ● Industry oriented courses will be started in ITIs, Polytechnics, and Engineering Colleges. |
| | ● Cluster-wise Technical Centres of Excellence shall be established in PPP mode. |
| | ● Multi-Skill Training Centres shall be developed by identifying priority sectors. |

Source: Extracted from Kerala Industrial Policies

**Table 5 Thrust sectors**

| Year | Thrust Sectors |
|---|---|
| 2015 | ● Identifies following industries as the main sectors of the economy; |
| | ● Food processing |
| | ● Biotechnology and Nanotechnology |
| | ● Furniture sector |
| | ● Garment sector |

| | |
|---|---|
| 2018 | ● Agro and food processing |
| | ● Garments and textiles |
| | ● Electronics |
| | ● Wood processing |
| | ● Biotechnology and Nanotechnology |
| | ● Mining |
| | ● Petrochemicals |
| | ● Export oriented units |
| | ● Ayurveda, Rubber, Footwear Industry and Gem & Jewellery |
| 2023 | ● Aerospace and Defence |
| | ● Artificial Intelligence, Robotics and Other Breakthrough Technologies |
| | ● Ayurveda |
| | ● Biotechnology & Life Sciences |
| | ● Design |
| | ● Electric Vehicles |
| | ● Electronic System Design & Manufacturing |
| | ● Engineering Research & Development |
| | ● Food Technologies |
| | ● Graphene |
| | ● High Value-Added Rubber Products |
| | ● High-tech Farming and Value-Added |
| | ● Plantation Produce |
| | ● Logistics & Packaging |
| | ● Maritime Sector |
| | ● Medical Equipments |
| | ● Nano Technology |
| | ● Pharmaceuticals |
| | ● Recycling & Waste Management |
| | ● Renewable Energy |
| | ● Retail Sector |
| | ● Tourism & Hospitality |
| | ● 3D Printing |

*Source: Extracted from Kerala Industrial Policies*


ISSN: 2582 - 2594

**Table 6 Electronics Systems Design and Manufacturing Sector**

| Year | ESDM |
|---|---|
| 2015 | ● 20% capital subsidy for new manufacturing units in ESDM sector. |
| | ● Deductions in VAT for ESDM units for five years. |
| | ● Electronics incubator will be set up in the state for undertaking R&D in the electronics sector. |
| 2018 | ● Electronics Hardware Park will be set up at Amballur Ernakulam. |
| | ● Initiating Electronics Incubator at Infopark Cochin. |
| | ● Setting up of Defence Park for high end defence/aerospace/ electronics at Palakkad |
| | ● Developing Electronic manufacturing cluster at Kakanad |
| 2023 | ● Foreign collaboration of KELTRON for upgrading the production capacity. Expo of electronic items will be conducted in connection with this. |
| | ● Setting up of Centre of Excellence by government, public sector undertakings and private companies in the electronics sector are promoted on a large scale. |
| | ● Focus is on establishment of R&D ecosystem for creation of intellectual property. |

*Source: Extracted from Kerala Industrial Policies*

**Table 7 NRI Investment**

| Year | NRI Investment |
|---|---|
| 2015 | ● Thrust is given on channelizing NRI investment to the developmental projects in the state. |
| 2018 | ● Provision of training and rehabilitation for NRIs/ NRKs who are coming back to home and inculcating entrepreneurial capacity among them for venture initiation. |
| | ● Reserving 5% of area of industrial estates to NRIs for running their units. |
| 2023 | ● NRI investors will be encouraged to start joint ventures with government. |
| | ● Initiatives will be taken to connect Malayali diaspora and to bring global talent to the state. |

*Source: Extracted from Kerala Industrial Policies*

**Table 8 Traditional Industries**

| Year | Traditional Industries |
|---|---|
| 2015 | ● Government will introduce innovative programmes for promoting Khadi and Village industries and also "Integrated Handloom Village" will be initiated for the collective progress of handloom weavers. |
| | ● Government to incorporate advanced technologies for handicrafts products and skill development. |
| | ● The Kerala State Bamboo Corporation Ltd. to take rigorous efforts for the promotion of industries in this sector and to encourage research and developmental activities in connection with bamboo and related products. |
| | ● Kerala Cashew Development Corporation (CDC) and CAPEX to promote value added products in cashew and to earn better foreign exchange earnings. |
| 2018 | ● Strengthening of handloom co-operatives, promoting marketing campaigns for handloom products in educational institutions. |
| | ● Rebate for handloom production in Kerala. |
| | ● In order to support the handloom textile industry Indian Institute of Handloom Technology will be upgraded. |
| | ● Handicraft sector will be developed through cluster approach. |
| | ● ASHA scheme to transform the artisans into entrepreneurs. |
| | ● Alternate uses of bamboo will be promoted on a high level. |

*Source: Extracted from Kerala Industrial Policies*

**Other Highlights of Industrial Policy 2023**

- Introduction of the concept of "Industry 4.0" which highlights the automation and use of smart machines in the industrial sector.
- A common platform shall be developed for Bigdata researchers and startups.
- An Investment Facilitation Bureau shall be created to deal with all industrial licenses and clearances.
- Setting up of State Grievance Redressal Committee and District Grievance Redressal Committees by amending the Kerala Industrial Single Window Clearance Boards & Industrial Township Area Development Act, 1999.


ISSN: 2582 - 2594

- K-SWIFT online portal is developed to encourage paperless procedures concerning the industrial applications, registrations, licensing, etc.
- The Invest Kerala Helpdesk 2.0 will be introduced to simplify the investment decision making process and to smoothen investments.
- A database of existing and potential investors will be created for tracking investment activities.
- A single window system will be set up to interact with investors on investment opportunities.
- The focus of priority sector industries of the state has moved to a novel set of sectors based on their relevance in the economy and it comprises of industries such as Aerospace and Defence, Artificial Intelligence, Robotics and Other Breakthrough Technologies, Ayurveda, Biotechnology & Life Sciences, Design, Electric Vehicles, Electronic System Design & Manufacturing, Engineering Research & Development, Food Technologies, Graphene, High Value-Added Rubber Products, High-tech Farming and Value-Added Plantation Produce, Logistics & Packaging, Maritime Sector, Medical Equipment, Nano Technology, Pharmaceuticals, Recycling & Waste Management, Renewable Energy, Retail Sector, Tourism & Hospitality, 3D Printing.

Kerala's industrial policy evolution from 2015 to 2023 reflects a proactive approach toward building a strong and diverse economic environment. Several important themes that highlight the state's dedication to infrastructure development, entrepreneurship promotion, MSME assistance, skill training, and the identification of thrust sectors are revealed through a thorough comparative study spanning three crucial policy iterations. Every policy iteration has been carefully designed to take advantage of new possibilities and solve current issues, guiding Kerala's economy toward sustainable development and international competitiveness.

Kerala's commitment to inclusive economic growth is exemplified by its consistent support for micro, small, and medium-sized enterprises (MSMEs), which includes programs for community development and skill enhancement. In addition, the state's forward-looking methodology in distinguishing key areas like biotechnology, gadgets producing, environmentally friendly power, and aviation adjusts its modern improvement to worldwide mechanical headways. Kerala ensures a skilled workforce that can meet industry demands through institutions like the Kerala Academy for Skill Excellence (KASE) and industry-specific training initiatives. This comprehensive methodology incorporates social consideration,

natural supportability, and financial advancement, situating Kerala as an information driven economy arranged for future difficulties and valuable open doors. Generally, Kerala's modern arrangements expect to accomplish adjusted development while embracing Industry 4.0 standards, utilizing its assets to support advancement and flexibility in the worldwide modern scene.

## Bibliography


- Government of Kerala. Kerala Industrial Policy 2015. Government of Kerala, 2015.
- Government of Kerala. Kerala Industrial Policy 2018. Government of Kerala, 2018.
- Government of Kerala. Kerala Industrial Policy 2023. Government of Kerala, 2023.
- Kerala State Industrial Development Corporation (KSIDC). "Initiatives for MSMEs in Kerala." KSIDC Annual Report, 2023, www.ksidc.org.
- Kerala State Self Entrepreneurship Development Mission (KSSDM). "Entrepreneurship Initiatives in Kerala." KSSDM Annual Report, 2023, www.kssdm.org.
- Kerala Academy for Skill Excellence (KASE). "Skill Development Programs in Kerala." KASE Annual Report, 2023, www.kase.org.
- Kerala Economic Review. Government of Kerala, Finance Department, various years.
- Ministry of Micro, Small and Medium Enterprises. "MSME Policies in India." MSME Annual Report, Government of India, 2023, www.msme.gov.in.
- Planning and Economic Affairs Department. Economic Review of Kerala. Government of Kerala, various years.
- The Federation of Indian Chambers of Commerce & Industry (FICCI). "Industrial Policy Recommendations." FICCI Report, 2023, www.ficci.com.



ISSN: 2582 - 2594

KERALA-ART

# സംഗീതനാടകങ്ങളിലെ ജനകീയത

**ഡോ. ദീപ എസ്.എസ്.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം,
ഗവൺമെന്റ് കോളേജ് നെടുമങ്ങാട്.
E-mail: deepasouparnika@gmail.com

**സംഗ്രഹം**

മലയാള സാഹിത്യത്തിന്റെ പരീക്ഷണാത്മകവും സവിശേഷവുമായ ആവിഷ്കാരമാണ് സംഗീതനാടകങ്ങൾ. ഒരു കാലഘട്ടത്തിന്റെ സാമൂഹിക സാംസ്കാരിക സ്പന്ദനങ്ങളുടെ ചരിത്രം വിസ്മൃതിയിലാവാതെ പിടിച്ചുനിർത്തിയത് സംഗീതനാടകങ്ങളാണ്. പുരോഗമനാത്മകവും ക്രിയാത്മകവുമായ ഒരു സാമൂഹിക പരിസരം അവ സൃഷ്ടിക്കുന്നു. മലയാള നാടകചരിത്രത്തിൽ സംഗീതനാടകങ്ങൾ കലാപരമായ വളർച്ചയ്ക്കും ജനകീയവൽക്കരണത്തിനും വഹിച്ച പങ്ക് നിസ്തർക്കമാണ്. സംഗീതനാടകത്തിന്റെ ചരിത്രം എങ്ങനെയാണ് മലയാള നാടകത്തെ രൂപപ്പെടുത്തുകയും, അതിന്റെ ജനകീയത നമ്മുടെ പുരോഗമന സാമൂഹിക രാഷ്ട്രീയ നാടകങ്ങളിൽ അടയാളപ്പെട്ടിട്ടുള്ളത് എങ്ങനെയെന്ന് പുനർവിചിന്തനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** അടരുകൾ, അടിക്കല്ല്, സ്വത്വരഹിതം, നാടകധാര, സാഹിതീയത, പ്രൊഫഷണലിസം, സംഗീതപരത, ജ്ഞാനരൂപം.

ചരിത്രബോധവും സാമൂഹികാനുഭവങ്ങളും ചേർന്ന് മനുഷ്യനിൽ രൂപപ്പെടുന്ന സവിശേഷമായ സാംസ്കാരികാനുഭവമാണ് സംഗീതനാടകങ്ങൾ പ്രദാനം ചെയ്യുന്നത്. കേരളീയാനുഭവങ്ങളെ ഭാവനാത്മകമായി സംഗീതാത്മകമായി ആവിഷ്കരിക്കുന്നവയാണ് സംഗീതനാടകങ്ങൾ. ഭാഷയും സംസ്കാരജീവിതവും അറിവും നിഷേധിക്കപ്പെട്ട, കേരളത്തിന്റെ പൊതുമണ്ഡലത്തിൽ വേണ്ടത്ര ദൃശ്യപരത ലഭിക്കാത്ത, കീഴാള വർഗ്ഗത്തിന്റെ ജൈവസംസ്കാരത്തെ നാടകസാഹിത്യത്തിലേക്ക് കൂട്ടിക്കൊണ്ടുവന്ന് പ്രതിഷ്ഠിക്കുകയാണ് സംഗീതനാടക രചയിതാക്കൾ ചെയ്തത്. പരിമിതമായ ബോധമണ്ഡലം വൈകാരിക ഘടനയിലും കാഴ്ചപ്പാടിലും ആവിഷ്കരിച്ച് അനശ്വരമാക്കിത്തീർത്തതിൽ നാടക രചയിതാക്കളുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. ഒരദ്ധ്വാനവർഗ്ഗ സമൂഹത്തിന്റെ ആശയാഭിലാഷങ്ങളുടെയും ഭഗ്നപ്രതീക്ഷകളുടെയും പ്രതിനിധീകരണം നാടക സാഹിത്യത്തിന്റെ ഒരന്തർധാരയായി കാണാൻ കഴിയും. കാലം

മാറുന്നതനുസരിച്ച് നാടകസങ്കല്പങ്ങളിൽ രൂപപരവും ആസ്വാദനപരവുമായ മാറ്റങ്ങൾ ഉണ്ടാകുന്നു. നവോത്ഥാനത്തിന്റെ ഫലമായി ഉയർന്നുവന്നിട്ടുള്ള നവലോകക്രമവും ജീവിതസങ്കല്പങ്ങളും, നിലനിന്നിരുന്ന ആദ്യകാല സംഗീതനാടകങ്ങളുടെ അഭിരുചികളെയും സങ്കല്പങ്ങളെയും സൗന്ദര്യബോധത്തെയും തിരുത്തുകയും നവീകരിക്കുകയും ചെയ്തതിന്റെ അടയാളങ്ങൾ സംഗീതനാടകങ്ങളിൽ ഉടനീളം കാണാം.

ജനങ്ങളെ സംബന്ധിച്ചതാണ് ജനകീയത (ശബ്ദതാരാവലി - ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ള). ജനസമൂഹത്തിന്റെ പ്രതീക്ഷകളും ആഗ്രഹങ്ങളും അനുഭവലോകങ്ങളും സാഹിത്യകൃതികളിൽ ആവിഷ്കരിക്കുമ്പോഴാണ് ജനകീയസാഹിത്യം ഉടലെടുക്കുന്നത്. വാക്കുകളിലൂടെയും ശബ്ദങ്ങളിലൂടെയും സമകാല സംസ്കാരനിരീക്ഷണങ്ങളിലൂടെയും ആത്യന്തികമായി സമന്വയിച്ചെത്തുന്ന സാഹിത്യത്തിന്റെ ബഹുതലത്തിലുള്ള പ്രചാരണം വഴി ജനകീയത സംഭവിക്കുന്നു. ജനകീയതയെ പ്രത്യയശാസ്ത്രപരമായല്ല മനസ്സിലാക്കേണ്ടത്, ജനപ്രിയതയിലൂടെ മനസ്സിലാക്കണം. അത് വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമാണ്. പച്ചയായ ജീവിതാനുഭവങ്ങളെ ഭാഷയിലൂടെ സംവേദനം ചെയ്യുമ്പോഴാണ് ജനകീയമാകുന്നത്. കണ്ടും കേട്ടും ആസ്വദിച്ചും എളുപ്പത്തിൽ ഹൃദിസ്ഥമാക്കാം എന്നതായിരുന്നു ജനകീയതയുടെ ഒരു വിജയരഹസ്യം. സംഗീതനാടകങ്ങൾ അത്തരത്തിൽ പ്രചുരപ്രചാരങ്ങളായവയാണ്.

ദേശങ്ങൾക്കതീതമായി മനുഷ്യാനുഭവങ്ങളുടെ എല്ലാ അടരുകളെയും അധികാരം, രാഷ്ട്രീയം, സംസ്കാരം എന്നിവയുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതാണ് സംഗീതനാടകങ്ങളുടെ സംവേദന പരിസരം.

കേരളീയ നാടോടിക്കലകളിൽ നിന്ന് സ്വാംശീകരിച്ചെടുത്ത അഭിനയപ്രധാനമായ ഒരു പാരമ്പര്യത്തിൽ നിന്നല്ല മറിച്ച്, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും തമിഴ് സംഗീത നാടകസംസ്കാരത്തിന്റെയും സ്വാധീനവും സമന്വയവുമാണ് ആദ്യകാല മലയാള നാടകങ്ങളിലുള്ളത്. കല്ലൂർ ഉമ്മൻ ഫിലിപ്പോസ് ഷെയ്ക്സ്പിയർ കൃതിയിൽനിന്ന് പരിഭാഷപ്പെടുത്തിയ ആൾമാറാട്ടമാണ് (കോമഡി ഓഫ് എറേഴ്സ്) മലയാളത്തിലെ ആദ്യനാടക കൃതിയെന്ന് കരുതപ്പെടുന്നു. മലയാള നാടകരചനകൾക്കു തുടക്കംകുറിച്ചത് ഇതിൽനിന്നാണ്. കേരളവർമ്മവലിയകോയിത്തമ്പുരാന്റെ അഭിജ്ഞാന ശാകുന്തളം വിവർത്തനത്തെ രണ്ടാമത്തേതായും കണക്കാക്കുന്നു. എന്നാൽ 1882ൽ പ്രകാശിതമായ ശാകുന്തളവിവർത്തനത്തിനു മുമ്പ് കേരളത്തിൽ നാടകം എന്നപേരിൽ അറിയപ്പെട്ടിരുന്നത് തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ വന്ന് അവതരിപ്പിച്ചിരുന്ന സംഗീതനാടകങ്ങളായിരുന്നു.

തമിഴ് സംഗീതനാടകങ്ങൾ മലയാളനാടകവേദി കയ്യടക്കിവാണിരുന്ന കാലത്ത് മലയാളസ്വത്വമുള്ള സംഗീതനാടകങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരായ നാടകപ്രേമികൾ അതിനുള്ള ശ്രമം ആരംഭിച്ചതിന്റെ ഫലമായാണ് മലയാളത്തിൽ സംഗീതനാടകങ്ങൾ ഉണ്ടാകുന്നത്. അതിനുള്ള പരിശ്രമത്തിന്റെ ഭാഗമായി ആദ്യകാലത്ത് തമിഴ് മലയാള സങ്കര നാടകങ്ങൾ ഉണ്ടാവുകയും പിന്നീട് മലയാള സംഗീതനാടകങ്ങൾ രൂപപ്പെടുകയുമാണ് ചെയ്തതെന്ന് കാണാം. ഇതോടെയാണ് മലയാള സംഗീതനാടകവേദിക്ക് തുടക്കം കുറിക്കുന്നത്. സംസ്കൃതനാടകത്തിന്റെയും ഭാഷാനാടകത്തിന്റെയും പ്രചാരകർ സാധാരണ ജനതയെ മാറ്റിനിർത്തിയപ്പോൾ സംഗീതനാടകങ്ങൾ അവരെ ചേർത്തുനിർത്താൻ


ISSN: 2582 - 2594

ഉദ്യമിച്ചു. സാഹിത്യഗുണം നിറഞ്ഞതാണെങ്കിലും ഭാഷാ സംസ്കൃത നാടകങ്ങൾ പതിയെ പുറന്തള്ളപ്പെടുകയും എല്ലാ വിഭാഗക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സംഗീതനാടകങ്ങൾ വിജയിക്കുകയും ചെയ്തു. തമിഴ്നാടകങ്ങളെ വളരെ യാന്ത്രികമായി അവതരിപ്പിക്കാനുള്ള മലയാളികളുടെ ആദ്യകാലശ്രമങ്ങൾ പരാജയപ്പെടുകയാണ് ഉണ്ടായത്. മാത്രമല്ല തമിഴ്നാടകങ്ങളിലെ സംഗീതത്തെ അനുകരിച്ചുകൊണ്ട് മലയാള നാടകങ്ങളിൽ പാട്ടിന് അധികമായ പ്രാധാന്യം നൽകാൻ ശ്രമിച്ചത് മലയാളികളായ കാണികൾക്ക് ഉൾക്കൊള്ളാൻ സാധിച്ചിരുന്നില്ല. തമിഴ് സംഗീതനാടകങ്ങളിൽ സ്ത്രീകളുടെ വേഷം സ്ത്രീകൾ തന്നെയാണ് അഭിനയിച്ചിരുന്നത്. എന്നാൽ പുരുഷന്മാരെ കൊണ്ട് സ്ത്രീകഥാപാത്രങ്ങൾ അഭിനയിപ്പിക്കുന്ന രീതി മലയാളത്തിൽ സ്വീകരിച്ചപ്പോൾ അത് ജനങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിച്ചില്ല. ക്രമേണ മലയാള സംഗീതനാടകവേദികൾ തമിഴ്നാടകങ്ങളെ ഉപേക്ഷിക്കുകയാണ് ഉണ്ടായത്. അതുവഴി അവർക്ക് കനത്ത സാമ്പത്തിക നഷ്ടവും നേരിടേണ്ടതായി വന്നു.

ഇതിനെ അതിജീവിക്കുന്നതിനായി തമിഴ് സംഗീതനാടകങ്ങളെ അനുകരിച്ചുകൊണ്ടും വിവർത്തനം ചെയ്തുകൊണ്ടും മലയാള സംഗീതനാടകങ്ങൾ ഉണ്ടാവുകയും ചെയ്തു. അവയെല്ലാം ലാഭേച്ഛകളില്ലാതെ വിനോദം മാത്രം ലക്ഷ്യമാക്കി ഉണ്ടായതാണ്. തമിഴിലെ 'ഹരിശ്ചന്ദ്രനാടകം' ഇത്തരത്തിൽ മലയാളീകരിച്ച് അഭിനയിച്ചിരുന്നതായി കാണാം. ഇത്തരം നാടകങ്ങൾ വിജയിക്കാതെ പോയത് പൂർണ്ണമായും തമിഴ്നാടകങ്ങൾക്ക് വിധേയമായ ഇതിവൃത്തവും പ്രേക്ഷകരുടെ അഭിരുചിക്കിണങ്ങാത്ത അവതരണവും ആയതുകൊണ്ടാണ്. സ്വത്വരഹിതമായിരുന്നു അവയെല്ലാം എന്ന് സ്പഷ്ടം. എന്നിരുന്നാലും മലയാളത്തിൽ സംഗീത നാടകവേദിയുടെ അടിക്കല്ല് പാകിയത് ഇവർ തന്നെയാണ്. ഭാഷാ സംഗീത നാടകധാരയെയും തമിഴ് സംഗീത നാടകധാരയും സമന്വയിപ്പിച്ചുകൊണ്ടുള്ള രീതിയാണ് അവർ സ്വീകരിച്ചത്.

1892 മലയാളത്തിലുണ്ടായ മൂന്ന് സംഗീത നാടകങ്ങളാണ് സംഗീത നാടക ചരിത്രത്തിൽ ഏറ്റവും പ്രഥമഗണനീയമായി പരിഗണിക്കപ്പെടുന്നത്. ടി സി അച്യുതമേനോന്റെ 'സംഗീത നൈഷധം', എരുവയിൽ ചക്രപാണിവാര്യരുടെ 'ഹരിശ്ചന്ദ്രചരിതം', ആൻഡ്രൂസിന്റെ 'ഇസ്താക്കിചരിതം' എന്നീ നാടങ്ങളിലൂടെയാണ് മലയാള സംഗീതനാടക പ്രസ്ഥാനം ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന് നിസ്സംശയം പറയാനാകും. സംഗീത നൈഷധവും ഹരിശ്ചന്ദ്രചരിത്രവും ഹൈന്ദവ ഇതിവൃത്തമുൾക്കൊള്ളുന്നതും ഇസ്താക്കിചരിതം ക്രൈസ്തവ ഇതിവൃത്തം സ്വീകരിച്ചതുമാണ്. എന്നാൽ അച്യുതമേനോന്റെയും ചക്രപാണി വാരിയരുടെയും നാടകങ്ങളിലെ സംസ്കൃതപക്ഷപാതം ആൻഡ്രൂസിന്റെ ഇസ്താക്കിചരിതത്തിലോ മറ്റു നാടകങ്ങളിലോ പ്രകടനമല്ല എന്നുള്ളത് ശ്രദ്ധേയമാണ്. സംസ്കൃതനാടക മാമൂലുകളിൽനിന്നും വ്യത്യസ്തമായ ഒരു രീതി അവലംബിച്ച മലയാള നാടകങ്ങൾ എഴുതുകയും അഭ്യസിപ്പിക്കുകയും ചെയ്ത ആദ്യ വ്യക്തി വി.എസ്. ആൻഡ്രൂസാണെന്ന് 'മലയാളസംഗീതനാടകചരിത്ര'ത്തിൽ ഡോ കെ. ശ്രീകുമാർ പറയുന്നു.

സംഗീത നൈഷധം, ഹരിശ്ചന്ദ്രചരിതം, ഇസ്താക്കി ചരിതം എന്നിവയുടെ ധാരാളം അനുകരണങ്ങളും അവതരണങ്ങളുമാണ് 1903 ൽ കെ സി കേശവപിള്ള 'സദാരാമ' രചിക്കുന്നത് വരെ പ്രചാരത്തിലുണ്ടായിരുന്നത്. മലയാളത്തിലെ ആദ്യത്തെ സംഗീതനാടകമെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള 'സദാരാമ' സംഗീതനാടകങ്ങൾക്ക് കൂടുതൽ സത്തയേകിയെന്നതാണ്

സത്യം. മലയാള നാടക ചരിത്രത്തിൽ സംഗീതനാടകങ്ങൾക്ക് പ്രസക്തിയുണ്ടായത് സദാരാമയോടെയാണെന്ന് മനസ്സിലാക്കാം.

തമിഴരുടെ 'സദാറം' നാടകത്തെ പുനസൃഷ്ടിച്ചുകൊണ്ടാണ് കെ സി കേശവപിള്ള 'സദാരാമ' രചിക്കുന്നത്. അതോടുകൂടി മലയാളികൾക്കിടയിൽ തമിഴ് നാടകങ്ങളുടെ പ്രസക്തി ഇല്ലാതാവുകയും മലയാള സംഗീതനാടകങ്ങൾ വേദി കൈയ്യടക്കുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പാർസി മറാഠി നാടകങ്ങൾ വഴി തമിഴ് നാടകങ്ങളിലൂടെ മലയാള സംഗീതനാടകക്കാർ സ്വാംശീകരിച്ച നാടകതന്ത്രങ്ങൾ പ്രയോഗിച്ച് ആസ്വാദക ഹൃദയങ്ങളിൽ ഇടം നേടുന്ന കാഴ്ച കണ്ടാണ് തമിഴ് നാടകക്കാർ പിൻവാങ്ങുന്നത്.

പിന്നീട് തമിഴ് പാർസി സ്വാധീനം മലയാള സംഗീതനാടകങ്ങളിൽ കുറഞ്ഞുവരികയും അവ സംസ്കൃതപ്രഭാവമുള്ളതാവുകയും ചെയ്തപ്പോഴും സംഗീതനാടകങ്ങൾ നിറഞ്ഞുനിൽക്കുന്ന നാടകചരിത്രമാണ് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കാണാനാകുന്നത്. ഇതിനുശേഷം ധാരാളം അനുകരണങ്ങളുണ്ടായി. ഇവ സാഹിത്യപരമായോ സംഗീതപരമായോ യാതൊരു നിലവാരവും പുലർത്തിയിരുന്നില്ല. ഏറെ വളർച്ച പ്രാപിച്ച മലയാള സംഗീതനാടകങ്ങൾക്ക് കോട്ടം തട്ടുന്നതായിരുന്നു അനുകരണ കൃതികളുടെ പ്രചാരത്തിലൂടെ സംഭവിച്ചത്. ഈ ദുരവസ്ഥ പരിഹരിക്കപ്പെടുന്നത് സ്വാമി ബ്രഹ്മവ്രതന്റെ 'കരുണ' നാടകം 1930 ൽ അരങ്ങിലെത്തുന്നതോടെയാണ്. സാഹിതീയതകൊണ്ടും സാമൂഹികതകൊണ്ടും സമ്പുഷ്ടമായ ഒരു സംഗീതനാടകമായിരുന്ന 'കരുണ' എന്നതിനാൽ മലയാള സംഗീതനാടക ചരിത്രത്തിൽ ഈ നാടകം സവിശേഷമായ സ്ഥാനം അർഹിക്കുന്നതായി കാണാം.

1886 മുതൽ 1930 വരെയുള്ള കാലത്ത് ഇരുന്നൂറോളം നാടകങ്ങൾ രചിക്കപ്പെട്ടു. 'കരുണ'യുടെ സ്വാധീനംകൊണ്ട് സംഗീതനാടകവേദിയിൽ പുതിയ ചലനങ്ങളുണ്ടായി. പ്രഗല്ഭരായ കലാകാരന്മാരുടെ നേതൃത്വത്തിൽ പുതിയ നാടകാവതരണങ്ങളുണ്ടായി. അഞ്ചൽ രാമകൃഷ്ണപിള്ളയുടെ ബ്രഹ്മവിലാസം സംഗീതനടനസഭ, പി.ജെ. ചെറിയാന്റെ റോയൽ ഡ്രമാറ്റിക് കമ്പനി, പൊടക്കനയത്ത് വേലുപ്പിള്ളയുടെ ഓച്ചിറ പരബ്രഹ്മോദയ സംഗീത നടനസഭ കടയ്ക്കാവൂർ കുഞ്ഞുകൃഷ്ണപണിക്കരുടെ ശ്രീ സഹൃദയാനന്ദിനി നടനസഭ [S.S.നടനസഭ] തുടങ്ങിയ നാടകക്കമ്പനികൾ ഇക്കാലത്ത് രൂപംകൊണ്ടവയാണ്. മലയാളനാടകരംഗത്ത് ചിട്ടയുള്ള പ്രൊഫഷണലിസത്തിന് തുടക്കം കുറിച്ചത് കടയ്ക്കാവൂർ കുഞ്ഞുകൃഷ്ണപണിക്കരാണ്. അഞ്ചുകളി കഴിഞ്ഞാൽ ആറാംകളി സമിതിക്കെന്ന രീതി നടപ്പിലാക്കിയതും നടീനടന്മാർക്ക് അഡ്വാൻസ് നൽകി ഒരു വർഷത്തേക്ക് കരാറുറപ്പിക്കുകയും കരാറുതുക ഓരോ കളിയിൽനിന്നും ക്രമാനുഗതമായ് തിരികെപ്പിടിക്കുകയെന്ന സമ്പ്രദായവുമൊക്കെ നടപ്പിലാക്കിയതും ഇദ്ദേഹമാണ്. ഓച്ചിറ വേലുക്കുട്ടി, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, തേവലക്കര കുഞ്ഞൻപിള്ള, തിരുവമ്പാടി പാച്ചുപിള്ള, പാൽക്കുളങ്ങര കൃഷ്ണൻകുട്ടി നായർ, ആർ.പി. കേശവപിള്ള തുടങ്ങിയ നടന്മാർ പേരെടുത്തതും ഈ കാലയളവിലാണ്.

'അനുകരണങ്ങളുടെ കുത്തൊഴുക്കിനുശേഷം വിദ്വാൻ പി കേളു നായർ, മഹാകവി കുട്ടമത്ത് എന്നിവരുടെ സംഗീതനാടകങ്ങൾ വിലപ്പെട്ട സംഭാവനകളായിരുന്നു. 'പാദുക പട്ടാഭിഷേകം', 'ലങ്കാദഹനം', 'പാക്കനാർ ചരിതം', 'ലീല ', 'കബീർദാസ് ചരിതം ' എന്നീ നാടകങ്ങൾ കേളു നായരും 'ബാലഗോപാലൻ', 'നചികേതസ്സ് ', 'ഹരിശ്ചന്ദ്രൻ' എന്നിവ കുട്ടമത്തും രചിച്ചത്

 ISSN: 2582 - 2594

ഇക്കാലത്താണ്. വി എസ് ആൻഡ്രൂസും പി എസ് വാര്യരും മലയാള സംഗീതനാടക വേദിയെ പുഷ്ടിപ്പെടുത്തിയപ്പോൾ സാമൂഹിക പ്രസക്തിയുള്ള സംഗീതനാടകങ്ങളുമായി പണ്ഡിറ്റ് കെ പി കറുപ്പൻ നാടകചരിത്രത്തിൽ ഇടം പിടിക്കുകയായിരുന്നു.

മലയാള സംഗീതനാടകങ്ങളുടെ കാലം കണക്കാക്കുമ്പോൾ ഏകദേശം അമ്പതോളം വർഷങ്ങൾ നാടകചരിത്രത്തിൽ അതിന്റെ പ്രഭാവം കാണാം. ഇ കെ കുഞ്ഞിരാമൻ, കോടിയേരിയുടെ സ്യമന്തകം എന്നിങ്ങനെയുള്ള ആധുനിക സംഗീതനാടകങ്ങൾക്കു ശേഷം അനുകരണം മൂലം സവിശേഷ ശ്രദ്ധ പിടിച്ചുപറ്റാവുന്ന സംഗീതനാടകങ്ങൾ വിരളമാകുന്നതാണ് കാണാനാകുന്നത്.

അരനൂറ്റാണ്ടോളം കാലം മലയാള സാഹിത്യത്തിൽ നിറസാന്നിധ്യമായിരുന്ന സംഗീതനാടകങ്ങൾ മലയാള നാടകങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും ഭാഗമായിട്ടുണ്ട്. സംഗീതനാടകങ്ങളുടെ പ്രഭാവത്തിനുശേഷം അരങ്ങിലെ നിറസാന്നിധ്യമായിരുന്ന തോപ്പിൽ ഭാസിയുടെ നാടകങ്ങളിൽ സംഗീതനാടകങ്ങളുടെ സ്വാധീനം പ്രകടമാകുന്നത് ഇതിന് ദൃഷ്ടാന്തമാണ് എന്ന് നിസ്സംശയം പറയാം.

വൈദേശികമായ തായ്‌വേരിൽ വളർന്നെങ്കിലും നാടകകലയെ ജനകീയമാക്കുന്നതിൽ സംഗീതനാടകങ്ങൾ വലിയ പങ്കു വഹിച്ചു. ഒരു മുഴുവൻ സമൂഹത്തിന്റെയും നെഞ്ചിടിപ്പ് ഏറ്റുവാങ്ങി അരങ്ങുകളിൽ നിന്ന് അരങ്ങുകളിലേക്ക് ജൈത്രയാത്ര നടത്തിയ ഒരു സംഘം കലാകാരന്മാർ തങ്ങളുടെ ജീവിതം തന്നെയാണ് ഇതിനായി ഉഴിഞ്ഞുവെച്ചത്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായും സ്വാതന്ത്ര്യസമരത്തിന് പ്രോത്സാഹനമായും സംഗീതനാടകങ്ങൾ അരങ്ങിൽ എത്തി (ആമുഖം, മലയാളസംഗീത നാടക ചരിത്രം, പുറം: 17). സംഗീതം, ശാസ്ത്രം, തത്വചിന്ത, മതം, രാഷ്ട്രീയം തുടങ്ങി മനുഷ്യസംസ്കാരത്തിന്റെ വൈവിധ്യമാർന്ന മേഖലകളെ അടയാളപ്പെടുത്തുന്ന എല്ലാ ജ്ഞാനരൂപങ്ങളും സംഗീതനാടകങ്ങളുടെ ആന്തരിക ഘടനയിൽ അന്തർലീനമായിട്ടുണ്ട്. നാടകാഖ്യാനത്തിലെ പുതുമകൊണ്ടും വ്യത്യസ്തമായ നാടകാനുഭവം നൽകുന്ന നാടകങ്ങളാണ് മലയാളത്തിലെ സംഗീത നാടകങ്ങൾ.

## സഹായക ഗ്രന്ഥങ്ങൾ


1. ശ്രീകുമാർ കെ. ഡോ, മലയാള സംഗീത നാടക ചരിത്രം, പൂർണ്ണ പബ്ലിക്കേഷൻസ്, 2004.
2. രാഘവൻപിള്ള എ. ഡി, (എഡിറ്റർ) കേരള ഫോക്‌ലോർ, സമയം പബ്ലിക്കേഷൻസ്, 2012.
3. പദ്മനാഭപിള്ള ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണ സംഘം & നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 2010.
4. പരമേശ്വരൻ പിള്ള എരുമേലി, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, 2003
5. ജോർജ് കെ.എം. ഡോ., (എഡിറ്റർ) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1958

KERALA-ART

# പോസ്റ്റ് ഹ്യൂമൻ ഭാവന: കലാവിഷ്കാര സാധ്യതകളും സമീപനങ്ങളും

## (കൊച്ചി മുസരിസ് ബിനാലെ 2023 മാതൃകകൾ അടിസ്ഥാനമാക്കിയുള്ള വിശകലനം)

**നിവ്യ യു.സി.**
ഗവേഷക, മലയാളവിഭാഗം
SNGS കോളേജ്, പട്ടാമ്പി
E-mail: ucnivya@gmail.com

**സംഗ്രഹം**

സമീപകാലത്ത് ചർച്ചചെയ്യപ്പെട്ട പ്രധാന തത്ത്വചിന്താപദ്ധതികളിൽ ഒന്നാണ് പോസ്റ്റ് ഹ്യൂമനിസം. മനുഷ്യകേന്ദ്രിതമായി വികസിപ്പിക്കപ്പെട്ട എല്ലാ വ്യവസ്ഥകളെയും, വ്യവഹാരരൂപങ്ങളെയും പോസ്റ്റ് ഹ്യൂമനിസം വിമർശനാത്മകമായി പരിശോധിക്കുന്നു. സമകാലീന കലയുടെ അന്താരാഷ്ട്ര പ്രദർശനമായ കൊച്ചി-മുസരിസ് ബിനാലെ രാജ്യത്തെ ഏറ്റവും വലിയ കലാപ്രദർശനവും കലാവേദിയുമാണ്. ബിനാലെയിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള കലാകാരന്മാരുടെ ഇൻസ്റ്റലേഷനുകൾ, പെയിന്റിങ്, ശില്പങ്ങൾ, പ്രകടനകല തുടങ്ങിയവ പ്രദർശിപ്പിക്കപ്പെടുന്നു. 2022-23ൽ സംഘടിപ്പിക്കപ്പെട്ട കൊച്ചി-മുസരിസ് ബിനാലെ അടിസ്ഥാനമാക്കി പോസ്റ്റ് ഹ്യൂമൻ കലാവിഷ്കാര സാധ്യതകളും സമീപനങ്ങളും പരിശോധിക്കുകയാണ് പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:** പോസ്റ്റ് ഹ്യൂമനിസം, നിർമ്മിത ബുദ്ധി / ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആന്ത്രോപോസീൻ, വിചാരമാതൃകാ വ്യതിയാനം /Paradine shift, മാനവികത, കർത്തൃത്വം, ട്രാൻസ് ഹ്യൂമനിസം, സൈബോർഗ്, സൈബോർഗൈസേഷൻ, റിലേഷൻ ഏസ്തെറ്റിക്സ്

**ആമുഖം**

സമകാലീന കലയുടെ അന്താരാഷ്ട്ര പ്രദർശനമായ കൊച്ചി-മുസരിസ് ബിനാലെ രാജ്യത്തെ ഏറ്റവും വലിയ കലാപ്രദർശനവും കലാവേദിയുമാണ്. 2012 മുതൽ രണ്ടു വർഷത്തിൽ ഒരിക്കൽ എന്ന രീതിയിൽ സംഘടിപ്പിക്കപ്പെടുന്ന കൊച്ചി-മുസരിസ് ബിനാലെയിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള കലാകാരന്മാരുടെ ഇൻസ്റ്റലേഷനുകൾ, പെയിന്റിങ്, ശില്പങ്ങൾ, പ്രകടന

 ISSN: 2582 - 2594

കല തുടങ്ങിയവ പ്രദർശിപ്പിക്കപ്പെടുന്നു. 2022-23ൽ സംഘടിപ്പിക്കപ്പെട്ട കൊച്ചി-മുസരിസ് ബിനാലെ അടിസ്ഥാനമാക്കി പോസ്റ്റ് ഹ്യൂമൻ കലാവിഷ്കാര സാധ്യതകളും സമീപനങ്ങളും പരിശോധിക്കുവാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്. "നമ്മുടെ സിരകളിൽ ഒഴുകുന്ന മഷിയും തീയും" എന്നതായിരുന്നു ഇത്തവണത്തെ ക്യൂറേറ്റോറിയൽ ആശയം. അതിനെക്കുറിച്ച് കൊച്ചി ബിനാലെ ഡയറക്ടറായിരുന്ന ബോസ് കൃഷ്ണമാചാരി ഇങ്ങനെ വിവരിക്കുന്നു, "ഇത്തവണത്തെ ക്യൂറേറ്റോറിയൽ ആശയം ഉരുത്തിരിയുന്നതുതന്നെ മാനവ ചരിത്രത്തെക്കുറിച്ചുള്ള ദീർഘമായ മനനങ്ങളിലൂടെയാണ്. കോവിഡ് മഹാമാരിയുടെ അന്തരീക്ഷത്തിൽ 2020ൽ നടക്കേണ്ടിയിരുന്ന ബിനാലെ മാറ്റിവയ്ക്കപ്പെടുകയായിരുന്നു. ഓരോ കാലഘട്ടവും അക്കാലങ്ങളിൽ ഉരുത്തിരിയുന്ന കലാസൃഷ്ടികളെ സ്വഭാവികമായി സ്വാധീനിക്കുന്നു. മഹാമാരിയുടെയും അൽഗോരിതത്തിന്റെയും നിർമ്മിത ബുദ്ധിയുടെയും പാരിസ്ഥിതിക മാറ്റങ്ങളുടെയും ഒക്കെയായ പോസ്റ്റ് ഹ്യൂമൻ യുഗത്തിന്റെ സാധ്യതകളും സമീപനങ്ങളും ബിനാലെ കലാവിഷ്കാരങ്ങളിൽ പ്രകടമായതും ഇതിന്റെ ഭാഗമായി കണക്കാക്കാം.

സമീപകാലത്ത് ശക്തിപ്പെട്ടുവന്ന പുതിയൊരു തത്ത്വചിന്താപദ്ധതിയാണ് പോസ്റ്റ് ഹ്യൂമനിസം. മനുഷ്യകേന്ദ്രിതമായി വികസിപ്പിക്കപ്പെട്ട എല്ലാ വ്യവസ്ഥകളെയും, വ്യവഹാര രൂപങ്ങളെയും പോസ്റ്റ് ഹ്യൂമനിസം വിമർശനാത്മകമായി പരിശോധിക്കുന്നു. മനുഷ്യ കർത്തൃത്വത്തെ തന്നെ അത് ചോദ്യം ചെയ്യുന്നു. പ്രപഞ്ചത്തിന്റെ കേന്ദ്രം മനുഷ്യനാണെന്ന സങ്കല്പത്തിൽ നിന്ന് വിടുതൽ പ്രഖ്യാപിക്കുന്നു. മനുഷ്യൻ താൻ ആരാണെന്ന് സ്വയം വിചിന്തനം ചെയ്തു തുടങ്ങുന്നു. പ്രപഞ്ചം മനുഷ്യനു പുറത്തുനിൽക്കുന്ന ഒന്നല്ല, നമ്മളും പ്രപഞ്ചത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് നിർമ്മിക്കപ്പെടുന്നു. 'ചിന്തിക്കുന്ന മനുഷ്യനാ'യിരുന്നു മാനവികതയുടെ കേന്ദ്രം. എന്നാൽ പോസ്റ്റ് ഹ്യൂമനിസ്റ്റ് കാഴ്ച്ചപ്പാടിൽ ഭൂമിയിലെ ജീവിയവും അജീവിയവുമായ പല ഘടകങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യൻ. മനുഷ്യ കേന്ദ്രിത ചിന്താപദ്ധതിയായ ആന്ത്രോപോസീൻ നെ പോസ്റ്റ് ഹ്യൂമനിസം തിരസ്കരിക്കുന്നു. മനുഷ്യനും യന്ത്രവും ചേർന്ന 'സൈബോർഗ്യൻ'സങ്കല്പവും മനുഷ്യന്റെ ചിന്താശേഷിയെ പോലും മറികടക്കുന്ന 'നിർമ്മിത ബുദ്ധി' എന്ന സങ്കല്പവും കടന്നുവരുന്നു. ഈയൊരു ഘട്ടത്തിൽ മനുഷ്യന്റെ മാത്രം കഴിവായി പരിഗണിക്കപ്പെട്ടിരുന്ന കലാവിഷ്കാരങ്ങളെ പോസ്റ്റ് ഹ്യൂമൻ ചിന്താപദ്ധതി ഉപയോഗിച്ച് വിശകലനം ചെയ്യാനുള്ള ശ്രമമാണിവിടെ നടത്തുന്നത്.

ഡോ. കവിതാ ബാലകൃഷ്ണൻ 'വായനാ മനുഷ്യന്റെ കലാചരിത്രം' എന്ന ഗ്രന്ഥത്തിൽ വായനാ മനുഷ്യനെ വിവരിക്കുന്നത് ഇപ്രകാരമാണ്, "താൻ വായനക്കാരനാണ് (reader), അർത്ഥോല്പാദകനാണ്, കാഴ്ചപ്പാടുകൾ സ്വരൂപിക്കുന്നയാളാണ് (Generator of meanings and perspectives) എന്നത് അടിസ്ഥാനപരമായ ജീവിതത്തവബോധമായി സ്വീകരിച്ച് ഭാവനയുടെ ഏത് ആധുനിക മണ്ഡലത്തിലും സ്വന്തം ഇടപെടൽ പരീക്ഷിക്കുന്ന വ്യാഖ്യാനജീവിതമാണ് (Interpretative imaginative being) വായനാമനുഷ്യന്റേത് ". വായനാ മനുഷ്യന് സമാനമായി കൊച്ചി-മുസരിസ് ബിനാലെ കലാവിഷ്കാരങ്ങളിൽ നിന്ന് പോസ്റ്റ് ഹ്യൂമൻ മാതൃകകളും അവയുടെ അർത്ഥതലങ്ങളും അവയിലാവിഷ്കരിക്കപ്പെട്ട കാഴ്ചപ്പാടുകളും കണ്ടെടുക്കാനുള്ള ശ്രമമാണ് പ്രബന്ധത്തിൽ നടത്തുന്നത്.

## 2. മാനവാനന്തര കാലത്തെ നവ മാധ്യമകലയും സൗന്ദര്യശാസ്ത്രവും

വ്യക്തിയുടെയോ കൂട്ടത്തിന്റെയോ ആവിഷ്കാരമാണ് കല എന്നത് പ്രാചീന കാലം മുതൽ പ്രചാരത്തിലുള്ള ധാരണയാണ്. സാമൂഹികമായും രാഷ്ട്രീയമായും ഉത്തരവാദിത്തമുള്ള പ്രക്രിയ എന്നും ഇത് നിർവ്വചിക്കപ്പെടുന്നു. എന്നാൽ യുക്തിചിന്തയ്ക്ക് പുറത്തുള്ള ഒന്നായാണ് പലപ്പോഴും കലാചിന്തകൾ വിലയിരുത്തപ്പെടുന്നത്. ആധുനികം, സമകാലികം, തുടങ്ങിയ സങ്കല്പങ്ങളിൽ നിന്നു വ്യത്യസ്തമായി കാലഗണനാ പ്രകാരമുള്ള രേഖീയ കലാചരിത്ര വായനകളെ അപ്രസക്തമാക്കിക്കൊണ്ടാണ് പോസ്റ്റ് ഹ്യൂമൻ സങ്കല്പവും, ആന്ത്രോപോസീൻ ചിന്തകളും പ്രതിഫലിക്കുന്ന കലാവിഷ്ക്കാരങ്ങൾ ഉടലെടുക്കുന്നത്.

മാനവാനന്തര കാലത്തോടെ കലയിലും സൗന്ദര്യശാസ്ത്രത്തിലും ഒരു വിചാരമാതൃകാ വ്യതിയാനം (Paradine Shitt) തന്നെ സംഭവിക്കുന്നതായി കാണാം. ഈ ഘട്ടത്തോടുകൂടെ കലയെ സംബന്ധിച്ചുള്ള മാനവികമായ കാഴ്ച്ചപ്പാടും, നരവംശീകൃതധാരണയും (Anthropocentric) വെല്ലുവിളിക്കപ്പെടുന്നു. പോസ്റ്റ് ഹ്യൂമൻകലയിൽ മനുഷ്യ - മനുഷ്യേതര (human - nonhuman) ഘടകങ്ങൾ ചേർത്തുവെക്കപ്പെടുന്നുണ്ട്. മനുഷ്യ മനുഷ്യേതര ഘടകങ്ങൾ തമ്മിലുള്ള സഹജീവനം, സഹകരണം, സഹവർത്തിത്വം തുടങ്ങിയവയെ യഥാർത്ഥത്തിൽ കല സാധ്യമാക്കുന്നുണ്ട്. പുതിയ കാലത്തെ കലയാവട്ടെ പാരിസ്ഥിതികവും സാങ്കേതികവുമായ പ്രശ്നങ്ങളെയും അഭിസംബോധന ചെയ്തു തുടങ്ങിയിരിക്കുന്നു.

മനുഷ്യകർത്തൃത്വത്തെ പോസ്റ്റ് ഹ്യൂമൻ കല ചോദ്യംചെയ്യുന്നു. മാനുഷികമായ ഇടപെടലുകൾ ഇല്ലാതെ തന്നെ പോസ്റ്റ് ഹ്യൂമൻ യുഗത്തിൽ കല സാധ്യമായി തുടങ്ങിയിരിക്കുന്നു. നിർമ്മാതാവിന്റെ സ്ഥാനത്തോ കാഴ്ച്ചക്കാരന്റെ സ്ഥാനത്തോ മനുഷ്യന്റെ ആവശ്യം ഇല്ലാതായിത്തീരുന്നു. ചിത്രകല, ശിൽപ്പകല തുടങ്ങിയവ മനുഷ്യനൊപ്പം അല്ലെങ്കിൽ മനുഷ്യനെക്കാൾ മികച്ച രീതിയിൽ ചെയ്യാനുള്ള പരിശീലനം യന്ത്രങ്ങൾക്ക് ലഭിച്ചു തുടങ്ങുന്നു. AI, ബയോടെക്നോളജി, ഡിജിറ്റലൈസേഷൻ തുടങ്ങിയവ പുതിയ കാലഘട്ടത്തിലെ കലാപരിവർത്തനത്തെ സ്വാധീനിക്കുന്ന മുഖ്യ ഘടകങ്ങളാണ്.

മനുഷ്യാവസ്ഥകളോട് പ്രതികരിച്ചുകൊണ്ടാണ് ഓരോ കാലത്തും കല നിലനിൽക്കുന്നത്. നാഗരിക മനുഷ്യനെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന പദ്ധതികളിൽ നിന്ന് പോസ്റ്റ് ഹ്യൂമൻകാലഘട്ടത്തിൽ എത്തുമ്പോഴേക്ക് കല വ്യതിചലിച്ചു തുടങ്ങിയിരിക്കുന്നു. "ഇന്റർനാഷണൽ ബിനാലെകളുടെയും മൂലധന കേന്ദ്രിതമായ കലാലോകത്തിന്റെ വ്യവഹാരങ്ങളിലുമെല്ലാം മെട്രോ നാഗരികതയ്ക്ക് എതിരേ നിൽക്കുന്നതും മനുഷ്യേതര ലോകബോധത്തെ അഭിസംബോധന ചെയ്യുന്നതുമായ കലാപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു" (സുധീഷ് കോട്ടേമ്പ്രം: 2021). നിർമ്മിതബുദ്ധി വരെ എത്തിനിൽക്കുന്ന വിവരവിനിമയ വിദ്യയുടെ മുന്നേറ്റം കലാവിഷ്ക്കാരങ്ങളേയും സ്വാധീനിക്കുന്നു. കലയും നൂതന സങ്കേതങ്ങളാൽ നിർണ്ണയിക്കപ്പെടുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു.

ഡോണഹാരവേ, കാതറീൻ ഹെയ്ൽസ്, കരേൻബറാഡ്, കാരി വൂൾഫ് തുടങ്ങിയ ചിന്തകർ ആന്ത്രോപോസീനനന്തര(Postanthropocentric) കലാചിന്തകൾക്കും സൗന്ദര്യ ശാസ്ത്രത്തിനും പ്രാധാന്യം നൽകിയവരാണ്. മനുഷ്യ-മനുഷ്യേതര ജീവജാലങ്ങളും യന്ത്രങ്ങളും co-exist


ISSN: 2582 - 2594

ചെയ്യുകയും co-experience ചെയ്യുകയും co-produce ചെയ്യുകയും ചെയ്യുന്ന ഒരു സാമൂഹിക രാഷ്ട്രീയ അവസ്ഥയെയാണ് അവർ വിഭാവനം ചെയ്തത്. സൈബോർഗൈസേഷൻ അഥവാ മനുഷ്യ - യന്ത്ര പ്രവർത്തനങ്ങൾ വേർതിരിച്ചെടുക്കാൻ പറ്റാത്ത അവസ്ഥ കലയിലും പ്രകടമായിത്തുടങ്ങി. ട്രാൻസ് ഹ്യൂമനിസ്റ്റ് കാഴ്ചപ്പാടുകളും ടെക്നോളജിക്കൽ സൂപ്പർ ഇന്റലിജൻസും പുതുകാല കലാവിഷ്കാരങ്ങളെ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. മനുഷ്യാന്ത്യം കലയുടെ അന്ത്യമാണെന്ന (end of man, end of art) പിൻതള്ളപ്പെട്ടു തുടങ്ങി.

ബോദ്രി ലാർഡ് റിലേഷൻ ഏസ്തെറ്റിക്സ് എന്ന ഒരാശയം അവതരിപ്പിക്കുന്നുണ്ട്. ഇത് ഇന്റർ സബ്ജക്ടീവ് ആയിട്ടുള്ള ഒന്നാണ്. മനുഷ്യന്റെയും മനുഷ്യേതര ജീവികളുടെയും സഹവർത്തിത്വത്തിലൂടെയുള്ള സൗന്ദര്യാത്മകതയെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

ഇലക്ട്രോണിക് ആർട്ട്, റോബോട്ടിക് ആർട്ട്, ജീനോമിക് (genomic) ആർട്ട്, വീഡിയോ ആർട്ട് തുടങ്ങിയ അനേകം സങ്കേതങ്ങളും പോസ്റ്റ് ഹ്യൂമൻ കലാവിഷ്കാരങ്ങളിൽ കടന്നുവരുന്നു. ഡിജിറ്റാലിറ്റി, ഇന്ററാക്ടിവിറ്റി, ഹൈപ്പർ ടെക്സ്റ്റാലിറ്റി, വെർച്വാലിറ്റി, നെറ്റ്‌വർക്ക്, സിമുലേഷൻ എന്നീ സവിഷേതകളുടെ അടിസ്ഥാനത്തിൽ പുതുകാലത്ത് കലയെ വിലയിരുത്തുന്നു. നവ സാങ്കേതികവിദ്യയുടെ യുഗത്തിൽ New media ആർട്ടിനെ 5 തരത്തിൽ വർഗീകരിക്കാവുന്നതാണ്.

- forerunners (മുൻഗാമികൾ)

  കൈനറ്റിക് ആർട്ട് (ചലനാത്മകമായവ), പെർഫോമൻസ്ആർട്ട്, കൺസെപ്ച്വൽ ആർട്ട് തുടങ്ങിയവയെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം

- Media Based (മാധ്യമകേന്ദ്രിതം)

  റോബോട്ടിക് ആർട്ട്, ഹോളോഗ്രാഫിക് ആർട്ട്, ലേസർ ആർട്ട്, വീഡിയോ പ്രോസസ്സിങ് ആർട്ട് തുടങ്ങിയവയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്

- Attributes - Based

  (ഗുണവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ)

  സൈബർ നെറ്റിക് ആർട്ട്, ബയോ - സൈബർ നെറ്റിക് ആർട്ട്, ജനറേറ്റീവ് ആർട്ട്, ഇവല്യൂഷണറി ആർട്ട് തുടങ്ങിയവ

- Meta media

  കമ്പ്യൂട്ടർ ആർട്ട്, ഡിജിറ്റൽ ആർട്ട്, ഇലക്ട്രോണിക് ആർട്ട്

Function Based (പ്രവർത്തനാധിഷ്ഠിതം)

- സോഫ്റ്റ് വെയർ ആർട്ട്, Glitch ആർട്ട്

ഈ വിഭാഗങ്ങളിലൊക്കെ പെട്ട കലാവിഷ്കാരങ്ങളിൽ അതാതു കാലങ്ങളിലെ പ്രമേയ പരിസരങ്ങൾ കടന്നുവരികയും സാങ്കേതികതയുടെ അനന്ത സാധ്യതകളുമായിച്ചേർത്ത് ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു.

### 3. മാനവാനന്തരകാല കല: പ്രമേയങ്ങളും പരിചരണങ്ങളും

സാഹിത്യത്തിന്റെ അതിർത്തികൾ മായ്ക്കപ്പെടുന്നു (Blurring the boundaries) എന്നതാണ് മാനവാനന്തര കലയുടെ പ്രമേയങ്ങളിലെ പ്രധാന സവിശേഷത. പോസ്റ്റ് ഹ്യൂമനിസത്തിന്റെ പ്രാക് രൂപമെന്ന് ചിലർ കരുതുന്ന കലാപ്രസ്ഥാനങ്ങളായ ഫ്യൂച്ചറിസത്തിലും സർ റിയലിസത്തിലും അത്തരം പ്രമേയപരിചരണങ്ങൾകാണാം . എന്നാൽ സൈബർനെറ്റിക്സിൽനിന്ന് തുടങ്ങുന്ന പോസ്റ്റ് ഹ്യൂമനിസ്റ്റ് കാല കലയിൽ പോസ്റ്റ് ഹ്യൂമാനിസത്തിലെ കലാപരമായ താൽപ്പര്യം ട്രാൻസ് ഹ്യൂമാനിസം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ജനിതക എഞ്ചിനീയറിംഗ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങി വിവിധ വിഷയമേഖലകൾ കലരുന്ന അന്തർവൈജ്ഞാനികതയുടെ തലം കലയിൽ സാധ്യമായിത്തുടങ്ങുന്നു. ഹൈബ്രിഡിറ്റിയുടെയും വ്യത്യസ്തതകളുടെയും ലോകത്ത് കലയുടെ അതിർത്തികൾ മാറ്റപ്പെടുന്നു. അതോടൊപ്പം പുതിയ മാനവനാന്തരകാലത്തെ വ്യക്തി സാമൂഹികഉത്കണ്ഠകൾ പ്രബലമാവുന്നു.

ഡിജിറ്റൽ ലൈഫ് സാഹിത്യത്തിന്റെ പ്രമേയ പരിസരത്തിലും ആവിഷ്കരണ മാധ്യമമായും കടന്നുവരുന്നു എന്നതാണ് മറ്റൊരു തലം. വെർച്വൽ റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയവ വ്യാപകമായി ഉപയോഗപ്പെട്ടു തുടങ്ങിയിരിക്കുന്നു. അഡ്വാൻസ്ഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിങ്, ഒഗ്മന്റഡ് റിയാലിറ്റി, ജെനറ്റിക് എഞ്ചിനീയറിങ്, ഡിജിറ്റൽ ഓണ്ടോളജി, ഡിജിറ്റൽ ഹ്യൂമനിസം തുടങ്ങിയവും പ്രമേയ പരിസരങ്ങളിൽ ഇടപെട്ടു തുടങ്ങി. സാങ്കേതിക വിദ്യ, കല, തത്ത്വചിന്ത എന്നിവയുടെ മിശ്രണം അഥവാ ഇന്റർ സെക്ഷണാലിറ്റി മാനവാനന്തരകലയുടെ പ്രധാന പ്രമേയ പരിസരമാണ്. മനുഷ്യ, യന്ത്ര ഭാവനകളുടെ ഇടകലരൽ, ആർട്ടും ജനറേറ്റീവ് ആർട്ടും തിരിച്ചറിയാനാവാത്ത അവസ്ഥ, ആർട്ട് സ്പേസുകളുടെ ഡീസെൻട്രലൈസേഷൻ തുടങ്ങിയവയും മാനവാനന്തര കലാവിഷ്കാരങ്ങളുടെ സവിശേഷതകളാണ്. മനുഷ്യരുടെ ഇടപെടലുകൾ കാരണം പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങളും ആന്ത്രോപോസീൻസവിശേഷതകളും ഇതേ സമയം മാനവാനന്തരകലയുടെ പ്രമേയ പരിസരത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. ആദ്യകാല ഡിജിറ്റൽ ലോക ഉത്കണ്ഠകൾക്കു പകരം സഹജീവനസ്വഭാവമുള്ള പോസ്റ്റ് ഡിജിറ്റൽ ചിന്തയും തിടം വെക്കുന്നുണ്ട്. സ്വത്വവും ഹൈബ്രിഡിറ്റിയും, സാങ്കേതിക മാധ്യമികത, പുതിയ കാല സദാചാര നൈതികതകൾ, ആന്ത്രോപൊസീനും ജൈവവ്യവസ്ഥയും, ബോധവുംയാഥാർത്ഥ്യവും ശരീരപരതയുടെ സങ്കീർണതകൾ തുടങ്ങിയവയാണ് മാനവാനന്തരകാല കലയുടെ മുഖ്യപ്രമേയങ്ങളായി പറയാവുന്നത്.

പട്രിഷ്യ പിച്ചിനീനിയെയും ഓറോൺ കാറ്റ്സിനെയും പോലുള്ള മാനവാനന്തര കലാകാരന്മാർ ജൈവ, സാങ്കേതിക വസ്തുക്കൾ സമന്വയിപ്പിക്കുന്ന ഹൈബ്രിഡ് സ്വഭാവത്തിലുള്ള ശില്പങ്ങൾക്കും പ്രതിഷ്ഠാപനകലയ്ക്കും മുൻതൂക്കം നൽകുന്നവരാണ്. ഹൈപ്പർ റിയലിസമാണ് പിച്ചിനീനിയുടെ ശൈലി. ജന്തുക്കളും അൽഗോരിതങ്ങളും സജീവമാകുന്ന ഇയാൻ ചെങ്ങിന്റെ സിമുലേഷനുകൾ ജീവിതത്തെയും ബോധത്തെയും സംബന്ധിച്ച മനുഷ്യകേന്ദ്രിത വിചാരധാരകളെ അടിമുടി ചോദ്യം ചെയ്യുന്നു. എ. ഐ എങ്ങനെ കലയെ ബാധിക്കുന്നു എന്നതിന്റെ ഉദാത്തമാതൃകയാണ് ചിങ്ങിന്റെ ആവിഷ്കാരങ്ങൾ. കാണിയെയും കലാസൃഷ്ടിയെയും മിശ്രണം ചെയ്യുകയും ഇന്ററാക്ടീവത സൃഷ്ടിക്കുകയും ചെയ്യുന്ന റാഫേൽ ലൊസാനോ-ഹെമ്മറിന്റെ സംവേദനാത്മക ഇൻസ്റ്റലേഷനുകൾ പലപ്പോഴും പ്രേക്ഷകരെ അവരുടെ സാന്നിധ്യത്തിലൂടെയും

 ISSN: 2582 - 2594

പ്രവർത്തനങ്ങളിലൂടെയും കലാസൃഷ്ടിയെ മാറ്റാൻ അനുവദിക്കുന്നു. ഹിറ്റോ സ്റ്റെയർലിനെപ്പോലുള്ള കലാകാരന്മാരുടെയോ ഡൺ& റാബി പോലുള്ള സ്പെക്യുലേറ്റീവ് ഡിസൈനേഴ്സിന്റെയും വർക്കുകളിൽ മാനവ മാനവേതര അതിർവരമ്പുകൾ മായുന്നതിന്റെ പ്രകാശമാനമായ ഒരു ഭാവിയെ വിഭാവനം ചെയ്യുന്നതുകാണാം. എക്സിബിഷനുകൾ ക്യൂറേറ്റ് ചെയ്യുന്ന ശൈലിയിലും ഈ മാനവാനന്തരബോധം പ്രവർത്തിക്കുന്നുണ്ട്. കേവലം ക്യൂറേഷനുകൾക്കപ്പുറം ഒരു കലാപ്രദർശനത്തെ നിരവധി സാമൂഹ്യ ഇടപെടലുകളുടെ മണ്ഡലമാക്കി അവർ മാറ്റുന്നുണ്ട്. ഗ്രീസിലെ ഡെസ്റ്റെ ഫൗണ്ടേഷനിലെ "പോസ്റ്റ് ഹ്യൂമൻ", സ്വീഡനിലെ ടെക്നിസ്ക മ്യൂസിയത്തിലെ "ഹൈപ്പർ ഹ്യൂമൻ" തുടങ്ങിയ എക്സിബിഷനുകൾ പോസ്റ്റ് ഹ്യൂമനിസ്റ്റ് തീമുകളുടെ ആവിഷ്കാരം ഈ വിവിധ്യത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

ശകലിതത്വം, മിശ്രണകല, മൈക്രോസ്കോപ്പിക്ക് രൂപങ്ങൾ തൊട്ട് മാക്രോസ്കോപ്പിക്ക് പ്രപഞ്ച ദൃശ്യങ്ങൾ വരെ ഇടകലർത്തി മനുഷ്യന്റെ കാഴ്ചയുടെ പരിമിതികളെ, അതിരുകളെ ആവിഷ്കരിക്കുന്ന സമ്പ്രദായം, ഡിജിറ്റൽ ആവിഷ്കാരങ്ങൾ, പോളിമറുകൾ, റെസിനുകൾ, അല്ലെങ്കിൽ മറ്റു മെറ്റീരിയൽ സയൻസ് നിർമിത ഉത്പന്നങ്ങൾ, ബയോഡീഗ്രേഡബിൾ മെറ്റീരിയലുകൾ ഇവ കലാവിഷ്കാരത്തിന്റെ ഭാഗമാക്കുക തുടങ്ങി പല പുതുകലാതന്ത്രങ്ങളും മാനവാനന്തരകാല കലാസൃഷ്ടികളിൽ കാണാൻ കഴിയും.

## 4. മാനവാനന്തര കാല കലാപ്രദർശനങ്ങളുടെ സ്വഭാവസവിശേഷതകൾ

പുതിയ കാല കലാപ്രദർശനങ്ങൾ ഹൈബ്രിഡ് സ്പെയ്സുകളുടെയും ബഹു ഇന്ദ്രിയപരതയുടെയും കാണിയെയും കലാകാരനെയും കലാസൃഷ്ടിയെയും ഇടകലർത്തുന്ന ജൈവികവും നിരന്തരം ചലനാത്മകവുമായ ക്രിയാപരതയുടെ ഇടങ്ങളാണ്. ജീവലോകവും കലയുടെ ലോകവും തമ്മിലുള്ള അതിർത്തികൾ മായുന്ന ആക്റ്റിവിറ്റി സ്പെയ്സായാണ് പ്രദർശന സ്ഥലങ്ങളെ ആസൂത്രണം ചെയ്യുന്നത്. വിഖ്യാത തായ് കലാകാരനായ റിക്രിത്ത് തിരവാനിജയുടെ കലാസൃഷ്ടിയുടെ സ്പെയ്സിനകത്തുതന്നെ ഒരു തായ് പരമ്പരാഗത അടുക്കളയിലെ പാചകവും കുടിയും തീനും നടക്കുന്നതുകാണാം. അകത്തുകയറുന്ന കാണികൂടി അതിൽ പങ്കാളിയാവുന്നു. കലാമേളയോടനുബന്ധിച്ചുള്ള സംവാദങ്ങളിലും പ്രഭാഷണങ്ങളിലുമാവട്ടെ ശാസ്ത്രജ്ഞരും പരിസ്ഥിതി ചിന്തകരും എഞ്ചിനീയർമാരും കലാചിന്തകരും ബയോളജിസ്റ്റുകളുമൊക്കെ പങ്കെടുക്കുന്ന അന്തർ വൈജ്ഞാനികസംവാദസ്ഥലങ്ങൾ രൂപപ്പെടുന്നതുകാണാം. കാണികൾക്ക് ചിത്രങ്ങളെ കലാരൂപങ്ങളെ വിശദമായി പരിചയപ്പെടുത്തുന്നതിൽ പുതിയ മാനവാനന്തരകാല എക്സിബിഷനുകൾ ശ്രദ്ധിക്കാറുണ്ട്. ഇവിടെയും സാങ്കേതിക മിശ്രണത്തിൽ ശ്രദ്ധിക്കുന്നു. ഹാൻഡ് ഔട്ടുകൾപോലുള്ള ടെക്സ്റ്റ് അധിഷ്ഠിത വിശദീകരണങ്ങൾക്കുപുറമെ ഡിജിറ്റൽ ഗൈഡുകൾ അല്ലെങ്കിൽ സ്മാർട്ട്ഫോണുകൾ വഴി ആക്സസ് ചെയ്യാൻ കഴിയുന്ന ഓഗ്മെന്റഡ് റിയാലിറ്റി വിവരണങ്ങൾ തുടങ്ങിയവയും ഉപയോഗപ്പെടുത്തുന്നത് പതിവാണ്.

ഓസ്ട്രിയയിലെ ലിൻസ് ആസ്ഥാനമായുള്ള കല, സാങ്കേതികവിദ്യ, സാമൂഹികത എന്നിവ ഇടകലരുന്ന പ്രധാന പ്ലാറ്റ്ഫോമും ഫെസ്റ്റിവലുമാണ് ആർസ് ഇലക്ട്രോണിക്ക. പോസ്റ്റ് ഹ്യൂമനിസ്റ്റ് എക്സിബിഷനുകളുടെ ഒരു തുടക്കസംരംഭം കൂടിയാണിത്. 1979 ൽ ഇലക്ട്രോണിക് സംഗീതജ്ഞരായ ഉൽറിച്ച് റുട്സെൽ, ഹെർബർട്ട് ഡബ്ല്യു ഫ്രാങ്കെ, സൈബർനെറ്റിക് / ഭൗതികശാസ്ത്രജ്ഞനായ ഹെയ്ൻസ് വോൺ ഫോർസ്റ്റർ എന്നിവർ ചേർന്നാണ് ഇത് സ്ഥാപിച്ചത്.

തുടക്കത്തിൽ ഇലക്ട്രോണിക് കലകൾക്കായുള്ള ഒരു ഉത്സവമായി വിഭാവനം ചെയ്ത ഇത് പിന്നീട് കലാരൂപങ്ങളുടെയും സാങ്കേതികവിദ്യകളുടെയും വിശാലമായ സ്പെക്ട്രം ഉൾക്കൊള്ളുന്നതിനും അന്തർവൈജ്ഞാനികസംവാദങ്ങളും കല, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയുടെ കലർപ്പിന്റെ കവലയായ കലാസൃഷ്ടികളുടെ പ്രദർശനശാലയായും വികസിച്ചു. പോസ്റ്റ് ഹ്യൂമനിസ്റ്റ് കലാപ്രദർശനം എന്നതിനേക്കാൾ കലയുടെയും ഇലക്ട്രോണിക്സിന്റെയും മേളനം എന്ന നിലയ്ക്കാണ് ഇവരുടെ പ്രൊജക്റ്റുകൾ മുന്നോട്ടുപോകുന്നത്.

ലണ്ടനിലെ ബാർബിക്കൻ സെന്റർ ബ്രിട്ടനിലെ പ്രമുഖ കലാ-സാംസ്കാരിക സ്ഥാപനങ്ങളിലൊന്നാണ്. സംഗീതം, നാടകം, സിനിമ, വിഷ്വൽ ആർട്സ് എന്നിവയുൾപ്പെടെ വിശാലമായ പ്രവർത്തനമേഖല അവർക്കുണ്ട്. സാങ്കേതികവിദ്യയുടെയും പോസ്റ്റ് ഹ്യൂമനിസത്തിന്റെയും പശ്ചാത്തലത്തിലും പ്രമേയപരതയിലും ഊന്നിയ, 2019 മെയ് മുതൽ ഓഗസ്റ്റ് വരെ നടന്ന "ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: മോർ ദാൻ ഹ്യൂമൻ" ആയിരുന്ന ഇവരുടെ ശ്രദ്ധേയമായ പ്രദർശനങ്ങളിലൊന്ന്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സൃഷ്ടിപരവും സാമൂഹികവുമായ സാധ്യതകളെക്കുറിച്ചുള്ള ഒരു പര്യവേക്ഷണമായിരുന്ന ഈ സവിശേഷ എക്സിബിഷൻ. പോസ്റ്റ് ഹ്യൂമനിസ്റ്റ് എക്സിബിഷൻ പരമ്പരകളുടെ ആദ്യ മാതൃകകളിലൊന്നായി ഈ പ്രദർശനത്തെ കണക്കാക്കാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കംപ്യൂട്ടേഷണൽ ചിന്ത എന്നിവയുടെ ഉത്ഭവം തൊട്ടുള്ള ചരിത്രം, നിത്യജീവിതത്തിലെ നിർമ്മിതബുദ്ധിയുടെ ഇടപെടലുകൾ, എ ഐ യുടെ ഭാവിയും ഭാവിലോകവും, എ ഐ നൈതികത, കലാഖ്യാനങ്ങൾ ഇവയൊക്കെ ഈ പ്രദർശനത്തിന്റെ ഭാഗമായിരുന്നു. ടീം ലാബിന്റെ "വാട്ട് എ ലവിംഗ് ആൻഡ് ബ്യൂട്ടിഫുൾ വേൾഡ്", മെഷീൻ ലേണിംഗ് അൽഗോരിതങ്ങളുടെ രീതികളെയും പക്ഷപാതങ്ങളെയും കുറിച്ചുള്ള ബ്ലോഗിന് പേരുകേട്ട ജാനെൽ ഷെയ്നിന്റെ "ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വിയേഡ്നെസ്സ്" തുടങ്ങിയ പ്രദർശനങ്ങൾ ഈ എക്സിബിഷനിൽ ശ്രദ്ധനേടിയവയാണ്.

### 5. അമ്പത്തിയൊമ്പതാം വിയന്ന ബിനാലേ 2022 –

ആദ്യ പോസ്റ്റ് ഹ്യൂമനിസ്റ്റ് ബിനാലെ എന്ന് മാധ്യമങ്ങളും കലാവിമർശകരും വാഴ്ത്തിയ The Milk of Dreams എന്ന് നാമകരണം ചെയ്യപ്പെട്ട 59ആം വിയന്ന ബിനാലേ പോസ്റ്റ്-ഹ്യൂമനിസം, ഉൾക്കൊള്ളുന്ന അനുഭവങ്ങൾ, ഫെമിനിസ്റ്റ് ഏജൻസി, സാമ്പ്രദായിക യാഥാർത്ഥ്യബോധങ്ങളെ അട്ടിമറിക്കുന്ന കാഴ്ചവേലകൾ, ബഹുഇന്ദ്രിയപരത, പ്രേക്ഷകപങ്കാളിത്തമുള്ള കലാനിർമ്മിതികൾ, ഹൈബ്രിഡ് രൂപങ്ങൾ എന്നിവകൊണ്ട് സമ്പന്നമായിരുന്നു. പുതിയ മാനവാനന്തരകാല ലോകത്തെ പുനർവിഭാവനം ചെയ്യാൻ പ്രേരണ നൽകുന്ന കാഴ്ചാനുഭവമായി അതുമാറി.

### 6. കൊച്ചി – മുസരിസ് ബിനാലെ 23– മാനവാനന്തര കലാപ്രതിനിധാനങ്ങൾ

പോസ്റ്റ് ഹ്യൂമൻ സാധ്യതകൾ ഉപയോഗിച്ച് വിശകലനം ചെയ്യാവുന്ന അനേകം ഇൻസ്റ്റലേഷനുകളും പെയിന്റിങ്ങുകളും സിനിമകളുമൊക്കെ കൊച്ചി-മുസരിസ് ബിനാലെ 2023ൽ പ്രദർശിപ്പിക്കപ്പെട്ടു. അവയിൽ ചിലതിനെ സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കുകയാണിവിടെ ചെയ്യുന്നത്.

 ISSN: 2582 - 2594

നിർമ്മിതബുദ്ധിയും വ്യാവസായികാടിത്തറയിൽ ഊന്നിയ വികസനവും ചേർന്ന് കൈത്തൊഴിലുകളിലും കരകൗശലത്തൊഴിലുകളിലും ഉപജീവനമാർഗം കണ്ടെത്തുന്ന തദ്ദേശവാസികളുടെ ജീവിതത്തെ എങ്ങനെ അട്ടിമറിച്ചേക്കാം എന്നതിന്റെ സൂചനയാണ് Ximena Garrido – Lecca (ക്ഷിമേന ഗാരിദോ ലെകാ) യുടെ Redes de conversion (റെഡെസ് ഡി കോൺവെർസിയോൺ) എന്ന പരമ്പര. പരമ്പരയിൽ നെയ്ത്തിന്റെ പാരമ്പര്യവുമായി ഡിജിറ്റൽ സാങ്കേതിക വിദ്യയെ ബന്ധിപ്പിക്കുന്നു. പല നിറങ്ങളിലുള്ള പ്ലാസ്റ്റിക് കവചിതമായ ചെമ്പുവയറുകൾ കൊണ്ടാണ് ഈ സൃഷ്ടിയിൽ നെയ്ത്തുകൾ നടത്തിയിരിക്കുന്നത്. നെയ്ത്തിനാവശ്യമായ ഒരു അൽഗോരിത ഭാഷ അതിന്റെ നിർമ്മാണ സങ്കേതങ്ങളിൽ നിന്ന് രൂപം നൽകുകയും സോഫ്റ്റ് വെയർ പ്രോഗ്രാം എഴുതുന്നവരുടെ സഹായത്തോടെ ജാവാ സ്ക്രിപ്റ്റ് ഉപയോഗിച്ച് അതിനെ ഒരു ഡിജിറ്റൽ കോഡ് ആക്കി മാറ്റുകയും ചെയ്തു. ഇങ്ങനെ അവർ നിർമ്മിച്ചെടുത്ത നെയ്ത്തിന്റെ രൂപ മാതൃക തദ്ദേശീയ കരകൗശലവിദ്യയും സമകാലിക സാങ്കേതിക വിദ്യയും തമ്മിലുള്ള പൊരുത്തങ്ങളും ഇതിലൂടെയുണ്ടാവുന്ന സംഘർഷത്തെയും പ്രതിനിധാനം ചെയ്യുന്നു. നെയ്ത്തിന്റെ ഡിജിറ്റൽ കോഡ് തദ്ദേശീയ സംസ്കാരത്തിൽ ഉയർത്തുന്ന വെല്ലുവിളിയേയും ഈ സൃഷ്ടി അഭിസംബോധന ചെയ്യുന്നു. പ്രോഗ്രാമറുടെ കോഡുകൾ പ്രദർശിപ്പിക്കുന്ന എൽ.ഇ.ഡി പാനലുകൾക്ക് വൈദ്യുതോർജം നൽകി ഇതിന്റെ പ്രവർത്തനവും പ്രദർശിപ്പിക്കുന്നു. പോസ്റ്റ് ഹ്യൂമൻ യുഗത്തിൽ മനുഷ്യന്റെ കലാശേഷിയും കൈത്തൊഴിലുകളും യന്ത്രങ്ങൾ ഏറ്റെടുത്തുതുടങ്ങുന്നതിന്റെ മികച്ച ഉദാഹരണമായി ഈ മാതൃകയെ കാണാം. മനുഷ്യാധ്വാനത്തെയും അതിന്റെ മൗലികതയെയും ഇത്തരം സൃഷ്ടികൾ വെല്ലുവിളിക്കുന്നു. നിർമ്മിത ബുദ്ധിയുടെ പോസ്റ്റ് ഹ്യൂമൻ യുഗത്തിൽ നെയ്ത്ത് പോലെയുള്ള കൈത്തൊഴിലുകൾക്ക് സംഭവിക്കാൻ ഇടയുള്ള അല്ലെങ്കിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെയും സൃഷ്ടി പ്രതിനിധാനം ചെയ്യുന്നു.

സൂറത്ത് കേന്ദ്രീകരിച്ച് കലാപ്രവർത്തനം നടത്തുന്ന വസുധ കപാഡിയയുടെ 'Synthetic Nature' എന്ന കലാവിഷ്കാരം നിർമ്മിതബുദ്ധിയുടെ ലോകത്തെ തുറന്നു കാണിക്കുന്നു. നിർമ്മിത ബുദ്ധിയാണോ മനുഷ്യനാണോ കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നത് എന്നറിയാൻ ഉപയോഗിച്ചുവരുന്ന സംവിധാനമാണ് CAPTCHA. ഇവയുടെ പ്രചാരമാരംഭിച്ച കാലത്ത് മനുഷ്യബുദ്ധിക്ക് പരിഹരിക്കാൻ എളുപ്പമായ വക്രീകരിച്ച എഴുത്തുകൾ വായിക്കാനുള്ള കഴിവ് കമ്പ്യൂട്ടറുകൾക്കില്ലായിരുന്നു. എന്നാൽ ഇന്ന് സാങ്കേതികവിദ്യയുടെ വളർച്ചയോടെ കമ്പ്യൂട്ടറുകളെ ഇത് പരിശീലിപ്പിച്ചു തുടങ്ങി. CAPTCHA ടെസ്റ്റിന്റെ രൂപഘടനയിൽ ഉള്ള 48 ഓളം ചെറു ചിത്രങ്ങൾ ഉൾപ്പെടുന്ന ചിത്രസമാഹാരമാണ് Synthetic Nature. ഒരു Landscape എന്താണെന്ന് പറഞ്ഞ്, അതിന്റെ അർത്ഥത്തെ പുനർനിർമ്മിക്കാനുള്ള ശ്രമമാണിത്. ഇതിന്റെ ഘടന, കാഴ്ച്ചക്കാരെ ലാൻഡ്സ്കേപ്പ് അടങ്ങിയ ചിത്രങ്ങളെ തിരഞ്ഞെടുക്കാൻ നിർബന്ധിതരാക്കുന്നു. അർത്ഥരൂപീകരണം എന്നതിൽ കാഴ്ച്ചക്കാർ കുടുങ്ങുന്നു. ഇത്തരം ടെസ്റ്റുകളുടെ അയുക്തിയെ അടയാളപ്പെടുത്തുകയും ലളിതവർഗ്ഗീകരണ യുക്തിയെ വെല്ലുവിളിക്കുകയുമാണ് ഈ സൃഷ്ടി. നിർമ്മിത ബുദ്ധിയുടെ കാലഘട്ടത്തിൽ യന്ത്രങ്ങൾക്ക് പ്രാപ്യമായ കഴിവുകൾ മനുഷ്യർക്ക് അസാധ്യമായി വരികയും മനുഷ്യയുക്തി തന്നെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുമെന്ന പോസ്റ്റ്ഹ്യൂമൻ ദർശനമാണിവിടെ ആവിഷ്കരിക്കപ്പെടുന്നത്. മനുഷ്യപ്രാപ്തിയെക്കുറിച്ചുള്ള ചിന്താശേഷിയെക്കുറിച്ചുള്ള ആധുനികതയുടെ സങ്കല്പനങ്ങൾ ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. നമ്മളോരോരുത്തരും മന

ഷ്യരാണോ യന്ത്രമാണോ എന്ന് ഓരോ നിമിഷവും തെളിയിച്ച കൊണ്ട് മുന്നോട്ട് പോവേണ്ടി വരുന്ന പോസ്റ്റ് ഹ്യൂമൻ അവസ്ഥയുടെ സൂചനയാണിവിടെ പ്രകടമാവുന്നത്.

ഹോങ്കോങ്ങുകാരനായ സാംസൺ യംഗിന്റെ (Samson young) Reasonable Music (Ability) (ഉചിത സംഗീതം) എന്ന ഇൻസ്റ്റലേഷൻ ഒരു പരസ്പര സംവേദനാത്മക അന്തരീക്ഷമാണ് (Interactive Environment) പ്രദാനം ചെയ്യുന്നത്. ഈ ഇൻസ്റ്റലേഷന്റെ പല ഭാഗങ്ങളും ക്രിസ്തുവിന് 400 വർഷം മുന്നേ എഴുതിയതായി കണക്കാക്കുന്ന ക്ലാസിക്ക് ചൈനീസ് ഗ്രന്ഥമായ 'ദാവോദിജിംഗ്'' ൽ നിന്നും ഉരുത്തിരിഞ്ഞതാണ്. നാമങ്ങൾ അല്ലെങ്കിൽ നാമങ്ങളായി പ്രവർത്തിക്കുന്ന ക്രിയകൾ മാത്രം ഉപയോഗിച്ച്, യംഗ് ക്ലാസിക്കൽ പാഠത്തിന്റെ ഒരു ഫിൽട്ടർ ചെയ്തപതിപ്പ് നിർമ്മിക്കുന്നു.

ഈ കൃതി ടെൻസർഫ്ലോ എന്ന AI അൽഗോരിതം പരിശീലിപ്പിക്കാൻ ഉപയോഗിക്കുന്നു. ഇത് പുതിയ പാഠങ്ങൾ സൃഷ്ടിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്യുന്ന, സ്വയമെഴുതുന്ന ഒരു മെഷീനായി പ്രവർത്തിക്കുന്നുണ്ട്. ചിലപ്പോൾ അഗാധവും മറ്റു ചിലപ്പോൾ അസംബന്ധവുമായ പാഠങ്ങൾ ശബ്ദങ്ങളായും ദൃശ്യങ്ങളായും ത്രിമാനരൂപങ്ങളായും വിവർത്തനം ചെയ്യപ്പെടുന്നതായി കാണാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പുതുയുഗത്തിൽ നിർമ്മിത ബുദ്ധി സാഹിത്യത്തിൽ ഉയർത്തുന്ന വെല്ലുവിളികളെയാണ് യഥാർത്ഥത്തിൽ ഈ ഇൻസ്റ്റലേഷൻ പ്രതിനിധാനം ചെയ്യുന്നത്. നൽകുന്ന മാതൃകകളിൽ നിന്ന് നാമങ്ങൾ സ്വീകരിച്ച് ചിലപ്പോൾ യാഥാർത്ഥ്യത്തെ വെല്ലുന്ന സാഹിത്യ സൃഷ്ടി നടത്താൻ യന്ത്രങ്ങൾക്ക് സാധിക്കുമ്പോഴും പലപ്പോഴും നിർമ്മിത ബുദ്ധിയുടെ സൃഷ്ടികൾ അസംബന്ധമായിത്തീരുന്നു എന്നതും ഇൻസ്റ്റലേഷൻ വ്യക്തമാക്കുന്നു.

അലിചെറിയുടെ of men and gods and mud എന്ന വീഡിയോയുടെ സമീപമായി 3 ടെറാഗോട്ട ശില്പങ്ങളെ (പകുതി മനുഷ്യരും പകുതി മൃഗവും) പ്രദർശിപ്പിച്ചിട്ടുണ്ട്. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള അതിർത്തികൾ മായ്ക്കപ്പെടുന്ന 'സൈബോർഗ്യൻ' സങ്കല്പമായിത്തീരുന്ന ഇത്. സിന സാരോ - വിവയുടെ ഹോളിസ്റ്റാർ ബോയ്സും ടെറാഗോട്ട സങ്കേതത്തെ അവലംബിച്ചിരിക്കുന്നു. മാനുകളുടെ മുഖം മൂടികളണിഞ്ഞ മനുഷ്യ ശരീരങ്ങളാണ് ഇതിലെ മാതൃകകൾ.

'ഡിസ്റ്റൊവേഷൻ.org' എന്ന കൂട്ടായ്മയുടെ Predictive Art Bot നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ തുറന്നുകാട്ടുന്നു. ഒരു സ്ക്രീനിൽ തലക്കെട്ടുകൾ സ്ക്രോൾ ചെയ്തുപോവുന്നു. മറ്റൊന്നിൽ ഒരു അൽഗോരിതം അവയെ അതിവേഗത്തിൽ സംസാരിക്കുന്ന ഒരു ആർട്ടിസ്റ്റിന്റെ പ്രസ്താവനകളാക്കി മാറ്റുന്നു.

വികസനത്തിന്റെ പേരിൽ, മൂലധന താത്പര്യങ്ങളുടെ മറവിൽ, മനുഷ്യൻ പ്രകൃതിക്കുമേൽ നടത്തിയ ചൂഷണങ്ങളിൽ നിന്നാണ് പ്രകൃതിയിലെ അസന്തുലിതാവസ്ഥകൾ സൃഷ്ടിക്കപ്പെട്ടുന്നത്. അസന്തുലിത- ആവാസവ്യവസ്ഥ സൃഷ്ടിക്കുന്ന ലോകാതുരതയുടെ തെളിവുകൾ പുതിയ കാല കല മുന്നോട്ട് വെയ്ക്കുന്നു. ബിനാലെയിൽ പ്രദർശിപ്പിക്കപ്പെട്ട ഒന്നിലധികം ഭാഗങ്ങളുള്ള ഇൻസ്റ്റലേഷനാണ് ഉറിയെൽ ഒർലൊ (Uriel Orlow) ന്റെ 'അപ്, അപ്, അപ് ' (Up Up Up). ഉയരുന്ന അന്തരീക്ഷോഷ്മാവ് സമുദ്രനിരപ്പിൽനിന്ന് ഏറെ ഉയർന്ന പരിസ്ഥിതി ലോല പ്രദേശങ്ങളിലെ ആവാസവ്യവസ്ഥയ്ക്ക് സൃഷ്ടിക്കുന്ന ഭീഷണികളെ ഈ പ്രോജക്ട് സമഗ്രമായി അഭിസംബോധന ചെയ്യുന്നു. ഹിമാലയത്തിലെ സാഹചര്യങ്ങളെ ആൽപ്സ് പർവ്വതങ്ങളിലെ

 ISSN: 2582 - 2594

സാഹചര്യങ്ങളുമായി ചേർത്തുവയ്ക്കുന്ന ഈ ഇൻസ്റ്റലേഷൻ ഉയർന്നുനിൽക്കുന്ന അന്തരീക്ഷ താപനില ജൈവവൈവിധ്യത്തെ എങ്ങനെ ബാധിക്കുന്നു എന്ന് കൃത്യമായി അടയാളപ്പെടുത്തുന്നു. പർവ്വതത്തിന്റെ താഴ്വരകളിൽ സമൃദ്ധമായി വളരുന്ന സസ്യജാലങ്ങൾ കാലാവസ്ഥാ വ്യതിയാനം മൂലം പർവ്വതത്തിന്റെ മുകൾത്തട്ടിലേക്ക് കയറുകയും അവയുടെ ആവാസവ്യവസ്ഥ തന്നെ മാറ്റപ്പെടുകയും ചെയ്യുന്നു. ആന്ത്രോപോസീൻ എന്ന മനുഷ്യനിർമ്മിതയുഗത്തിന്റെ സവിശേഷതകളിലേക്കാണ് ഈ മാറ്റം വിരൽചൂണ്ടുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങൾ കാരണം അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥ തകിടം മറിയുകയും ചെയ്യുന്നതോടെ ഹോളോസീൻ യുഗത്തിൽ നിന്ന് മനുഷ്യൻ പൂർണ്ണമായും ആന്ത്രോപോസീൻ യുഗത്തിലേക്ക് പ്രവേശിച്ച് തുടങ്ങുന്നു. ജൈവവൈവിധ്യ നാശത്തേയും ആവാസവ്യവസ്ഥകളുടെ മാറ്റത്തെയും സസ്യജാലങ്ങളുടെ മാറ്റത്തെയും ആന്ത്രോപോസീൻ ലക്ഷണങ്ങളായി പരിഗണിക്കുന്നു. ആന്ത്രോപോസീൻ യുഗത്തിലേക്കുള്ള മാറ്റങ്ങളെയാണ് ഈ ഇൻസ്റ്റലേഷനും അവതരിപ്പിക്കുന്നത്. പോസ്റ്റ് ഹ്യൂമനിസവുമായി പ്രത്യക്ഷമായി തന്നെ ചേർന്നുനിൽക്കുന്ന സങ്കല്പനമാണിത്.

മനുഷ്യ ഇടപെടൽ മൂലം ഭൂമിയിലുണ്ടായ മാറ്റങ്ങൾ ഭൗമ വ്യവസ്ഥയെത്തന്നെ മാറ്റിത്തീർക്കുന്നു എന്ന തിരിച്ചറിവാണ് ആന്ത്രോപോസീൻ ഘട്ടത്തിന്റെ കാതൽ. വനനശീകരണവും, ജീവികളുടെ വംശനാശവും, ആഗോള താപനവും, പ്രകൃതിവിഭവങ്ങളുടെ ചൂഷണവും ഇത്തരത്തിലുള്ള ഭൗമ മാറ്റങ്ങൾക്ക് കാരണമാവുന്നു. ഇത്തരമൊരു പ്രശ്നത്തെ അഭിസംബോധന ചെയ്ത് വിയറ്റ്നാമിൽ കലാപ്രവർത്തനം നടത്തുന്ന 'താവോ നയൻ ഫാൻ' നിർമ്മിച്ച ഹ്രസ്വചിത്രമാണ് 'ഫസ്റ്റ് റെയിൽ ബ്രീസ് സോളൈ'. വ്യവസായം ദ്രുതഗതിയിൽ ഇല്ലാതാക്കി കൊണ്ടിരിക്കുന്ന ഒരു ജലപാതയുടെ ശോകപൂർണ്ണമായ ആഖ്യാനമാണിത്.

ആധുനികതയുടെ സൃഷ്ടിയാണ് കോൺക്രീറ്റ് സമുച്ചയങ്ങൾ. കോൺക്രീറ്റ് നിർമ്മാണത്തിനു വേണ്ടിയുള്ള മണൽ ഖനനം എങ്ങനെയാണ് നദീതീരങ്ങളെ നശിപ്പിക്കുകയും വരൾച്ചയ്ക്കും പ്രളയത്തിനും കാരണമാവുകയും ചെയ്യുന്നതെന്ന് താവോ കാണിച്ചുതരുന്നു. തെക്ക് കിഴക്കൻ ഏഷ്യയുടെ ആധുനിക തദ്ദേശീയ വാസ്തുവിദ്യയുടെ സൃഷ്ടിയ്ക്ക് ഇതേ കോൺക്രീറ്റ് എങ്ങനെയാണ് സംഭാവന ചെയ്തതെന്നും, വ്യവസായവൽക്കരണവും ചേർന്ന് പ്രകൃതിയെ മാറ്റിത്തീർക്കുന്നതെങ്ങനെയെന്നും ഒരേ സമയം ആവിഷ്കരിക്കുന്നു. മനുഷ്യൻ നിർമ്മിക്കുന്നതെന്തും മനുഷ്യന്റെ സൗകര്യത്തിനും, ഗുണത്തിനും, മുന്നേറ്റത്തിനും വേണ്ടിയുള്ളതാണെന്നും അതിന് സഹായിക്കുന്നതാണ് പ്രകൃതിയെന്നുമുള്ള ലോകബോധം ആധുനികതയുടെ സൃഷ്ടിയാണ്. മാനവികത എന്ന സങ്കല്പം ശക്തിപ്പെടുന്നതും ഈ സങ്കല്പത്തിന്റെ മേലാണ്. താവോയുടെ സൃഷ്ടി യഥാർത്ഥത്തിൽ പ്രകൃതി ചൂഷണത്തെക്കുറിച്ചുള്ള മാനവിക ബോധത്തെ ചോദ്യം ചെയ്യുകയും പ്രകൃതിസംരക്ഷണത്തെക്കുറിച്ചുള്ള, മനുഷ്യൻ പ്രകൃതിയുടെ അധിപനല്ല ഭാഗം മാത്രമാണെന്ന പോസ്റ്റ് ഹ്യൂമൻ ബോധം പങ്കുവയ്ക്കുകയും ചെയ്യുന്നു. അന്ത്രോപോസീൻ യുഗത്തിന്റെ ജാഗ്രതാനിർദ്ദേശമായി ഈ കലാസൃഷ്ടിയെ വിലയിരുത്താം.

മാനവികതയേയും മനുഷ്യകർതൃത്വത്തെയും, മനുഷ്യൻ കേന്ദ്രമായ ലോകബോധത്തെയും ചോദ്യം ചെയ്തുകൊണ്ടായിരുന്നു കൊറോണ വൈറസിന്റെ കടന്നുവരവ്. മനുഷ്യന്റെ നിയന്ത്രണത്തിലാണ് ലോകം എന്ന മൂഢ ബോധത്തിൽ നിന്ന് ഒരു ചെറു വൈറസിനുപോലും

നിയന്ത്രിക്കാവുന്നതായി മനുഷ്യജീവിതവും ലോകക്രമവും മാറിയ ദിവസങ്ങളായിരുന്നു അത്. കൊറോണ വൈറസിന്റെ കടന്നുവരവോടെ പൊടുന്നനേ തനിക്ക് പ്രവേശനമില്ലാതായിപ്പോയ പുറം ലോകത്തെ പ്രതിഫലിപ്പിക്കാനുള്ള ഉപാധിയായി ചിത്രകലയെ ഉപയോഗപ്പെടുത്തിയ കലാകാരനാണ് വാസുദേവൻ അക്കിത്തം. 'നാലുവർഷത്തിന്റെ പഞ്ചാംഗം' (2020 –21) എന്ന പേരിൽ കോവിഡ് മഹാമാരിയെ തുടർന്നുള്ള അടച്ചിടലിനു വിധേയമായ വർഷത്തെ ഓരോ ദിവസവും രേഖപ്പെടുത്തിക്കൊണ്ട് വരച്ച 365 ജലഛായ ചിത്രങ്ങളാണ് അദ്ദേഹത്തിന്റേതായി ബിനാലെയിൽ പ്രദർശിപ്പിച്ചത്. മനുഷ്യൻ പ്രകൃതിയിലെ എത്ര ചെറിയ സൃഷ്ടിയാണെന്ന് കാണിക്കുന്ന, ലോകം മുഴുവൻ തന്റെ ചുമലിലാണെന്ന മനുഷ്യന്റെ മൂഢ ബോധത്തെ പരിഹസിക്കുന്ന ചിത്രങ്ങൾ ഇക്കൂട്ടത്തിലുണ്ട്. മനുഷ്യാസ്തിത്വത്തെ പോലും ചോദ്യംചെയ്തു കടന്നുവന്ന കൊറോണ വൈറസ് പ്രപഞ്ചത്തിലെ അനേകം സൃഷ്ടികളിൽ ഒന്നു മാത്രമാണ് മനുഷ്യനെന്ന പോസ്റ്റ് ഹ്യൂമൻ ലോകബോധത്തെ വെളിപ്പെടുത്തി. ഇതിന്റെ ആവിഷ്കാര രൂപങ്ങളായി വാസുദേവൻ അക്കിത്തത്തിന്റെ രചനകളെ വിലയിരുത്താം.

പ്രണയ്ദത്തയുടെ (Pranay Dutta) ഡേ സീറോ, നീരജകോത്താരിയുടെ Manuscript for the book of time (സമയ പുസ്തകത്തിനായുള്ള കയ്യെഴുത്തുപ്രതി), ഷിഖ് സാബിർ അലത്തിന്റെ A bunch of thoughts overlapping (അടരുകളായി കിടക്കുന്ന ഒരു പറ്റം ചിന്തകൾ), യോഹന്നാസ് ഹെൽഡറുടെ പ്രിന്റ് ഫ്രം ആസ്ട്രോ എക്കോളജി, രുചിക നേഗിയും അമിത് മഹന്തിയും ചേർന്ന് നിർമ്മിച്ച ആലിബി ഇൻ നോർത്ത് സിക്കിം, ഴാൻ ഫ്രാൻസ്വ ബുക്ളേയുടെ ' ദ ഗിയേസ്റ്റ് ഓഫ് ബനാനാ മാൻ' (വാഴപ്പഴ മനുഷ്യന്റെ കണ്ണുനീർ), അമോൽ കെ പാട്ടീലിന്റെ The Politics of skin and movement (തൊലിയുടെയും പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയം), ജോൺ ജോനസിന്റെ Moving of the land (കരയെ നീക്കുമ്പോൾ), ഗബ്രിയേല ലോഫലിന്റെ ഇൻ സൈഡ്, അഞ്ജു ആചാര്യയുടെ 'ശമനം', അലി ചെറിയുടെ Of men and gods and mud, സിന സാരോ– വിവയുടെ ഹോളിസ്റ്റാർ ബോയ്സ്, ലോറൻസ് ലേകിന്റെ ജിയോ മാർ സെർ, തുടങ്ങിയവയൊക്കെ പോസ്റ്റ് ഹ്യൂമൻ സാധ്യതകൾ ഉപയോഗിച്ച് വിശദീകരിക്കാവുന്ന മാതൃകകളാണ് .

ബിനാലെയിലെ ചില മാതൃകകളെ മാത്രം വിശദീകരിച്ചു കൊണ്ട് പോസ്റ്റ് ഹ്യൂമൻ കലാഭാവനയെ പരിശോധിക്കാനുള്ള ശ്രമമാണിവിടെ നടത്തിയത്. കൊച്ചി മുസരിസ് ബിനാലെ ഒരു പോസ്റ്റ് ഹ്യൂമൻ ബിനാലെ എന്ന രീതിയിലല്ല അവതരിപ്പിക്കപ്പെട്ടത്. എന്നാൽ കാലഘട്ടം ചെലുത്തുന്ന സ്വാധീനഫലമായി പോസ്റ്റ് ഹ്യൂമൻ സാധ്യതകൾ പല മാതൃകകളിലും പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്നു മാത്രം.

**ഉപസംഹാരം**

- സാംസ്കാരിക വിമർശനത്തിന്റെയും പോസ്റ്റ് ഹ്യൂമൻ വീക്ഷണത്തിന്റെയും രീതിശാസ്ത്രങ്ങൾ അളവുകോലാക്കി ബിനാലെ സൃഷ്ടികളുടെ സാമൂഹ്യപരതയും ചരിത്രപരതയും സാധ്യതകളും വിശകലനം ചെയ്യാനുള്ള ശ്രമമാണ് പ്രബന്ധത്തിൽ നടത്തിയിരിക്കുന്നത്.
- സമൂഹ ഭാവനയുമായി നേരിട്ട് ഇടപെടുന്ന കലാസൃഷ്ടികളാണ് ഇല്യുസ്ട്രേഷനുകൾ. സത്യസന്ധമായ യഥാതഥ ജീവിതാവിഷ്കരണങ്ങളാണിവ. ഇൻസ്റ്റലേഷനുകളുടെ

കാര്യത്തിലാവട്ടെ ചിത്രമോ ശില്പമോ കാണുന്നതിൽ നിന്ന് വ്യത്യസ്തമായി ഗൗരവതരമായ പ്രത്യാഘാതം കാഴ്ചക്കാരനിൽ ഉണ്ടാക്കാനും ചിന്തിപ്പിക്കാനും അവയ്ക്ക് സാധിക്കുന്നു.

- പോസ്റ്റ് ഹ്യൂമൻ കാലഘട്ടത്തിലെ സാംസ്കാരിക, പാരിസ്ഥിതിക പരിസരങ്ങളെയും സമൂഹ ജീവിത പരിണാമങ്ങളെയും സാങ്കേതികത ഉയർത്തുന്ന സാധ്യതകളെയും വെല്ലുവിളികളെയും അഭിസംബോധന ചെയ്യാൻ ബിനാലെ സൃഷ്ടികൾക്ക് സാധിക്കുന്നു.
- കണ്ടതിൽ നിന്ന് കാണാത്തത് അനുമാനിക്കുന്ന ഭാവനാത്മകതയും, കാണപ്പെട്ടതിൽ നിന്നുളവാകുന്ന യാഥാർത്ഥ്യബോധവും ഒരേ സമയം സൃഷ്ടിക്കാൻ ബിനാലെ മാതൃകകൾക്ക് സാധിക്കുന്നു.
- മനുഷ്യേതര ലോകത്തെ അഭിസംബോധന ചെയ്യുന്ന കലാപ്രവർത്തനങ്ങൾ ബിനാലെ മാതൃകകളിൽ പ്രകടമായി കണ്ടു തുടങ്ങിയിരിക്കുന്നു. വിയന്നയിൽ നടന്ന പോസ്റ്റ് ഹ്യൂമൻ ബിനാലെയും, കൊച്ചി-മുസരിസ് ബിനാലെയിലെ പോസ്റ്റ് ഹ്യൂമൻ മാതൃകകളും ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്.
- പോസ്റ്റ് ഹ്യൂമൻ ബിനാലെ മാതൃകകളും ഇൻസ്റ്റലേഷനുകളും അവ കാഴ്ചക്കാരിൽ ഉണ്ടാക്കുന്ന ആഘാതങ്ങളെക്കാൾ അതിന്റെ സൂക്ഷ്മമായ വായനകളെയും വ്യാഖ്യാനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നവയാണ്. വ്യാഖ്യാനത്തിനുള്ള അനന്തസാധ്യതകൾ ബിനാലെയിലെ പോസ്റ്റ് ഹ്യൂമൻ സൃഷ്ടികൾ തുറന്നിടുന്നു.
- ബിനാലെ മാതൃകകളുടെ സംവേദനക്ഷമത തീവ്രവും ഗാഢവുമാണ്. രേഖീയ യുക്തികൾക്ക് പുറത്താണ് അതിന്റെ വ്യാഖ്യാന സാധ്യതകൾ.
- യാഥാർത്ഥ്യം, അയാഥാർത്ഥ്യം എന്ന വേർതിരിവിനെ അപ്രസക്തമാക്കുന്നവയാണ് ബിനാലെയിലെ പല പോസ്റ്റ് ഹ്യൂമൻ സൃഷ്ടികളും
- ബിനാലെ നിർമ്മിക്കുന്ന കാഴ്ചയുടെ ആഘാതങ്ങൾ പോസ്റ്റ് ഹ്യൂമൻ പ്രതിസന്ധികളെ പറ്റിയും ആന്ത്രോപോസീൻ യുഗത്തെ പറ്റിയും തീവ്രമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നവയാണ്.
- കലാരംഗത്ത് പ്രമേയ പരിസരത്ത് നിർമ്മിതബുദ്ധി വരുന്നത് കാലഘട്ടത്തിന്റെ സവിശേഷതയായി കാണാമെങ്കിലും producer അഥവാ നിർമ്മാതാവിന്റെ സ്ഥാനത്തേക്ക് നിർമ്മിതബുദ്ധി കടന്നുവരുന്നത് പല തരത്തിലുള്ള വെല്ലുവിളികൾ ഉയർത്തുന്നുണ്ട്.
- ഒരു കലാകാരൻ എന്തു നിർമ്മിക്കുന്നു, അത് പ്രത്യക്ഷപ്പെടുന്ന പൊതു ഇടങ്ങൾ ഏതെല്ലാം, അവിടെയെല്ലാം ഏതുതരം വിനിമയ സംവിധാനവും അധികാരവുമാണ് അതിന് സ്ഥാപിക്കാൻ കഴിയുന്നത് എന്നതെല്ലാം പ്രധാനമാണ്. ഇത്തരത്തിൽ അക്കാദമിക സമൂഹത്തിൽ എന്നതുപോലെ സാധാരണ ജനങ്ങളിലേക്ക് കൂടി ഇറങ്ങിച്ചെല്ലാൻ യഥാർത്ഥത്തിൽ കൊച്ചി-മുസിരിസ് ബിനാലെ മാതൃകകൾക്ക് സാധിച്ചിട്ടുണ്ട്.

**സഹായകഗ്രന്ഥങ്ങൾ**


- കവിത ബാലകൃഷ്ണൻ, 2020, വായനാ മനുഷ്യന്റെ കലാചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
- പ്രസാദ് പന്ന്യൻ (എഡി.), 2021, ആർ യൂ ഹ്യൂമൻ, ഡി സി ബുക്സ്
- സുധീഷ് കോട്ടേമ്പ്രം, 2023, കലാവസ്തുവിന്റെ വർത്തമാനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
- ശ്രീകുമാർ ടി ടി, 2021, പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ, പുസ്തക പ്രസാധക സംഘം
- മാനവാനന്തരതയുടെ മാനങ്ങൾ, മലയാള പച്ച റിസർച്ച് ജേണൽ, കെ കെ ടി എം കോളേജ് കൊടുങ്ങല്ലൂർ
- Katherine hayles, 1999, How we became posthuman, London,The University of Chicago press
- Rosi Braidotti, 2013, The Posthuman, Cambridge, Polity press, 65 bridge Street
- Carry Wolfe, 2001, What is posthumanism, London, University of Minnesota press
- Ryszard W. Kluszczyski, New Media Art
- നമ്മുടെ സിരകളിൽ ഒഴുകുന്ന മഷിയും തീയും, ഷോർട്ട് ഗൈഡ്, കൊച്ചി മുസരിസ് ബിനാലെ 2022



ISSN: 2582 - 2594

KERALA-ART

# ഉന്മാദികളുടെ പ്രതീതിലോകം

**ഗീതു സിദ്ധൻ ജി.**
ഗവേഷക
മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളെജ്
തിരുവനന്തപുരം
E-mail: geethuiffk2017@gmail.com

**സംഗ്രഹം**

സിനിമാ സൈദ്ധാന്തികയായ ബാർബറ ക്രീഡിന്റെ അതിമാനുഷ സ്ത്രീത്വം എന്ന ആശയത്തെ മുൻനിർത്തി മലയാറ്റൂരിന്റെ യക്ഷി എന്ന നോവലിനെയും അതിന്റെ അനുവാദനമായ യക്ഷി സിനിമയെയും ഉപാദാനമായി സ്വീകരിച്ചുകൊണ്ടാണ് ഈ പ്രബന്ധം രചിച്ചിരിക്കുന്നത്. ഫ്രോയിഡ്, ലക്കാൻ എന്നിവരുടെ മനഃശാസ്ത്രസിദ്ധാന്തങ്ങളേയും സിനിമാസ്ത്രീവാദം മുന്നോട്ട് വയ്ക്കുന്ന പ്രത്യയശാസ്ത്രപരമായ നിലപാടുകളെയും അവയുടെ പൊതുവായ ചിന്താധാരകളെയും യക്ഷിയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** വജൈന ഡന്റാറ്റ (vagina dentata), ക്യാസ്ട്രേഷൻ ആൻസൈറ്റി (castration anxiety), മോൺസ്ട്രസ് ഫെമിനൈൻ (monstrous feminine), പാരനോയിഡ് സ്കിസോഫ്രീനിയ (paranoid schezophrenia), ബൈപോളാർ (bipolar).

ഭയം മനുഷ്യചേതനയെ അസ്തപ്രജ്ഞമാക്കിക്കളയുന്ന വികാരമാണ്. യഥാർത്ഥ ലോകത്തിൽ ഒരു സാധാരണ മനുഷ്യന് ഭയത്തെ ഇഷ്ടപ്പെടാനാവുകയില്ല. എന്നാൽ കലയുടെ, ആസ്വാദനത്തിന്റെ, ലോകത്ത് ഭയം ലഹരിയായി പതഞ്ഞു പൊന്തുന്നു. ആന്തരഗ്രന്ഥീസ്രവങ്ങളെ ഉദ്ദീപിപ്പിക്കുന്ന ആസ്വാദനത്തിന്റെ സംഘർഷഭരിതമായ ഒരു തലത്തിന് അത് ഇടമൊരുക്കുന്നു. ഈ സംഘർഷാത്മകമായ ഭയത്തിന്റെ മണ്ഡലത്തെ മലയാളിയായ അനുവാചകനും പ്രേക്ഷകനും ഒരുപോലെ ആസ്വദിക്കാൻ ഇടമൊരുക്കി കൊടുത്ത സൃഷ്ടിയാണ് യക്ഷി.

മലയാറ്റൂരിന്റെ യക്ഷി നോവലായും പിന്നീട് അനുവാദനം ചെയ്യപ്പെട്ട് ചലച്ചിത്രമായും മലയാളി ആസ്വദിച്ചറിഞ്ഞിട്ടുള്ളതാണ്. മൂലകഥ ഒന്നുതന്നെയായിരിക്കെ നോവലും സിനിമയും തമ്മിൽ അജഗജാന്തരമുണ്ടെന്നതാണ് വാസ്തവം. എഴുത്തുകാരനും ചലച്ചിത്രകാരനും / തിരക്കഥാകാരനും ആഖ്യാനത്തിൽ സ്വീകരിച്ച രീതിശാസ്ത്രമാണ് ഈ വ്യത്യാസത്തിന് കാരണമായി ത്തീർന്നത്. നോവലിൽ ഉത്തമപുരുഷാഖ്യാനവും സിനിമയിൽ പ്രഥമപുരുഷാഖ്യാനവുമാണ് കാണാനാവുന്നത്. നോവലിലെ ഉത്തമപുരുഷാഖ്യാനം കഥാഗതിയെ വ്യാഖ്യാനിക്കുന്നതിൽ

പ്രേക്ഷകന്റെ കൂടി പങ്കാളിത്തം ആവശ്യപ്പെടുന്നു. സിനിമയിലാകട്ടെ ചലച്ചിത്രകാരൻ പ്രഥമ പുരുഷാഖ്യാനം സ്വീകരിച്ചുകൊണ്ട് പ്രേക്ഷകന് കഥാഗതിയിലുണ്ടാകുന്ന ഓരോ സംശയത്തെയും അതാതുഘട്ടങ്ങളിൽ ദൂരീകരിക്കുന്നു. നോവൽ വായിച്ചുതീരുമ്പോഴുണ്ടാകുന്ന ആശയക്കുഴപ്പങ്ങൾക്കുള്ള ഉത്തരമാണ് ചലച്ചിത്രമെന്ന് സാമാന്യമായി പറയാം.

നോവലിന്റെ കഥാഗതി അങ്ങേയറ്റം കലങ്ങിമറിഞ്ഞതും അവസാനം വരെയും പ്രേക്ഷകന്റെ യുക്തിമണ്ഡലത്തിന് പിടിതരാത്തതുമാണ്. യഥാർത്ഥത്തിനും അയഥാർത്ഥത്തിനും മധ്യേ സമർത്ഥനായ ഒരു ട്രപ്പീസ് കളിക്കാരനെപ്പോലെ ദോലനം ചെയ്യുകയാണ് നോവലിലെ പ്രതീതിലോകം. അനുവാചകൻ അബോധത്തിന്റെ തലങ്ങളിലേക്ക് കടന്ന് യക്ഷി എന്ന സങ്കൽപ്പനത്തിന്റെ അസ്തിത്വത്തിലേക്ക് താദാത്മ്യം പ്രാപിക്കാൻ തുടങ്ങുമ്പോഴേക്കും നോവലിസ്റ്റ്; ചന്ദ്രശേഖരൻ, അനന്തൻ എന്നീ കഥാപാത്രങ്ങളിലൂടെ യുക്തിചിന്തയുടെ മുളപ്പുകൾ അവനിൽ സൃഷ്ടിക്കുന്നുണ്ട്. ഈ അബോധത്തിന്റെ യുക്തിരാഹിത്യത്തിലാണ് നോവലിസ്റ്റ് ഭയത്തിന്റെ വിത്തുകൾ വിതച്ചിടുന്നത്. അതൊരു കാടായി പടർന്നുപന്തലിച്ച് അനുവാചകൻ അവയ്ക്കിടയിൽ യഥാർത്ഥത്തെ തേടി വഴിതെറ്റിയലയുമ്പോൾ വഴികാട്ടിയാകുന്നതും നോവലിസ്റ്റ് തന്നെ.

സിനിമയിൽ പ്രേക്ഷകന് ഇത്തരത്തിലുള്ള അബോധ മണ്ഡലത്തിലേക്ക് വഴിയൊരുക്കുന്നതിനുള്ള കർത്തവ്യം നിക്ഷിപ്തമായിരിക്കുന്നത് ചന്ദ്രശേഖരനിലും അനന്തനിലുമാണ്. നോവലിലും ചലച്ചിത്രത്തിലും ശ്രീനിവാസൻ ഒരു രസതന്ത്ര അധ്യാപകനാണ്. രണ്ടിലും അയാൾ സുമുഖനും സ്ത്രീജനങ്ങൾക്ക് ആരാധ്യനുമായിരുന്നു .അയാൾക്ക് വിജയലക്ഷ്മി എന്നൊരു കാമുകി ഉണ്ടായിരുന്നു . അയാൾക്ക് ലബോറട്ടറിയിൽ വച്ച് അപകടം ഉണ്ടാവുകയും ആസിഡ് വീണ് മുഖം വികൃതമാക്കപ്പെടുകയും ചെയ്യുന്നുണ്ട്. രണ്ടിടങ്ങളിലും അപകടശേഷം കാമുകിയാൽ തിരസ്കരിക്കപ്പെടുന്നു, വേശ്യാസ്ത്രീയുടെ മുന്നിൽ പോലും ലൈംഗിക ഉത്തേജനം ഉണ്ടാകാതെ പരാജയപ്പെടുന്നു. അയാൾ രാഗിണിയെ പരിചയപ്പെടുകയും പ്രണയിച്ച് വിവാഹം കഴിക്കുകയും ചെയ്യുന്നു. വിവാഹശേഷം ഭാര്യക്ക് മുന്നിലും ലൈംഗികമായി പരാജയപ്പെട്ടു പോകുന്ന ശ്രീനിവാസൻ അവളെ യക്ഷിയാണെന്നു സംശയിച്ചു തുടങ്ങുന്നു. സംശയം ഭ്രാന്തായി പരിണമിക്കുന്ന ഒരു ഘട്ടത്തിൽ അവൾ അയാളുടെ കൈ കൊണ്ട് കൊല്ലപ്പെടുന്നു. രണ്ടിലും അയാൾ യക്ഷിയെക്കുറിച്ചു ഗവേഷണം നടത്തുന്നുണ്ട്.

നോവലിലും ചലച്ചിത്രത്തിലുമുള്ള പൊതുവായ കാര്യങ്ങളാണ് മുകളിൽ സൂചിതമായിരിക്കുന്നത്. ഈ ഘട്ടങ്ങളെ മാറ്റിനിർത്തിയാൽ യക്ഷി എന്ന നോവലും സിനിമയും തികച്ചും വ്യത്യസ്തമായ രണ്ടു കലാസൃഷ്ടികളാണ്. ശ്രീനിവാസന്റെ കഥാപാത്രചിത്രണം തന്നെ അതിനുള്ള മികച്ച ഉദാഹരണമാണ്. നോവലിലെ ശ്രീനിവാസൻ മനോരോഗിയാണെന്ന സത്യം ആദ്യം മുതൽക്കു തന്നെ അനുവാചകന് വെളിപ്പെടുന്നുണ്ട്. എങ്കിലും ആഖ്യാനത്തിന്റെ രീതിശാസ്ത്രം അനുവാചകനെ ശ്രീനിവാസന്റെ വാക്കുകളിൽ വിശ്വാസമർപ്പിക്കാൻ ബാധ്യസ്ഥപ്പെടുത്തുന്നു. അയാൾ ഏതു ഘട്ടത്തിൽ എങ്ങനെ മനോരോഗത്തിന്റെ/ചിത്തഭ്രമത്തിന്റെ മണ്ഡലത്തിലേക്ക് കടക്കുന്നു എന്ന് നോവലിൽ വ്യക്തമായി അടയാളപ്പെടുത്തുന്നില്ല. അയാൾ നിരാശനും പരിത്യക്തനും നിരാലംബനുമാണെന്ന് അനുവാചകന് അനുഭവപ്പെടുന്നു. എന്നാൽ അയാൾ മനോരോഗിയാണോ അതോ അത് സമൂഹത്തിന്റെ വെറും കല്പനയാണോ എന്നു കണ്ടെത്താ

നുള്ള ഉത്തരവാദിത്തം എഴുത്തുകാരൻ അനുവാചകനെ ഏല്പിക്കുന്നു. രാഗിണിയിൽ യക്ഷിയുടെ വ്യക്തിത്വം ആരോപിക്കുന്നതിനുള്ള കാരണങ്ങൾ ശ്രീനിവാസൻ അനുവാചകന് മുന്നിൽ അക്കമിട്ട് നിരത്തുന്നു.

രാഗിണിയുടെ പ്രവൃത്തികളും പെരുമാറ്റവും യക്ഷിയുടേതാണെന്ന തോന്നലുളവാക്കാൻ ശ്രീനിവാസന്റെ ഉത്തമപുരുഷാഖ്യാനത്തിനു കഴിയുന്നുണ്ട്. "നമ്മുടെ നിയമങ്ങൾക്കും ധാരണകൾക്കും സർവസ്വവും വിധേയമാവണമെന്നു പറയുന്നതിൽക്കവിഞ്ഞൊരു അന്ധവിശ്വാസമുണ്ടോ? മറ്റൊരു ലോകമുണ്ടാകാം, അതിന് അതിന്റേതായ നിയമങ്ങളും ശാസ്ത്ര സത്യങ്ങളുമുണ്ടാവാം. സ്പേസിനെ പറ്റിയും കാലത്തെപ്പറ്റിയുമുണ്ടായിരുന്ന എത്രയെത്ര മുൻവിധികൾ നാം തിരുത്തിയെടുത്തിരിക്കുന്നു" എന്ന് ചോദിച്ചുകൊണ്ട് അയാൾ തന്റെ അനിയന്ത്രിതമായ ചിന്താധാരകൾക്ക് ന്യായീകരണത്തിന്റെ മേലങ്കി ചാർത്തുന്നുണ്ട്

നോവലിലെ ശ്രീനിവാസൻ ലബോറട്ടറിയിലെ അപകടത്തിന് ശേഷം തീർത്തും ഏകാകിയാവുകയും, ഒരു കൗതുകത്തിനായി അയാൾ യക്ഷികളെക്കുറിച്ചുള്ള ഗവേഷണത്തിലേക്ക് തിരിയുകയും ചെയ്യുന്നു. ആ സമയത്തു തന്നെയാണ് അയാൾക്ക് സ്ത്രീ ശരീരങ്ങളോട് അഭിനിവേശം തോന്നുന്നതും, ശാരീരിക ആവശ്യങ്ങൾ സഫലീകരിക്കുന്നതിന് അയാൾ വേശ്യാലയംവരെ എത്തുന്നതും. വേശ്യാലയത്തിൽ ഉണ്ടായ അനുഭവത്തിൽ നിന്ന്, അയാൾ തനിക്ക് ലൈംഗിക ശേഷി നഷ്ടപ്പെട്ടെന്ന് തിരിച്ചറിയുന്നുണ്ട്. താനൊരു പഴഞ്ചനാണ് എന്ന് സമ്മതിക്കുന്ന ശ്രീനിവാസൻ പാരമ്പര്യ പുരുഷാധിപത്യ ലോകക്രമങ്ങളുടെ ആരാധകൻ കൂടിയാണ്. അതുകൊണ്ടാണ് അയാൾ തന്റെ ഷണ്ഡീകരണത്തെക്കുറിച്ചുള്ള സത്യം അംഗീകരിക്കാൻ മടിക്കുന്നത്. താൻ ശക്തനാണെന്നും ലൈംഗികവേഴ്ചയിൽ തനിക്കു നേരിട്ട പരാജയം താൽക്കാലികമാണെന്നും അയാൾ തന്നെത്തന്നെ പറഞ്ഞു പഠിപ്പിക്കുന്നു.

നോവലിൽ ശ്രീനിവാസൻ സ്കോപ്പോഫീലിയ(scopophilia[1])യിലേക്ക് കടക്കുന്നതിന്റെ സ്പഷ്ടമായ ചിഹ്നങ്ങൾ നോവലിസ്റ്റ് വരച്ചു കാണിക്കുന്നുണ്ട്. വനജ, രാഗിണി, ബോട്ടിസെല്ലിയുടെ വീനസ്, ടെറി ഹിഗിൻസ്, റോസെന്നാ പോഡെസ്റ്റാ എന്നിങ്ങനെ അയാളുടെ സ്കോപോഫീലിയയുടെ കണ്ണികൾ വിശാലമായി പടർന്നു കിടക്കുന്നു. എന്നാൽ സ്കോപോഫീലിയയിലൂടെ ലഭിക്കുന്ന ലൈംഗിക ഉത്തേജനത്തിന് യഥാർത്ഥമായ ലൈംഗിക ബന്ധത്തിലൂടെ ശമനം ഉണ്ടാക്കാൻ ശ്രീനിവാസന് കഴിയുന്നില്ല. അയാളുടെ, അപ്സരസുകളെ പ്രതിയുള്ള സ്വപ്നവും സ്വപ്നത്തിലെ വീഴ്ചയും ഷണ്ഡീകരണത്തെക്കുറിച്ചുള്ള ശക്തമായ ബിംബങ്ങളാണ്. നോവലിലെ ശ്രീനിവാസൻ സംഭാഷണങ്ങളിലൂടെയെങ്കിലും ഒരു പീപിംഗ് ടോം (peeping tom[2]) ആയി അധഃപതിക്കുന്നത് അനുവാചകന് അനുഭവവേദ്യമാകുന്നു.

രാഗിണിയെ ശ്രീനിവാസൻ തനിക്കു ബാധിച്ചിരിക്കുന്ന കടുത്ത രോഗത്തിനുള്ള പരീക്ഷണശാലയായാണ് ഉപയോഗിക്കാൻ ശ്രമിക്കുന്നത്. തന്റെ വേദനകളെല്ലാം അവളിൽ ലയിച്ചു ചേരുമെന്ന് ശ്രീനിവാസൻ പ്രത്യാശിക്കുന്നുണ്ട്. എന്നാൽ രാഗിണി എന്ന തിളയ്ക്കുന്ന ലായനിയിലും പ്രതിപ്രവർത്തനങ്ങൾക്ക് വിധേയമാകാതെ അപക്ഷിപ്തമായി നിലകൊള്ളാൻ ആയിരുന്നു ശ്രീനിവാസന്റെ വിധി. വിവാഹത്തിനു മുൻപ് തന്നെ തനിക്ക് ഷണ്ഡീകരണം സംഭവിച്ചു കഴിഞ്ഞുവെന്ന് മനസ്സിലായിട്ടും ആ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാതെ രാഗിണിയെ വിവാഹം ചെയ്ത് പുതിയ പരീക്ഷണങ്ങളിലേക്ക് നീങ്ങാനാണ് ശ്രീനിവാസൻ ശ്രമിച്ചത്.

എല്ലാ പരീക്ഷണങ്ങളും പരാജയമായി ഒടുങ്ങിയ ഇടത്തുനിന്നും അയാൾ രാഗിണിയെ എല്ലാ പ്രശ്നങ്ങളുടെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു തുടങ്ങുന്നു.

രാഗിണിയിൽ ശ്രീനിവാസൻ അതിമാനുഷ സ്ത്രീത്വത്തിന്റെ (monstrous feminine)[3] ഛായകൾ കണ്ടുതുടങ്ങുന്നു. തനിക്കു ലിംഗനഷ്ടം വരുത്തിവയ്ക്കുന്നതിനായി ഭൂതകാലത്തിലെ ഫാലിക്ക് ഘട്ടത്തിൽ (phallic)[4] നിന്നും ഒരു സ്ത്രൈണശരീരം വന്നെത്തിയിരിക്കുന്നു എന്ന് ശ്രീനിവാസന്റെ ഉപബോധമനസ്സ് വിശ്വസിച്ചു തുടങ്ങുന്നു. അയാൾ മിഥ്യയുടെ ഭയം തീർത്ത ആവരണത്തിനുള്ളിൽ കറുപ്പ് നുകർന്ന ഒരു ഉന്മാദിയെപ്പോലെ നട്ടംതിരിയുന്നു. ഷണ്ഡീകരണ ഭയത്തിൽ (castration anxiety)[5] നിന്നും രക്ഷ നേടുന്നതിനായി അയാൾ രാഗിണിയെ വകവരുത്താൻ ശ്രമിക്കുന്നു. ഭ്രൂണം തിന്നുന്ന യക്ഷി, രക്തപാനം നടത്തുന്ന യക്ഷി, പ്രകൃതിശക്തികളിലും ജന്തുജാലങ്ങളിലും ചലനം വരുത്തുന്ന അതിമാനുഷ സ്ത്രീത്വം എന്നിങ്ങനെ മനുഷ്യസ്ത്രീയായ രാഗിണിയിൽ അതിമാനുഷികതയുടെ ഭീകര സാമ്യതകൾ ആരോപിച്ചുകൊണ്ട് ശ്രീനിവാസൻ തന്റെ പ്രവർത്തികളെ ന്യായീകരിക്കുന്നു. യഥാർത്ഥത്തിൽ അയാൾ തച്ചുടയ്ക്കാൻ ശ്രമിക്കുന്നത് തനിക്ക് അപ്രാപ്യമായ സ്ത്രീ ശരീരങ്ങളെക്കുറിച്ചുള്ള അവിശുദ്ധ കാമനകളെയാണ്.

വജൈന ഡെന്റാറ്റ(vagina dentata)[6]യിൽ നിന്ന് ബഹിർഗമിക്കുന്ന ഭയത്തിന്റെ അലകൾ അയാളിൽ ഉത്കണ്ഠ(Anxiety)യുടെ വിത്തുകളെ പടർന്നു പന്തലിക്കാൻ വളമൊരുക്കുന്നു. ചിത്തഭ്രമത്തിന്റെ നിലയില്ലാക്കയങ്ങളിലേക്ക് വീണുപോകുന്ന ശ്രീനിവാസനെ യാഥാർത്ഥ്യത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള ചന്ദ്രശേഖരന്റെ ശ്രമങ്ങളെ വിഫലമാക്കികൊണ്ട് അബോധാവസ്ഥയിൽ ശ്രീനിവാസൻ രാഗിണിയെ കൊല്ലുക തന്നെ ചെയ്യുന്നു. തനിക്കപ്രാപ്യമായ പെണ്ണുടലിനോടുള്ള ഷണ്ഡീകരണഭയത്തെ ഒരു കൊലപാതകത്തിലൂടെ പരിഹരിച്ചതിനുശേഷം അതിൽ കുറ്റബോധത്തോടെ ജീവിക്കുന്ന, തന്നോടു തന്നെ സഹതപിക്കുന്ന, ശ്രീനിവാസനിലേക്കു അനുവാചകനെ കഥാന്ത്യത്തിൽ തിരികെക്കൊണ്ടുനിർത്തി നിഗമനങ്ങളിലെത്തിക്കൊള്ളാൻ പരോക്ഷമായി നിർദേശിച്ച് എഴുത്തുകാരൻ രംഗമൊഴിയുന്നു.

സിനിമയിൽ ചലച്ചിത്രകാരൻ/തിരക്കഥാകൃത്ത് കഥയിലുടനീളം പ്രേക്ഷകനൊപ്പം സഞ്ചരിക്കുകയാണ്. ഒരു മനഃശാസ്ത്ര വിദഗ്ധനെപ്പോലെ അയാൾ, പ്രേക്ഷകൻ കഥയിലെ വിഭ്രാന്തിയുടെ ചുഴികളിലേക്ക് വീണുപോകാതെ അയാൾ കാവലിരിക്കുന്നു. നോവലിൽനിന്നു വിഭിന്നമായി സിനിമയിൽ ശ്രീനിവാസൻ അപകടത്തിന് മുൻപ് തന്നെ യക്ഷിഗവേഷണത്തിലേക്ക് തിരിയുന്നതായി കാണാം. സിനിമ അതിമാനുഷ സ്ത്രീത്വത്തെ കെട്ടിപ്പടുക്കുകയാണ് എന്ന് സാമാന്യമായി പറയാം. അതിനായി ചലച്ചിത്രകാരൻ നോവലിൽനിന്ന് വിഭിന്നമായ ചില സങ്കേതങ്ങളെ സിനിമയിൽ അവതരിപ്പിക്കുന്നു. നോവലിൽ ഭയം സ്വാഭാവികമായി ജനിക്കുകയാണ്. സിനിമയിലാകട്ടെ അത് മനഃപൂർവമായി സൃഷ്ടിക്കപ്പെടുന്നു. നോവലിൽ അരിവെപ്പുകാരൻ പയ്യൻ ഒരേ ഒരിടത്തുമാത്രം പരാമർശിക്കപ്പെടുമ്പോൾ, സിനിമയിൽ അയാൾ പരമുവെന്ന മുഴുനീളൻ കഥാപാത്രമായി അവതരിക്കുന്നു. അയാൾ ശ്രീനിവാസനോട് യക്ഷികളെപ്രതിയുള്ള സ്വാനുഭവങ്ങൾ വിവരിക്കുന്നുണ്ട്. പരമുവിൽ നിറഞ്ഞുനിൽക്കുന്ന ഫാസ്മോഫോബിയ (phasmophobia)[7] പ്രേക്ഷകനിലേക്ക് സംക്രമിപ്പിക്കുന്നതിനാണ് ചലച്ചിത്രകാരൻ അതിലൂടെ ശ്രമിക്കുന്നത്. അനന്തൻ, ശ്രീനിവാസനോട് അയാൾ താമസിക്കുന്ന വീടിനെക്കുറിച്ചും വീടിന്റെ ഭിത്തിയിലുള്ള യക്ഷിയമ്പലത്തിന്റെ ചിത്രത്തെക്കുറിച്ചും വിവരിക്കുന്ന രംഗവും സി


ISSN: 2582 - 2594

നിമയിൽ അധികമായി കൂട്ടിച്ചേർക്കപ്പെട്ട ഒന്നാണ്. ചിത്രത്തിലേക്ക് നോക്കി യക്ഷിയോടായി ശ്രീനിവാസൻ "ഇന്ന് വരുോ" എന്ന് ചോദിക്കുന്നു. അതേദിവസം രാത്രിയാണ് ഇരുട്ടിന്റെയും മഴയുടെയും പശ്ചാത്തലത്തിൽ രാഗിണിയും ശ്രീനിവാസനും തമ്മിലുള്ള ആദ്യ സമാഗമത്തിന് ചലച്ചിത്രകാരൻ വേദിയൊരുക്കുന്നത്. രാഗിണിയുടെ വേഷവിധാനങ്ങളും ദുരൂഹമായ സംസാരരീതിയും അവളിൽ യക്ഷിസ്വത്വത്തെ ആരോപിക്കാൻ ശ്രീനിവാസനെയും പ്രേക്ഷകരെയും പ്രേരിപ്പിക്കുന്നു. അന്നേദിവസം രാത്രി തന്നെ പരമു ഭയന്ന് മരിക്കുന്നത് ആ സംശയത്തിന് ആക്കം കൂട്ടുന്നു. ചലച്ചിത്രകാരൻ ആവിഷ്കാരതന്ത്രത്തിൽ ഉരുക്കിയൊഴിച്ചിരിക്കുന്ന അതിമാനുഷ സ്ത്രീത്വത്തെക്കുറിച്ചുള്ള തിളയ്ക്കുന്ന ദ്രാവകം പ്രേക്ഷക മസ്തിഷ്ക്കത്തിലേക്ക് വിഭ്രാന്തിയുടെ പുതിയ കൈവഴികൾ തുറക്കുന്നു. രാഗിണിയിൽ യക്ഷിസ്വത്വം ഊട്ടിയുറപ്പിക്കുന്നതിനായി അതിമാനുഷ സ്ത്രീത്വത്തിന്റെ പ്രത്യക്ഷബിംബങ്ങളായ ലൈംഗീകാസക്തി, രാഗിണിയോടുള്ള മൃഗങ്ങളുടെ പ്രതികരണം, അടഞ്ഞു തുറക്കുന്ന വാതിലുകൾ, ആഞ്ഞടിക്കുന്ന കാറ്റ്, ഇരുട്ട്, ചോരയുടെ അടയാളങ്ങൾ എന്നിവ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

ഫാസ്മോഫോബിയയുടെ വിത്തുകൾ പ്രേക്ഷകനിൽ വളർന്നു പെരുകി കാടായിത്തിങ്ങി നിറയും മുൻപ് യുക്തിവാദിയായ ചലച്ചിത്രകാരൻ ചന്ദ്രശേഖരന്റെ രൂപത്തിൽ അവതരിക്കുകയും കണ്ടമായക്കാഴ്ചകൾക്കെല്ലാം മനഃശാസ്ത്ര വിശകലനത്തിലൂടെ ഉത്തരം നൽകുകയും ചെയ്യുന്നു. തുടർന്ന് കഴിഞ്ഞുപോയ രംഗങ്ങളുടെ വിശകലനത്തിലൂടെ പ്രേക്ഷകന് യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്നു.

നോവലിലെ ശ്രീനിവാസനിൽ മനോരോഗത്തിന്റെ അടയാളങ്ങളുണ്ടാവുന്നത് ലബോറട്ടറിയിലെ അപകടത്തിന് ശേഷമാണ്. വിജയലക്ഷ്മിയുടെ തിരസ്കാരം അയാൾക്കേറ്റ ഏറ്റവും വലിയ പ്രഹരമാണ്. ജീവനുതുല്യം സ്നേഹിച്ച കാമുകി വൈരൂപ്യത്തിന്റെ പേരിൽ തന്നെയുപേക്ഷിച്ചത് ബന്ധങ്ങളിലും സ്നേഹങ്ങളിലും സർവോപരി സ്ത്രീകളോട് തന്നെയുമുള്ള ശ്രീനിവാസന്റെ വിശ്വാസങ്ങളെ തകർത്തുകളഞ്ഞിരുന്നു. തുടർന്നുള്ള ഏകാന്തജീവിതം അയാളിൽ വളർന്നുവന്ന ഉത്ക്കണ്ഠ എന്ന മാനസികവ്യാപാരത്തെയാണ് അടയാളപ്പെടുത്തുന്നത്. വേശ്യയുമായുള്ള ലൈംഗീകവേഴ്ചയിലുണ്ടായ പരാജയം ശ്രീനിവാസനിൽ അപകർഷതാബോധം വളർത്തി. ഇതിൽനിന്നൊക്കെയുള്ള ഒളിച്ചോട്ടം എന്ന നിലയിൽ അയാൾ കണ്ടെത്തുന്ന മാർഗമാണ് യക്ഷികളെക്കുറിച്ചുള്ള ഗവേഷണം. സ്വതവേ ഉള്ളിലുണ്ടായിരുന്ന ഫാസ്മോഫോബിയ ശ്രീനിവാസന്റെ കുഴഞ്ഞുമറിഞ്ഞ മാനസിക സംഘർഷങ്ങളുമായി പ്രതിപ്രവർത്തനത്തിലേർപ്പെട്ട് അയാളെ ഹിസ്റ്റീരിയയിലേക്കും പാരനോയിഡ് സ്കീസോഫ്രീനിയ (paranoid schezophrenia)[8] യിലേക്കും നയിക്കുകയാണ് ചെയ്തത്

പാരനോയിഡ് സ്കീസോഫ്രീനിയയുടെ എല്ലാ ലക്ഷണങ്ങളും നോവലിസ്റ്റ്, ശ്രീനിയുടെ തുടർന്നുള്ള കഥാപാത്രചിത്രീകരണത്തിൽ കാണിക്കുന്നുണ്ട്. സംശയങ്ങളിലും മതിഭ്രമങ്ങളിലും തുടങ്ങി, വിഭ്രാന്തിയിലേക്കും, മായാമോഹങ്ങളിലേക്കും വഴുതിവീഴുന്ന ശ്രീനിവാസനെ നാം കാണുന്നു. ഈ രോഗാവസ്ഥയെക്കുറിച്ചുള്ള അജ്ഞത ഇത് മൂർച്ഛിക്കാൻ കാരണമാവുകയും രോഗിക്ക് പൂർവസ്ഥിതിയിലേക്കൊരു മടക്കയാത്ര അസാധ്യമാവുകയും ചെയ്യുന്നു. നോവലിലെ ശ്രീനിവാസൻ പ്രസ്തുത അവസ്ഥയിലെത്തി അബോധത്തിൽ ഒരു കൊലപാതകം നടത്തി ജീവിതം തന്നെ താറുമാറാക്കുന്നു. അയാളെ സംബന്ധിച്ചിടത്തോളം സ്വാഭാവിക ജീവിതത്തി

ന്റെ പച്ചപ്പുകൾ വിദൂരമാണ്. ചെയ്തുപോയ പ്രവൃത്തികളെക്കുറിച്ച് പ്രജ്ഞയുടെ നിമിഷങ്ങളിൽ തോന്നുന്ന കുറ്റസമ്മതങ്ങൾ മാത്രമാണ് അയാളെ സാധാരണജീവിതവുമായി ബന്ധിപ്പിക്കുന്നത്.

സിനിമയിലെ ശ്രീനിവാസൻ ആദ്യംമുതൽക്കുതന്നെ ദ്വന്ദ്വവ്യക്തിത്വമുള്ളയാളാണ്. ലബോറട്ടറിയിലെ അപകടം അയാളുടെ മാനസിക വ്യാപാരത്തെ കുറേക്കൂടി സങ്കീർണമാക്കി എന്നേ പറയാനാവൂ. സമർഥനായ ഒരു രസതന്ത്ര അധ്യാപകനായിരിക്കെത്തന്നെ അയാൾ അപരലോകത്തെക്കുറിച്ചും അവിടത്തെ ശക്തികളെക്കുറിച്ചും അറിയാൻ താല്പര്യപ്പെടുന്നുണ്ട്. 'യക്ഷി' എന്ന സങ്കല്പനം അയാളിൽ പൊടുന്നനെ കടന്നുവന്ന ഒന്നല്ല. ജീവിതത്തിലുണ്ടായ സംഘർഷങ്ങൾ ആ സങ്കൽപ്പനത്തിൽ പൂർണമായും വലയംപ്രാപിക്കുന്നതിന് അയാളെ പ്രേരിപ്പിച്ചുവെന്നുമാത്രം. തന്റെ ശാരീരികവും മാനസികവുമായ കുറവുകളെ അയാൾ രാഗിണിയിൽ ആരോപിക്കുന്ന അതിമാനുഷ സ്ത്രീത്വത്തിനുമേൽ കെട്ടിവയ്ക്കുന്നു. പ്രേക്ഷകൻ അയാളുടെ ഭ്രാന്തൻ ചിന്തകളിലകപ്പെട്ടു പോകാതെ രക്ഷക്കെത്തുന്ന ചലച്ചിത്രകാരൻ ചന്ദ്രശേഖരനിലൂടെ: "ലാബിലെ അപകടത്തിനുശേഷം നീ എല്ലാവരിൽനിന്നുമകന്നു. നിന്റേതുമാത്രമായ ലോകത്തിൽ നീ ഒതുങ്ങിക്കൂടി. യക്ഷിഗവേഷണത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. താളിയോലക്കെട്ടുകൾ യാഥാർഥ്യമാണെന്ന് കണ്ണുമടച്ചു വിശ്വസിച്ചു. ലൈംഗിക കഴിവുകേട് മറച്ചുപിടിക്കാൻ രാഗിണിയെ യക്ഷിയായി സങ്കല്പിക്കുകയാണ്" എന്ന യാഥാർഥ്യം വെളിപ്പെടുത്തുന്നു. എന്നാൽ അവയെല്ലാം ഖണ്ഡിക്കുന്ന ശ്രീനിവാസൻ നോവലിൽ നിന്ന് ഭിന്നമായി രാഗിണിയോട് ഒരു അനുകമ്പയും കുറ്റബോധവും വച്ചുപുലർത്തുന്നില്ല.

സിനിമ, നോവലിൽനിന്ന് വ്യത്യസ്തമായി രാഗിണിയുടെ തിരോധാനത്തിന് വ്യക്തമായ ചിത്രം നൽകുന്നുണ്ട്. മാത്രമല്ല, ശ്രീനിവാസനിലെ മാനസികരോഗിയെ അത് വെളിച്ചത്തു കൊണ്ടുവരികയും ചെയ്യുന്നു. സത്യത്തെ അംഗീകരിച്ചു ബോധമണ്ഡലത്തിലേക്ക് തിരിച്ചുവരുന്ന ശ്രീനിവാസനിൽ ജീവിതത്തിന്റെ പച്ചപ്പുകൾ ബാക്കിയുണ്ട്. നോവലിൽ ശ്രീനിവാസന്റെ ജീവിതത്തെപ്രതി നിലനിൽക്കുന്ന അനിശ്ചിതത്വം സിനിമയിൽ പ്രേക്ഷകന് അനുഭവപ്പെടുന്നില്ല. അയാൾ സ്വയം കുറ്റസമ്മതം നടത്തിയിരിക്കുന്നു. ചെയ്ത കുറ്റത്തിനുള്ള ശിക്ഷയും ഉചിതമായ ചികിത്സയും അയാൾക്ക് ലഭിക്കുമെന്നും എന്നെങ്കിലും സമാധാനത്തിന്റേതായ ഒരു ലോകത്തേക്ക് ആ മനുഷ്യജീവൻ കടക്കുമെന്നും പ്രേക്ഷകന് പ്രതീക്ഷിക്കാം. അഥവാ അയാൾക്ക് കോടതി മരണശിക്ഷ വിധിച്ചാൽ തന്നെയും അത് ഒരു അനുഗ്രഹമായി കണക്കാക്കാനേ കഴിയുകയുള്ളൂ. ഓർമകളുടെ പീഡയിൽ നിന്നും അയാൾക്കവിടെ വിടുതൽ ലഭിക്കുകയാണ്.

മലയാളസാഹിത്യരംഗത്തും സിനിമാലോകത്തും യക്ഷി ഒരു മഹത്തായ സൃഷ്ടിയാണ്. 1968 കാലത്തിൽ മനഃശാസ്ത്രത്തെയും സാഹിത്യത്തെയും യുക്തിസഹമായി സമ്മേളിപ്പിച്ചുകൊണ്ട് എക്കാലവും മുതല്ക്കൂട്ടാവുന്ന സൃഷ്ടി നടത്താൻ എഴുത്തുകാരനും ചലച്ചിത്രകാരനും കഴിഞ്ഞിരിക്കുന്നു. എഴുത്തുകാരനും ചലച്ചിത്രകാരനും അവരവരുടേതായ ഭാഷ്യം നൽകി വ്യത്യസ്തമായ ആഖ്യാനതന്ത്രങ്ങളിലൂടെ ഒരേ മൂലകഥയെ ആവിഷ്കരിച്ചപ്പോൾ വായനക്കാരനും പ്രേക്ഷകനും അനുഭവിക്കാൻ സാധിച്ചത് ഭാവനയുടെ രണ്ടു വ്യത്യസ്ഥതലങ്ങളാണ്. ഭയത്തിന്റെ, അത്ഭുതങ്ങളുടെ പ്രതീതി ലോകങ്ങളിലേക്ക് ഇനിയും അനേകതലമുറകളെ യക്ഷി കൂട്ടിക്കൊണ്ടുപോകും. ഭാവനയുടെ കരിമ്പനകളിൽ വച്ച് ബോധത്തിന്റെ പുറംചട്ടകൾ അഴിച്ചുമാറ്റി ഉന്മാദത്തിന്റെ നിത്യനഗ്നതയിലൂടെ കുളിരുകോരിക്കും തീർച്ച!


ISSN: 2582 - 2594

## കുറിപ്പുകൾ

1. സ്കോപ്പോഫീലിയ : ലൈംഗിക വസ്തുക്കളെയോ, അവയവങ്ങളെയോ, വേഴ്ചയെയോ വീക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന ആനന്ദം.
2. പീപിംഗ് ടോം : മറ്റുള്ളവരുടെ ലൈംഗികതയെ വീക്ഷിച്ച് ആനന്ദം കണ്ടെത്തുന്നയാൾ.
3. അതിമാനുഷസ്ത്രീത്വം : ഹൊറർ സിനിമകളിലെ സ്ത്രീകഥാപാത്രങ്ങൾക്കുമേൽ ആരോപിക്കപ്പെടുന്ന കഥാപാത്ര സ്വഭാവം.
4. ഫാലിക് ഘട്ടം : സ്ത്രീക്കും പുരുഷനും ഈ ഘട്ടത്തിൽ ഒന്നു പോലെയുള്ള ജനനേന്ദ്രിയങ്ങൾ ഉണ്ടായിരുന്നു. ഫാലിക്ക് ഘട്ടത്തിലാണ് സ്ത്രീക്ക് ലിംഗനഷ്ടം സംഭവിച്ചത്. അന്നുമുതൽ സ്ത്രീ പുരുഷനും ലൈംഗികബന്ധത്തിലൂടെ ലിംഗനഷ്ടം വരുത്താൻ ശ്രമിക്കുന്നതായി ഫ്രോയിഡിന്റെ സിദ്ധാന്തങ്ങൾ പറയുന്നു.
5. ഷണ്ഡീകരണ ഭയം (castration anxiety): സ്ത്രീയുമായുള്ള ബന്ധത്തിലൂടെ തനിക്ക് ലിംഗങ്ങൾ നഷ്ടപ്പെടുമെന്നും ഷണ്ഡീകരണം സംഭവിക്കുമെന്നുമുള്ള പുരുഷന്റെ ഭയം.
6. വജൈന ഡന്റാറ്റ : സ്ത്രീയുടെ ജനനേന്ദ്രിയത്തെ അനേകദന്തങ്ങളുള്ള ഭീകര സ്വത്വത്തോട് ഉപമിക്കുന്ന സങ്കല്പനം.
7. ഫാസ്മോഫോബിയ: അദൃശ്യശക്തിയോടുള്ള ഭയം.
8. പാരനോയിഡ് സ്കിസോഫ്രീനിയ : ചിത്തഭ്രമത്തിന്റെ ഏറ്റവും മോശപ്പെട്ട അവസ്ഥ. ചികിത്സ കിട്ടാത്തപക്ഷം രോഗിക്ക് സ്വാഭാവികജീവിതത്തിലേക്ക് മടങ്ങിവരവ് അസാധ്യമാണ്.

## റഫറൻസ്


1. രാമകൃഷ്ണൻ, മലയാറ്റൂർ, 'യക്ഷി',1967,ഡിസി ബുക്ക്സ്, കോട്ടയം
2. Mulvey, Laura (Autumn 1975). "Visual pleasure and narrative cinema". Screen. 16 (3): 6–18
3. Sue Thornham (ed.), Feminist Film Theory. A Reader, Edinburgh University Press 1999
4. Erens, P. (1990). Issues in Feminist Film Criticism. Indiana University Press. ISBN 9780253319647. Retrieved October 27, 2014.
5. Rich, B. Ruby. "In the Name of Feminist Film Criticism. Issues in Feminist Film Criticism. Patricia Erens, ed. Bloomington: Indiana University Press, 1990, pp. 268–287.

KERALA-ART

# സ്വപ്നാവിഷ്കാരം 'ലൂസിഡ് ഡ്രീംസ്' എന്ന ചലച്ചിത്രത്തിൽ

**ഡോ. കിരൺ മോഹൻ എം.**
അസിസ്റ്റൻറ് പ്രൊഫസർ
മലയാള വിഭാഗം
ശ്രീനാരായണാകോളേജ്, ചാത്തന്നൂർ
E-mail: mundakkalkiran@gmail.com

**സംഗ്രഹം**

ബോധത്തിന് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിങ്ങനെ മൂന്ന് അവസ്ഥകളുള്ളതായി കരുതുന്നു. പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയമാകുന്ന മൂർത്തമായ കാര്യങ്ങളെ അറിയുകയും അവയോട് പ്രതികരിക്കുകയും ചെയ്യുന്നതിനെ ജാഗ്രത് (ജാഗരികം) എന്നും ഒട്ടും ബോധവൃത്തിയില്ലാതിരിക്കുന്ന ഗാഢമായ നിദ്രയെ സുഷുപ്തി എന്നും വേദാന്തികൾ വിളിക്കുന്നു. വളരെ തെളിച്ചമുള്ള ബോധവൃത്തിയുടെയും തീരെ അവ്യക്തമായി അവസാനം അവബോധം വരെ എത്തിച്ചേരുന്ന നിദ്രാവസ്ഥയുടെയുമിടയിൽ സംഭവിക്കുന്നതാണ് സ്വപ്നം. ഉണർന്നിരിക്കുമ്പോൾ ചെയ്യുന്ന പ്രവൃത്തി മാത്രമാണ് ജീവിതത്തിൽ പ്രസക്തിയുള്ളത് എന്ന് പൊതുവേ കണക്കാക്കപ്പെടാറുണ്ട്. എന്നാൽ പാശ്ചാത്യ-പൗരസ്ത്യ പണ്ഡിതന്മാർ സ്വപ്നത്തെ സമഗ്രമായി പഠിക്കാൻ എല്ലാക്കാലത്തും ശ്രമിച്ചിട്ടുണ്ട്. സാഹിത്യാഖ്യാനത്തിന്റെ ബഹുവിധ വിഷയങ്ങളിൽ ഒന്നായിരുന്നു സ്വപ്നങ്ങൾ. സ്വപ്നത്തെക്കുറിച്ചും സ്വപ്നാവസ്ഥകളെക്കുറിച്ചുമുള്ള പരാമർശങ്ങൾ നൂറ്റാണ്ടുകൾക്കു മുൻപേയുള്ള ദർശനങ്ങളിലും സാഹിത്യത്തിലും പ്രയുക്തമായി കാണാവുന്നതാണ്. മിക്ക കലാ-സാഹിത്യരൂപങ്ങളിലും വേർതിരിവില്ലാതെ സ്വപ്നം അതിന്റെ സാന്നിധ്യം അറിയിക്കാറുണ്ട്. സിനിമകൾ ഉണ്ടായ കാലം മുതൽക്ക് തന്നെ ഒട്ടേറെ ചലച്ചിത്രങ്ങളുടെ തിരക്കഥയിൽ സ്വപ്നം വലിയ പ്രാധാന്യത്തോടെ കടന്നുവന്നിട്ടുണ്ട്. ഇതിവൃത്തത്തിൽ നിർണ്ണായകസ്ഥാനം വഹിക്കാതെ കേവല പരാമർശങ്ങൾ മാത്രമായും പല ചലച്ചിത്രങ്ങളിലും സ്വപ്നത്തെ ആവിഷ്കരിച്ചിട്ടുണ്ട്. 2017ൽ പുറത്തിറങ്ങിയ 'ലൂസിഡ് ഡ്രീംസ്' സ്വപ്നം കേന്ദ്രപ്രമേയമാക്കിയ ഒരു സൗത്ത് കൊറിയൻ ചിത്രമാണ്. ഈ ചിത്രത്തിന്റെ തിരക്കഥയിൽ സ്വപ്നത്തെ എപ്രകാരമാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് കണ്ടെത്താനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ :** സ്വപ്നം, സ്വപ്ന പരാമർശങ്ങൾ, സിനിമ, ലൂസിഡ് ഡ്രീംസ്, ഷെയർ ഡ്രീമിംഗ്


ISSN: 2582 - 2594

ഉറക്കത്തിൽ നമ്മുടെ മനസ്സ് സൃഷ്ടിക്കുന്ന കഥകളും ചിത്രങ്ങളുമാണ് സ്വപ്നങ്ങളെന്നു പറയാം. അവ നമ്മെ ആനന്ദിപ്പിക്കുന്നതാകാം, ചിരിപ്പിക്കുന്നതാകാം, വേദനിപ്പിക്കുന്നതാകാം, പലപ്പോഴും ഭയപ്പെടുത്തുന്നതുമാകാം. ഒരാളുടെ സ്വപ്നങ്ങൾ എന്നത് അയാളുടെ ജീവിതത്തിലെ വിവിധഘട്ടങ്ങളിലെ അനുഭവങ്ങളും ഓർമ്മകളും ആഗ്രഹങ്ങളും കൂടിച്ചേർന്നതായിരിക്കാം. അയാളുടെ ആഴത്തിലുള്ള അഭിലാഷങ്ങളുടെയും സഫലമാകാത്ത ആഗ്രഹങ്ങളുടെയും പ്രതിഫലനങ്ങളായിരിക്കും മിക്ക സ്വപ്നങ്ങളും. ബുദ്ധി, ഭാവന, അനുഭവസമ്പത്ത് തുടങ്ങിയ പല ഘടകങ്ങളും നമ്മുടെ ചിന്തകൾക്കു പിന്നിൽ പ്രവർത്തിക്കുന്നതുപോലെ, സ്വപ്നങ്ങൾക്കു പിന്നിലും ഒട്ടേറെ ഘടകങ്ങൾ പ്രവർത്തിക്കാറുണ്ട്. കാലങ്ങളായി നമ്മളാർജ്ജിച്ച അറിവുകളും അനുഭവങ്ങളും ഭാവനയുമൊക്കെ അതിലുൾപ്പെടുന്ന ഘടകങ്ങളാണ്. "ഉറക്കത്തിലുണ്ടാകുന്ന ചിന്തയുടെയോ തുടർച്ചയായ ചിന്തകളുടെയോ ദൃശ്യവൽക്കരണമാണ് സ്വപ്നം" എന്ന് സി.എസ്. ഹാൾ അഭിപ്രായപ്പെടുന്നു. സ്വപ്നം ഒരു ബൗദ്ധികപ്രക്രിയയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം (സി.എസ്. ഹാൾ, 1953, പു. 273).

വേദങ്ങളും ഉപനിഷത്തുകളും തുടങ്ങി അത്യുത്തമങ്ങളായ പല ദാർശനികഗ്രന്ഥങ്ങളിലും സ്വപ്നത്തെക്കുറിച്ചും സ്വപ്നാവസ്ഥകളെക്കുറിച്ചും വിശദമാക്കുന്നുണ്ട്. ക്ലാസിക്കുകളിലും പുരാണേതിഹാസങ്ങളിലും തുടങ്ങി എല്ലാ കാലഘട്ടങ്ങളിലുമുണ്ടായ മറ്റു പല കൃതികളിലും ഒട്ടുമിക്ക സാഹിത്യരൂപങ്ങളിലും സ്വപ്നം പ്രധാനഘടകമായി കടന്നുവന്നിട്ടുണ്ട്. സ്വപ്നപരാമർശമോ സ്വപ്നാവിഷ്കാരമോ ഈ രചനകൾക്കെല്ലാം സവിശേഷമായ ഒരു ഭാവതലം പ്രദാനം ചെയ്യുന്നതായി കാണാവുന്നതാണ്. കേവലം സ്വപ്നദർശനങ്ങളായി മാത്രമല്ല, പലപ്പോഴും കഥാപാത്രങ്ങളുടെ അതിസൂക്ഷ്മമായ മാനസികചിത്രീകരണത്തിനു വേണ്ടിയും സ്വപ്നങ്ങളെ വിവിധ സാഹിത്യരൂപങ്ങളിൽ ഉപയോഗിച്ചു കാണുന്നുണ്ട്. ഒരുപക്ഷെ, എല്ലാ സാഹിത്യസൃഷ്ടികളിലും സ്വപ്നത്തിന്റെ അദൃശ്യമായ സാന്നിദ്ധ്യമുണ്ടായിരിക്കാം. ഒരു സർഗ്ഗാത്മകസാഹിത്യകാരന്റെ അനുഭവമണ്ഡലത്തിൽ അയാളുടെ സ്വപ്നാനുഭവങ്ങളുടെ സാന്നിദ്ധ്യമുണ്ടാകാതെ തരമില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ എഴുത്തുകാരന്റെ ഉദാത്തീകരിക്കപ്പെട്ട സ്വപ്നങ്ങളുടെ ആവിഷ്കാരമായി മികച്ച സാഹിത്യത്തെ കരുതാവുന്നതാണ്. ചുരുക്കത്തിൽ ഉത്തമസാഹിത്യം പലപ്പോഴും മനുഷ്യന്റെ സ്വപ്നാവബോധത്തോട് സംവദിക്കുന്നതായിരിക്കും.

സാഹിത്യത്തിന്റെ ഒട്ടുമിക്ക രൂപങ്ങളിലും സ്വപ്നം കടന്നുവന്നിട്ടുള്ളതായി കാണാം. കവിത, നാടകം, നോവൽ, ചെറുകഥ, തിരക്കഥ തുടങ്ങി എല്ലാ സാഹിത്യരൂപങ്ങളിലും വേർതിരിവില്ലാതെ സ്വപ്നം സാന്നിദ്ധ്യമറിയിക്കുന്നുണ്ട്. 'വൈവിധ്യം നിറഞ്ഞതും സങ്കീർണ്ണവും വളരെ വികാരഭരിതവുമായ സ്വപ്നം കാണൽ മനുഷ്യന്റെ മതപരമായ മുന്നേറ്റങ്ങൾക്കും കലാസാഹിത്യപരമായ നേട്ടങ്ങൾക്കും ശാസ്ത്രീയസിദ്ധാന്തങ്ങൾക്കും പ്രചോദനമായിട്ടുണ്ട്.' (ഡോ. എ. രാജഗോപാൽ കമ്മത്ത്, 2009:19) എല്ലാ കാലത്തും മിക്ക ഭാഷകളിലെ ചലച്ചിത്രങ്ങളിലും സ്വപ്നം കടന്നുവന്നിട്ടുണ്ട്. തിരക്കഥയുടെ ഇതിവൃത്തത്തിൽ നിർണ്ണായകമായി സ്വാധീനിക്കാതെ സ്വപ്നം അപ്രധാനമായി മാത്രം കടന്നുവരുന്ന ഒട്ടേറെ ചലച്ചിത്രങ്ങളുണ്ടായിട്ടുണ്ട്. കഥാപാത്രങ്ങളുടെ മാനസികാവസ്ഥയെ ചിത്രീകരിക്കുന്നതിനാണ് തിരക്കഥാകൃത്തുക്കൾ സാധാരണയായി സ്വപ്നത്തെ ഒരുപാധിയായി ആവിഷ്കരിക്കുന്നത്. എന്നാൽ കാലക്രമേണ തിരക്കഥയിൽ പരീക്ഷണങ്ങളും പുതുമകളും അവതരിപ്പിച്ച് പ്രേക്ഷകന് വിഭ്രാത്മകമായ

അനുഭൂതി പ്രദാനം ചെയ്യാൻ സ്വപ്നത്തെ ആവിഷ്കരിക്കാൻ തിരക്കഥാകൃത്തുക്കൾ തയ്യാറായി. ഇത്തരത്തിൽ സ്വപ്നം കേന്ദ്രപ്രമേയമാക്കി 2017-ൽ പുറത്തിറങ്ങിയ സൗത്ത്കൊറിയൻ ചിത്രമാണ് 'ലൂസിഡ് ഡ്രീംസ്'. കിം-ജൂൻ-സങ് തിരക്കഥയും സംവിധാനവും നിർവ്വഹിച്ച ഈ ചിത്രത്തിൽ സ്വപ്നത്തെ എപ്രകാരമാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് കണ്ടെത്താനാണ് പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

സാമൂഹിക രാഷ്ട്രീയരംഗങ്ങളിലെ പല അഴിമതികളും കൊള്ളരുതായ്മകളും പുറത്തുകൊണ്ടുവന്നിട്ടുള്ള ഒരു അന്വേഷണാത്മക പത്രറിപ്പോർട്ടറാണ് ഡേ-ഹ്ഊ. അതുകൊണ്ടുതന്നെ ഒട്ടേറെപ്പേരുടെ ശത്രുതയ്ക്കും അയാൾ പാത്രമായിട്ടുണ്ട്. അമ്മ നഷ്ടമായ തന്റെ കുട്ടിയെ അതിന്റെ ദുഃഖമറിയിക്കാതെ വളർത്തിക്കൊണ്ടുവരുന്ന സ്നേഹസമ്പന്നനായ ഒരച്ഛൻ കൂടിയാണ് അദ്ദേഹം. ഒരിക്കൽ മകനെക്കൂട്ടി പാർക്കിലെത്തിയ അയാളെ ഒരജ്ഞാതൻ ഇഞ്ചക്ഷൻ കുത്തിവച്ച് ബോധം കെടുത്തുന്നു. തുടർന്ന് കുട്ടിയെ കാണാതാവുന്നു. കുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം നടത്തിയെങ്കിലും യാതൊരുവിധ തെളിവും കണ്ടെത്താൻ കഴിഞ്ഞില്ല. തന്നോടു ശത്രുതയുള്ളവരാകും ഇതിന്റെ പിന്നിലെന്നു കരുതി ഡേ-ഹ്ഊ പല പ്രമുഖരേയും ആക്രമിക്കുകയും ചെയ്തു. കുട്ടിയ തട്ടിക്കൊണ്ടുപോയവരാരും പണമാവശ്യപ്പെട്ട് വിളിക്കാതിരുന്നതിനാൽ അത്തരത്തിലും തെളിവു ലഭിക്കാതെയായി. മൂന്നുവർഷം കടന്നപോയി. മകൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിച്ച അയാൾ മകനെ കണ്ടെത്താൻ പല വഴികളും അന്വേഷിച്ചു. അങ്ങനെയാണ് ഇൻറർനെറ്റിൽ നിന്ന് ലൂസിഡ് ഡ്രീംസിനെപ്പറ്റി അയാൾ മനസ്സിലാക്കുന്നത്. ലൂസിഡ് ഡ്രീംസിന്റെ സഹായത്തോടെ പലരും കുറ്റവാളികളെ കണ്ടെത്തിയിട്ടുണ്ടെന്ന വാർത്ത അയാൾക്കു പുതുജീവൻ നൽകുന്നു.

ഡേ-ഹ്ഊ സുഹൃത്തായ ഡോ. സോ-ഹ്യൂന്റെ സഹായത്തോടെ ലൂസിഡ് ഡ്രീം പരീക്ഷണത്തിലൂടെ മകനെ കണ്ടെത്താനുള്ള ശ്രമമാരംഭിക്കുന്നു. തിരികെ കൊണ്ടുവരാനാഗ്രഹിക്കുന്ന ഓർമ്മകളെപ്പറ്റി ചിന്തിച്ചുകൊണ്ട് പരീക്ഷണത്തിലേക്കു കടക്കുകയും, സ്വപ്നത്തിൽ പ്രവേശിക്കുകയും ആ സ്വപ്നത്തിനുള്ളിൽ ഉണർന്ന് നഷ്ടമായ ഓർമ്മകളെ മനസ്സിലാക്കിയെടുക്കുന്നതുമാണ് തന്ത്രം. കേസന്വേഷിക്കുന്ന പോലീസുദ്യോഗസ്ഥൻ ചീഫ് സോങിനെ കൂടി ഈ പരീക്ഷണങ്ങളുടെ ഭാഗമാക്കുന്നു. ലൂസിഡ് ഡ്രീം പരീക്ഷണത്തിലൂടെ കുങ്-ഹ്വാനും സാങ്-മാനും ചേർന്നാണ് കുട്ടിയെ കടത്തിയതെന്ന് അവർ കണ്ടെത്തുന്നു. ഒരു പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസിയുടെ സഹായത്തോടെ സാങ്-മാനിനെ പിടികൂടിയെങ്കിലും കുട്ടിയെക്കുറിച്ച് കുങ്-ഹ്വാനു മാത്രമാണ് അറിവുള്ളതെന്നും അയാൾ കുട്ടിയെ കൊന്നിരിക്കാമെന്നും പറയുന്നു. അധികം വൈകാതെ സാങ് സ്റ്റേഷനിൽ വച്ച് കൊല്ലപ്പെടുന്നു. കുങ്-ഹ്വാൻ ആകട്ടെ രണ്ട് വർഷമായി, ഒരു കാറപകടത്തിൽപ്പെട്ട് 'കോമ'യിലാണെന്നറിയുന്നതോടെ അന്വേഷണം പ്രതിസന്ധിയിലാകുന്നു.

ഒരിക്കൽ ലൂസിഡ് ഡ്രീം പരീക്ഷണത്തിനിടയിൽ സ്വപ്നത്തിലേക്ക് അപരിചിതനായ ഒരാൾ കടന്നുവരുന്നു. ഷെയർ ഡ്രീമിംഗ് വഴിയാണ് അയാൾ തന്റെ സ്വപ്നത്തിലേക്ക് കടന്നു വന്നതെന്ന് ഡേ-ഹ്ഊ മനസ്സിലാക്കുന്നു. തലച്ചോറിലെ തരംഗങ്ങളിൽ ഒരേ ഫ്രീക്വൻസിയുള്ള ആളുകളെ കണ്ടെത്തി അവരുടെ സ്വപ്നത്തിലേക്ക് അവരറിയാതെ കടന്നു ചെല്ലുന്നതാണ് അയാളുടെ രീതി. ഇത് കുട്ടിയെ കണ്ടെത്താനുള്ള അന്വേഷണത്തിനുപകരിക്കുമെന്ന് മന

 ISSN: 2582 - 2594

സ്സിലാക്കി ഡേ-ഹ്ര 'കോമ'യിൽ കഴിയുന്ന ക്യൂങ് ഹ്വാന്റെ സ്വപ്നത്തിലേക്ക് കടന്നുചെല്ലാൻ തീരുമാനിക്കുന്നു. അത്തരത്തിൽ ഷെയർഡ്രീമിംഗ് പരീക്ഷണത്തിലൂടെ കുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട നിർണ്ണായകതെളിവുകൾ മനസ്സിലാക്കാൻ സാധിക്കുന്നു. തന്റെ മകന്റെ അപൂർവമായ രക്തഗ്രൂപ്പുമായി ബന്ധപ്പെട്ടായിരുന്നു ഈ തട്ടിക്കൊണ്ടുപോകലെന്നും അതിനു പിന്നിൽ പ്രവർത്തിച്ചത് കേസന്വേഷണ ഉദ്യോഗസ്ഥനായ ചീഫ് സോങ് ആണെന്നും ഷെയർ ഡ്രീമിംഗിലൂടെ വ്യക്തമാകുന്നു. തന്റെ മകളുടെ അതേ രക്തഗ്രൂപ്പുള്ള ഒരാൾക്കുവേണ്ടിയുള്ള അന്വേഷണത്തിലാണ് ഡേ-ഹ്രവിന്റെ മകനെപ്പറ്റി മനസ്സിലാക്കുന്നതും ആ കുട്ടിയെ തട്ടിക്കൊണ്ടുപോയി അവന്റെ ഹൃദയം മകൾക്കുവേണ്ടി ഉപയോഗിക്കാനുമായിരുന്നു ചീഫ് സോങിന്റെ കണക്കുകൂട്ടൽ. എന്നാൽ കുട്ടിയെ തട്ടിക്കൊണ്ടുപോയ ക്യുങ്ഹ്വാന് കാറപകടം പറ്റിയതിനാൽ, കുട്ടി എവിടെയാണെന്ന് അറിയാൻ അയാൾക്കും കഴിയാതെ വന്നു.

ഡേ-ഹ്രവും പോലീസുദ്യോഗസ്ഥനും ഷെയർഡ്രീമിംഗിലൂടെ കുങ്-ഹ്വാന്റെ സ്വപ്നത്തിൽ പ്രവേശിക്കുന്നു. അവിടെവച്ച് ഇരുവരും ഏറ്റുമുട്ടുന്നു. ഒടുവിൽ കുങ്-ഹ്വാനിൽ നിന്ന് മകനെപ്പറ്റിയുള്ള വിവരം മനസ്സിലാക്കിയ ഡേ-ഹ്ര സ്വപ്നത്തിന് പുറത്തുവന്നെങ്കിലും കുങ്-ഹ്വാൻ മരിക്കുന്നതിനാൽ ചീഫ് സ്വാങിന് ആ സ്വപ്നത്തിൽനിന്നു പുറത്തുകടക്കാനാകുന്നില്ല. സ്വപ്നത്തിൽ കുങ്-ഹ്വാൻ നൽകിയ വിവരങ്ങൾ വച്ച് ഡേ-ഹ്ര മകനെ കണ്ടെത്തുന്നതോടെ സിനിമ അവസാനിക്കുന്നു.

സ്വപ്നവും യാഥാർത്ഥ്യവും ഇടകലർത്തി സ്വപ്നമേത് യാഥാർത്ഥ്യമേത് എന്ന് തിരിച്ചറിയാനാകാത്തവിധം ആവിഷ്കരിക്കപ്പെട്ടിരിക്കുകയാണ് 'ലൂസിഡ് ഡ്രീംസ്' എന്ന ചിത്രത്തിൽ. സ്വപ്നം കാണുമ്പോൾ താൻ സ്വപ്നമാണ് കാണുന്നതെന്ന് ബോധ്യമുണ്ടാകുന്ന രീതിയാണ് 'ലൂസിഡ് ഡ്രീംസ്' എന്നറിയപ്പെടുന്നത്. സാധാരണ രീതിയിൽ സ്വപ്നം കാണുമ്പോൾ സ്വപ്നത്തിനുമേൽ നമുക്ക് യാതൊരുവിധ നിയന്ത്രണങ്ങളുമുണ്ടാകാറില്ല. എന്നാൽ ലൂസിഡ് ഡ്രീമിൽ കാണുന്ന സ്വപ്നത്തിന്റെ ചുറ്റുപാടുകളെ നിയന്ത്രിക്കാൻ അയാൾക്ക് കഴിയും. ലൂസിഡ് ഡ്രീംസ് എന്ന അനുഭവത്തെ കേന്ദ്രപ്രമേയമാക്കിയാണ് ഈ ചിത്രം ഒരുക്കിയിരിക്കുന്നത്. കാണാതായ തന്റെ മകനെ ലൂസിഡ് ഡ്രീംസിന്റെ സഹായത്തോടെ കണ്ടെത്താൻ ഡേ-ഹ്ര എന്നയാൾ ശ്രമിക്കുന്നതാണ് കഥാപ്രമേയം. മൂന്നു വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവങ്ങളും സ്ഥലങ്ങളും ലൂസിഡ് ഡ്രീം പരീക്ഷണത്തിലൂടെ വീണ്ടും അയാൾ ഓർത്തെടുക്കുന്നു. ജാഗ്രതയനുഭവവേളയിൽ കാണാതിരുന്ന പല വസ്തുതകളും സ്വപ്നത്തിൽ കൂടി അയാൾ കണ്ടെത്തുന്നു. അയാൾ ആ സ്വപ്നത്തെ തന്റെ വരുതിയിലാക്കുന്നു. എന്നാൽ സ്വപ്നത്തിനുമേലുള്ള നിയന്ത്രണം നഷ്ടമാകുമെന്നതിനാൽ, അതിനുമേൽ പൂർണ്ണമായും ആധിപത്യം സ്ഥാപിക്കാൻ അയാൾ ശ്രമിക്കുന്നില്ല.

അന്വേഷണത്തിന്റെ ഭാഗമായി തിരോധാനവുമായി ബന്ധപ്പെട്ട പലരെയും സ്വപ്നപരീക്ഷണത്തിനു വിധേയരാക്കുന്നുണ്ട്. അവർക്കൊക്കെ തങ്ങളുടെ സ്വപ്നങ്ങളെ ഇഷ്ടാനുസരണം നിയന്ത്രിക്കാനും ജാഗ്രതാനുഭവവേളയിൽ ശ്രദ്ധിക്കാതെയും വിട്ടുപോയതുമായ നിമിഷങ്ങളെ കൂടുതൽ വ്യക്തതയോടെ മനസ്സിലാക്കിയെടുക്കാനും കഴിയുന്നുണ്ട്. കുട്ടിയെ കടത്തിക്കൊണ്ടുപോയവരുടെ കയ്യിലെ ടാറ്റുവും കയ്യുറയും കണ്ടെത്തുന്നതും കഥാഗതിയെ സ്വാധീനിക്കുന്ന പ്രധാന തെളിവുകളടങ്ങിയ രേഖകൾ കണ്ടെത്തുന്നതും ഈ സ്വപ്നപരീക്ഷണങ്ങളിലൂടെയാണ്. ഈ സ്വപ്നാവിഷ്കാരങ്ങളൊക്കെ കഥയുടെ മുന്നോട്ടുപോക്കിനു നിർണ്ണായകമായി മാറുന്ന

 തും പിന്നീടു നാം കാണുന്നുണ്ട്. "സ്വപ്നം എന്നത് നമ്മുടെ ഓർമ്മപോലെ പ്രവർത്തിക്കുന്ന ഒന്നാണ്. നഷ്ടപ്പെട്ടവയെ പുനഃസ്ഥാപിക്കുന്ന അത്. അതിന്റെ ദിശ പഴയകാലത്തിലേക്കാണ്, പുതിയൊരു തുടക്കത്തിനായി" എന്ന നിരീക്ഷണം ഇവിടെ ചേർത്തുവായിക്കാവുന്നതാണ്. (ഡേവിഡ് ഷൾമാൻ, ഗയ് ജി സ്റ്റൗമ്സ്, 1999, പു. 59)

സിനിമയുടെ രണ്ടാം പകുതിയാകുമ്പോൾ ലൂസിഡ് ഡ്രീമിൽ നിന്ന് ഷെയർ ഡ്രീമിംഗ് എന്ന അനുഭവത്തിലേക്കു കഥ കടക്കുന്നു. യാഥാർത്ഥ്യത്തിനപ്പുറത്തുള്ള സ്വപ്നങ്ങളിലൂടെ മറ്റൊരാളുടെ സ്വപ്നങ്ങളിലേക്ക് കടക്കാനുള്ള സ്വപ്നസദൃശമായ ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. സ്വപ്നം കാണുമ്പോൾ ഒരാളുടെ തലച്ചോറിലെ തരംഗങ്ങൾക്ക് അസാധാരണരീതിയിലായിരിക്കും ഫ്രീക്വൻസി ഉണ്ടാകുക. സ്വപ്നം കാണുന്നവരുടെ ഫ്രീക്വൻസികൾ തമ്മിൽ സമാനതയുണ്ടെങ്കിൽ അവരുടെ സ്വപ്നങ്ങളിൽ മറ്റേയാൾക്ക് കടന്നുകയറാൻ സാധിക്കുമെന്നതാണ് ഷെയർഡ്രീമിംഗിന്റെ സവിശേഷത. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരാളുടെ സ്വപ്നത്തെ 'ഹാക്ക്' ചെയ്യൽ. ലൂസിഡ് ഡ്രീമിലെ സ്വപ്നം, കാണുന്നയാൾക്ക് മാത്രം അവകാശപ്പെട്ടതും അയാൾക്കു തോന്നുന്ന സമയത്ത് സ്വപ്നം വിട്ട് പുറത്തുകടക്കാൻ സാധിക്കുന്നതുമാണ്. എന്നാൽ ഷെയർ ഡ്രീമിംഗിൽ മറ്റൊരാളുടെ സ്വപ്നത്തിലേക്കു കടന്നുകയറിയാൽ അയാളാകും സ്വപ്നത്തിന്റെ നിയന്ത്രിതാവ്. ഒരാൾ മാത്രം വിചാരിച്ചാൽ അയാളുടെ സ്വപ്നത്തിൽ നിന്ന് പുറത്തുകടക്കാനാവില്ല. മാത്രമല്ല, സ്വപ്നത്തിനിടയ്ക്ക് സ്വപ്നനിയന്ത്രിതാവിനു എന്തെങ്കിലും സംഭവിച്ചാൽ അയാളുടെ ഉപബോധ മനസ്സിൽപെട്ട് ആ സ്വപ്നത്തിൽ നിന്നു ഒരിക്കലും പുറത്തുകടക്കാനാവാത്ത അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും.

കുട്ടിയുമായി ബന്ധപ്പെട്ട രഹസ്യങ്ങൾ അറിയാവുന്ന ഏക വ്യക്തി 'കോമാ'വസ്ഥയിൽ കഴിയുന്ന കുങ്-ഹ്വാൻ ആയിരുന്നതുകൊണ്ടാണ് അയാളുടെ സ്വപ്നത്തിലേക്ക് ഷെയർഡ്രീമിംഗിലൂടെ പ്രവേശിക്കാൻ ശ്രമിക്കുന്നത്. ഡേ-ഹ്വവിനൊപ്പം കുട്ടിയെ തട്ടിക്കൊണ്ടുപോകാൻ ചുക്കാൻപിടിച്ച ചീഫ് സ്വാങും കൂടി കുങ്-ഹ്വാന്റെ സ്വപ്നത്തിലേക്കു കടക്കാൻ ശ്രമിക്കുന്നിടത്താണ് സ്വപ്നപരീക്ഷണം കൂടുതൽ സങ്കീർണ്ണവും സംഘർഷഭരിതവുമാകുന്നത്. ഇരുവരും ആ സ്വപ്നത്തിൽ വച്ച് ഏറ്റുമുട്ടുന്നു. കുങ്-ഹ്വാൻ ആ സമയത്ത് നേരിടുന്ന മാനസിക സംഘർഷം അയാളുടെ തലച്ചോറിലെ തരംഗങ്ങളെ അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നു. ഗുരുതരാവസ്ഥയിലായ അയാളെ അത് ശാരീരികമായി തളർത്തുകയും മരണത്തിനു കാരണമാകുകയും ചെയ്യുന്നു.

യാഥാർത്ഥ്യലോകത്തിനപ്പുറത്ത് ഒരു സ്വപ്നലോകമുണ്ടെന്നും ആ സ്വപ്നലോകത്തെ അപഗ്രഥനം ചെയ്താൽ യാഥാർത്ഥ്യലോകത്ത് കണ്ടെത്താൻ കഴിയാത്ത പല വസ്തുതകളുടെയും ചുരുളഴിയുമെന്നും ഈ ചലച്ചിത്രത്തിലെ സ്വപ്നാവിഷ്കാരത്തിലൂടെ വെളിപ്പെടുന്നു. ഒരാൾ കാണുന്ന സ്വപ്നങ്ങൾ അയാളുടെ ഭൗതികജീവിതവുമായി ബന്ധപ്പെട്ടതാകും എന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു. ജാഗരിതാനുഭവത്തിൽ നിന്ന് ലഭിക്കുന്ന കാര്യങ്ങളെല്ലാം നാം പോലുമറിയാതെ നമ്മുടെ അബോധമനസ്സിലേക്ക് ആഴത്തിൽ പതിയുമെന്നും ഉറക്കത്തിൽ ബോധമനസ്സിനുമേൽ അബോധമനസ്സ് വിജയം നേടുമ്പോൾ സ്വപ്നങ്ങളിലൂടെ അവ പുറത്തുവരുമെന്ന സിഗ്മണ്ട് ഫ്രോയ്ഡിന്റെ സിദ്ധാന്തം ഇവിടെ ചേർത്തുവയ്ക്കാവുന്നതാണ്. 'മനസ്സിൽ അടിച്ചമർത്തപ്പെട്ട വികാരങ്ങളെ ഒഴിവാക്കാനുള്ള ഒരുപാധിയാണ് സ്വപ്നം, മനസ്സിലെ വികാരങ്ങളുടെ പരോക്ഷമായ പ്രത്യക്ഷവൽക്കരണമാണ് സ്വപ്നങ്ങൾ' എന്ന പീറ്റർ ഗെയുടെ അഭിപ്രായവും (പീറ്റർ


ISSN: 2582 - 2594

ഗെ, 1995, പു.177) ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങളെ ശരിവയ്ക്കുന്നതാണ്. ഒരാളുടെ ജീവിതസാഹചര്യങ്ങളും ആഗ്രഹങ്ങളും അഭിലാഷങ്ങളും അനുഭവങ്ങളുമൊക്കെ അയാളുടെ സ്വപ്നങ്ങളിൽ കടന്നുവരുമെന്ന കാൾ യുങിന്റെ നിരീക്ഷണവും ശരിവയ്ക്കുന്നുണ്ട് ഈ ചിത്രത്തിൽ.

ഇത്തരത്തിൽ ചിത്രത്തിൽ സ്വപ്നാവിഷ്കാരത്തെ പ്രധാന ഇതിവൃത്തമായി അവതരിപ്പിച്ചു എന്നു മാത്രമല്ല, സങ്കീർണമായ ആ മാനസികപ്രക്രിയയുടെ വിവിധ തലങ്ങളിലേക്ക് കടന്നുചെന്ന് സർഗാത്മകമായ പുതിയ പരീക്ഷണങ്ങൾക്ക് വഴിതെളിക്കുക കൂടി ചെയ്തിരിക്കുന്നതായി കാണാം. ചിലപ്പോഴൊക്കെ ഈ ചലച്ചിത്രം പ്രേക്ഷകന്റെ യുക്തിയെ ചോദ്യം ചെയ്യുന്നുണ്ടെങ്കിലും സ്വപ്നാവിഷ്കരണത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ തിരക്കഥാകൃത്തിന് സാധിച്ചിട്ടുണ്ട്. ലൂസിഡ് ഡ്രീമും, ഷെയർ ഡ്രീമിംഗും ഇടകലർത്തി വ്യക്തികളുടെ അബോധമനസ്സിൽ ഉറഞ്ഞുകൂടിയിട്ടുള്ള ജാഗരിതാനുഭവങ്ങളെ സ്വപ്നങ്ങളിലൂടെ പുറത്തുകൊണ്ടുവരികയും ആ ചിന്തകളിലും ഓർമ്മകളിലും നിന്ന് ഭൗതിക ജീവിതത്തിനാവശ്യമായ അനുഭവങ്ങളെ വേർതിരിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. ഒരാളുടെ വ്യക്തിജീവിതത്തിലെ അനുഭവങ്ങളും ചിന്തകളും അയാളുടെ സ്വപ്നത്തെ സ്വാധീനിക്കുമെന്നും, അതുപോലെ തന്നെ, ഒരാൾ കാണുന്ന സ്വപ്നങ്ങൾ എന്നത് അയാളുടെ ജീവിതാനുഭവങ്ങളുടെയും ചിന്തകളുടെയും ആകെത്തുകയായിരിക്കും എന്നതും ഈ ചലച്ചിത്രത്തിലൂടെ വ്യക്തമാകുന്നു.

### ഗ്രന്ഥസൂചി

1. Gay, Peter (Editor), The Freud Reader, Vintage, Random House, London, 1995, P. 177.
2. Hall, C.S., A Cognitive theory of dreams, The Journal of General Psychology, Western Reserve University, Ohio, 1953, P. 273.
3. Shulman, David & Stroumsa, Guy, G (Editor), Dream Cultures : Explorations in the Comparative History of Dreaming, Oxford University Press, New York, 1999, P. 59.

### ആനുകാലികങ്ങൾ

മാതൃഭൂമി – സ്വപ്നങ്ങളുടെ പുതിയ അർത്ഥതലങ്ങൾ, ഡോ. എ. രാജഗോപാൽ കമ്മത്ത്, പുസ്തകം 87, ലക്കം 19, 2009, പു. 19.

### Website

http://en.m.wikipedia.org/wiki/Lucid-Dream-(film)
http://www.verywellmind.com/what-is-a-lucid-dream-5077887

KERALA-ART

# ഇടുക്കി ദേശത്തെ അടയാളപ്പെടുത്തുന്ന ചലച്ചിത്രഭൂമിക

**വിഷ്ണു പി.എ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
ശ്രീനാരായണ കോളേജ്, നാട്ടിക
ഇ-മെയിൽ: vishnuajayakumar05@gmail.com

**സംഗ്രഹം**

ഒരു സവിശേഷ ഭൂപ്രദേശത്തെയും അവിടെയുള്ള ജീവിത പരിസരങ്ങളെയും അതിശയോക്തി കലർത്താതെ മലയാള സിനിമയിൽ അവതരിപ്പിക്കുന്നത് പുതിയ ചലച്ചിത്ര ഭാവുകത്വത്തിന്റെ ഭാഗമായാണ്. കേരളീയ പൊതുമണ്ഡലത്തിൽ ഇടുക്കിയും അവിടെയുള്ള ജനതയും സ്വീകരിക്കപ്പെട്ടിട്ടുള്ളത് വിരുദ്ധ ദ്വന്ദ്വങ്ങളയാണ്. നന്മനിറഞ്ഞവരും നിഷ്കളങ്കരും വേഗത്തിൽ വഞ്ചിക്കപ്പെടുന്നവരുമായി ഇടുക്കിയിലെ ജനതയെ സ്ഥാനപ്പെടുത്തുന്ന രീതിയാണ് അതിലൊന്നായി നിലകൊള്ളുന്നത്. മറ്റൊന്ന് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കഞ്ചാവ് കൃഷി, കാട്ടുതടി കള്ളക്കടത്ത്, വ്യാജ മദ്യനിർമ്മാണം, വന്യമൃഗവേട്ട തുടങ്ങിയവയുമായി ബന്ധപ്പെടുത്തി ഇടുക്കി ജനതയെ അപരവത്കരിക്കുന്ന രീതിയാണ്. ഉപഭോഗ സംസ്കാരത്തിന് പ്രാമുഖ്യം കല്പിക്കുകയും നാഗരികമായ മൂല്യബോധം പേറുകയും ചെയ്യുന്നവരുടെ ഇടയിലേക്ക് മനുഷ്യത്വവും നിസ്വാർത്ഥ സ്നേഹവും മൂലധനമാക്കിയ ഇടുക്കിയിലെ മനുഷ്യർ കടന്നുവരുന്ന പ്രമേയങ്ങളാണ് 'ലൗഡ് സ്പീക്കർ', 'ജനപ്രിയൻ' എന്നീ സിനിമകളിലുള്ളത്. 'എൽസമ്മ എന്ന ആൺകുട്ടി', 'ജവാൻ ഓഫ് വെള്ളിമല', 'കട്ടപ്പനയിലെ ഋതിക് റോഷൻ' എന്നീ സിനിമകളിൽ നഗരവും നാഗരികമൂല്യസങ്കല്പങ്ങളും മനുഷ്യബന്ധങ്ങളിൽ സൃഷ്ടിക്കുന്ന വിള്ളൽ അടയാളപ്പെടുത്തുന്നതിന്റെ ഭാഗമായി ഉയർത്തി കാണിക്കുന്ന വിശുദ്ധിയുടെ അപരദേശമായി ഇടുക്കിയെ സ്ഥാനപ്പെടുത്തുന്നു. 'എൽസമ്മ എന്ന ആൺകുട്ടി', 'ജവാൻ ഓഫ് വെള്ളിമല' എന്നീ ചലച്ചിത്രങ്ങളിലെ നായികാ-നായക കഥാപാത്രങ്ങൾ ഇടുക്കി ദേശത്തെ നിസ്വാർത്ഥ പ്രതിനിധികളായി അവരോധിക്കുന്നു. ഇടുക്കിയിലെ സ്വാഭാവിക ജനജീവിതത്തെ അതിഭാവുകളില്ലാതെ ആവിഷ്കരിച്ച സിനിമ എന്ന നിലയിൽ 'മഹേഷിന്റെ പ്രതികാരം' വ്യത്യസ്തത പുലർത്തുന്നു. ഇടുക്കിയിലേക്കുള്ള ജനപ്രിയ ചലച്ചിത്ര നോട്ടങ്ങൾ സഞ്ചാരികളുടെ പരിപ്രേക്ഷ്യത്തിലുള്ളവയാണ്. താൽക്കാലിക


ISSN: 2582 - 2594

കാഴ്ചകൾക്കും അനുഭൂതികൾക്കും വേണ്ടി ഇടുക്കി തനതായി സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന മുതലാളിത്ത നോട്ടങ്ങളാണ് അതിന്റെ അന്ത:സത്ത. 'ലൗഡ് സ്പീക്കർ, 'ജവാൻ ഓഫ് വെള്ളിമല', 'എൽസമ്മ എന്ന ആൺകുട്ടി', 'കെട്ട്യോളാണ് എന്റെ മാലാഖ', 'മഹേഷിന്റെ പ്രതികാരം', 'കട്ടപ്പനയിലെ ഋതിക് റോഷൻ', 'പുറപ്പാട് ', 'വരത്തൻ', 'ജെല്ലിക്കെട്ട് ' എന്നീ സിനിമകളിലൂടെ ഇടുക്കിയിലെ സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകളെ അടയാളപ്പെടുത്തുന്നത് എപ്രകാരമാണെന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധ രചനയിലൂടെ ലക്ഷ്യമിടുന്നത്.

**താക്കോൽവാക്കുകൾ:** പുതിയ ചലച്ചിത്ര ഭാവുകത്വം, നിസ്വാർത്ഥ പ്രതിനിധികൾ, സാമൂഹ്യവിരുദ്ധത, പ്രകൃതിബിംബങ്ങൾ.

മലയാളചലച്ചിത്രം എന്ന പ്രയോഗത്തിൽ സംസ്കാരവും ഭാഷയും ഭൂപ്രകൃതിയും മറ്റും സമന്വയിക്കപ്പെട്ട ഒരു ജനജീവിതം കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. പ്രേക്ഷകരെയും അവർ കാണുന്ന ചലച്ചിത്രത്തിന്റെ ഉള്ളടക്കത്തെയും കോർത്തിണക്കുന്ന ഒരു അദൃശ്യ നൂല് മലയാളചലച്ചിത്രം എന്ന പ്രയോഗത്തെ വിശകലനം ചെയ്യുമ്പോൾ പ്രസക്തമാകുന്നു. കേരളം, മലയാളി എന്നീ സംജ്ഞകളിൽ ഉൾച്ചേർന്നിരിക്കുന്ന സ്വത്വബോധം അതത് കാലഘട്ടത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ആവശ്യങ്ങൾക്കനുസരിച്ച് മലയാള സിനിമാചരിത്രത്തിൽ പല രീതിയിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഒരു സവിശേഷ ഭൂപ്രദേശത്തെയും അവിടത്തെ ജീവിത പരിസരങ്ങളെയും അതിശയോക്തി കലർത്താതെ മലയാളസിനിമയിൽ അവതരിപ്പിക്കുന്നത് പുതുചലച്ചിത്ര ഭാവുകത്വത്തിന്റെ ഭാഗമായാണ്. ഇടുക്കി, മലപ്പുറം, കാസർഗോഡ്, കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ സ്ഥങ്ങൾ സവിശേഷ ജീവിതങ്ങളുടെ ഭൂമികയായി നിർണ്ണയിക്കപ്പെട്ടത് ഇക്കാലയളവിലാണ്. മേൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ തന്നെ കാൽപ്പനികമായ പ്രകൃതി ചിത്രീകരണത്തിനനുയോജ്യമായ പശ്ചാത്തലം, അസംസ്കൃതമായ മനുഷ്യജീവിതങ്ങളുടെ പാർപ്പിടം എന്നീ നിലകളിൽ മലയാളസിനിമയിൽ ഇടുക്കി അടയാളപ്പെടുത്തുന്നത് എപ്രകാരമാണെന്ന അന്വേഷണം പ്രസക്തമാകുന്നു.

കേരളീയ പൊതുമണ്ഡലത്തിൽ ഇടുക്കിയും, അവിടുത്തെ ജനതയും സ്വീകരിക്കപ്പെട്ടിട്ടുള്ളത് വിരുദ്ധ ദ്വന്ദ്വങ്ങളായാണ്. നന്മനിറഞ്ഞവരും, നിഷ്കളങ്കരും വേഗത്തിൽ വഞ്ചിക്കപ്പെടുന്നവരുമായി ഇടുക്കിയിലെ ജനങ്ങളെ സ്ഥാനപ്പെടുത്തുന്ന രീതിയാണ് അതിലൊന്ന്. മറ്റൊന്ന് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കഞ്ചാവ് കൃഷി, കാട്ടുതടി കള്ളക്കടത്ത്, വന്യമൃഗവേട്ട, വ്യാജമദ്യ നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി ഇടുക്കി ജനതയെ അപരവത്ക രിക്കുന്ന രീതിയാണ്. പൊതുബോധങ്ങളുടെ പ്രത്യക്ഷീകരണം ചേരുവയെന്ന നിലയിൽ നടപ്പിലാക്കുന്ന ജനപ്രിയ മലയാള സിനിമകൾ ധാരാളമുണ്ട്. നഗരകേന്ദ്രീകൃതമായ ജീവിത പശ്ചാത്തലം വെച്ചുപുലർത്തുകയും പരിഷ്കൃതസമൂഹമെന്ന് അഭിമാനിക്കുകയും ചെയ്യുന്ന കാണിക്ക് മുന്നിൽ കൗതുകമുണർത്തുന്ന അസംസ്കൃത ജീവിതങ്ങളായാണ് ഇടുക്കിയെ ജനപ്രിയസിനിമകൾ വിഭാവനം ചെയ്തിട്ടുള്ളത്.

**നിസ്വാർത്ഥ പ്രതിനിധികൾ**

പ്രാദേശികമായ ജീവിതവഴക്കങ്ങളിൽ നിന്ന് ഭിന്നമായ പരിസരങ്ങളിലേക്ക് ആദേശം ചെയ്യപ്പെടുന്ന കഥാപാത്രങ്ങൾ നേരിടുന്ന മാനസികവും ശാരീരികവും സാംസ്കാരികവുമായ അപരിചയതത്വത്തെ എടുത്തുകാണിക്കുന്ന അനവധി ചലച്ചിത്രങ്ങൾ മലയാളത്തിൽ വിപണി വിജയം നേടിയിട്ടുണ്ട്. ഉപഭോഗപരതക്ക് പ്രാമുഖ്യം കൽപ്പിക്കുകയും നാഗരികവുമായ മൂല്യ ബോധം പേറുകയും ചെയ്യുന്നവരുടെ ഇടയിലേക്ക് മനുഷ്യത്വവും നിസ്വാർത്ഥ സ്നേഹവും മൂലധനമാക്കിയ ഇടുക്കിയിലെ മനുഷ്യർ കടന്നുവരുന്ന പ്രമേയങ്ങളാണ് 'ലൗഡ്സ്പീക്കർ' (2009) 'ജനപ്രിയൻ' (2011) തുടങ്ങിയ സിനിമകളിലുള്ളത്. തൊടുപുഴക്ക് സമീപമുള്ള തോന്നയ്ക്കാട് പ്രദേശത്തു നിന്ന് താത്ക്കാലിക ജോലിയുടെ ഭാഗമായി നഗരത്തിലേക്ക് എത്തിച്ചേരുന്ന പ്രിയദർശന്റെ ('ജനപ്രിയൻ' എന്ന സിനിമയിൽ ജയസൂര്യ അഭിനയിച്ച കഥാപാത്രം) സംസാരവും പെരുമാറ്റങ്ങളും സഹപ്രവർത്തകരിൽ വളരെയധികം അത്ഭുതവും കൗതുകമുണർത്തുന്നതുമായ കാര്യമായി അനുഭവപ്പെടുന്നു. സമാനമായി ഉച്ചത്തിൽ സംസാരിക്കുന്ന മൈക്കിളിന്റെ ('ലൗഡ്സ്പീക്കർ' എന്ന കഥ സിനിമയിൽ മമ്മൂട്ടി അഭിനയിച്ച കഥാപാത്രം) പെരുമാറ്റം കൊണ്ട് കൊച്ചിയിലെ ഫ്ളാറ്റ് അന്തേവാസികൾ ആദ്യഘട്ടത്തിൽ അസ്വസ്ഥതയുളവാക്കുന്നുണ്ട്. സംസാരത്തിൽ തോപ്രാംകുടിയും കുടിയേറ്റകഥകളും ആവർത്തിക്കുന്ന മൈക്കിളിനും തോന്നയ്ക്കാട്ടെ ഗ്രാമീണകഥകൾ പറയുന്ന പ്രിയനും നഗരവാസികളിൽ മാനുഷികമൂല്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് ഉണർത്തുക എന്ന അധികബാധ്യത കഥാഖ്യാനം നൽകുന്നുണ്ട്. പ്രാദേശിക അതിരുകൾക്ക് പുറത്തേക്ക് സഞ്ചരിക്കുമ്പോഴും ഇടുക്കിയിൽനിന്ന് തങ്ങൾ ആർജ്ജിച്ച കാഴ്ച്ചപ്പാടുകളും ചിന്താഗതികളും മൂല്യങ്ങളും കൂടെ കൊണ്ടുപോകുന്ന കഥാപാത്രങ്ങളാണ് 'ലൗഡ് സ്പീക്കറി'ലെ മൈക്കിളും 'ജനപ്രിയനി'ലെ പ്രിയദർശനും. കലർപ്പില്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ ആദർശാത്മകനില ഇടുക്കി പ്രദേശത്തിനും അവിടെയുള്ള ജനതക്കും കൽപ്പിച്ചു നൽകുകയാണ് ഇത്തരം കഥാഖ്യാനങ്ങൾ.

ഇടുക്കിയുടെ ഗ്രാമീണ ദർശനങ്ങളെ പർവ്വതീകരിച്ച് കാണിക്കുന്ന ചലച്ചിത്രങ്ങളാണ് 2010-ൽ പുറത്തിറങ്ങിയ 'എൽസമ്മ എന്ന ആൺകുട്ടി,' 2012-ൽ പുറത്തിറങ്ങിയ 'ജവാൻ ഓഫ് വെള്ളിമല', 2016-ൽ പുറത്തിറങ്ങിയ 'കട്ടപ്പനയിലെ ഋത്വിക് റോഷൻ' തുടങ്ങിയവ. നഗരങ്ങളിൽ നിന്ന് ഇടുക്കിയിലേക്ക് എത്തിച്ചേരുന്നവർ ഗ്രാമാന്തരീക്ഷത്തിൽ നിർമ്മിക്കുന്ന അസ്വസ്ഥതകളാണ് മേൽ സൂചിപ്പിച്ച സിനിമകളുടെ പ്രധാന ആഖ്യാനതലം. നഗരവും നാഗരിക മൂല്യസങ്കൽപ്പങ്ങളും മനുഷ്യബന്ധങ്ങളിൽ സൃഷ്ടിക്കുന്ന വിള്ളൽ അടയാളപ്പെടുത്തുന്നതിന്റെ ഭാഗമായി ഉയർത്തിക്കാണിക്കുന്ന വിശുദ്ധിയുടെ അപരദേശമായി ഈ സിനിമകളിൽ ഇടുക്കിയെ സ്ഥാനപ്പെടുത്തുന്നു.

നഗരത്തിൽനിന്നും വരുന്ന കഥാപാത്രങ്ങളുടെ ഇടുക്കിയിൽ ജനിച്ചുവളർന്നവരുടെയും സംഭാഷണങ്ങളും വേഷവിതാനവും പെരുമാറ്റരീതികളും താരതമ്യ സ്വഭാവത്തോടെയാണ് ഈ സിനിമകളിൽ ആവിഷ്കരിച്ചിട്ടുള്ളത്. കുടുംബത്തിന്റെ കെട്ടുറപ്പും ആവാസവ്യവസ്ഥയും നിലനിർത്തുന്നതിന് തദ്ദേശീയമായ പ്രണയമോ/വിവാഹമോ പരിഹാരമായിരിക്കും എന്ന നിഗമനത്തിലാണ് 'എൽസമ്മ എന്ന ആൺകുട്ടി,' 'കട്ടപ്പനയിലെ ഋത്വിക്റോഷൻ' എന്നീ ചിത്രങ്ങൾ അവസാനിക്കുന്നത്. തങ്ങളുടെ കുടുംബപരവും സാമൂഹ്യപരവുമായ ജീവിതത്തിന്


ISSN: 2582 - 2594

തടസ്സമാകാൻ സാധ്യതയുള്ള ബാഹ്യലോക ഇടപെടലുകളെ കായികമായി പ്രതിരോധിക്കുന്ന നായിക-നായക കഥാപാത്രങ്ങളാണ് 'എൽസമ്മ എന്ന ആൺകുട്ടി,' 'ജവാൻ ഓഫ് വെള്ളിമല' എന്നീ ചലച്ചിത്രങ്ങളിലുള്ളത്. ഉന്നതപഠനത്തിനുള്ള സാധ്യതകൾ ഉപേക്ഷിച്ച് കുടുംബത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്ന എൽസമ്മയും നാടും അണക്കെട്ടും സംരക്ഷിക്കുന്നതിനായി ജീവൻ ത്യജിക്കുന്ന ഗോപീകൃഷ്ണനും, ('ജവാൻ ഓഫ് വെള്ളിമല'യിൽ മമ്മൂട്ടി അവതരിപ്പിച്ച കഥാപാത്രം) ഇടുക്കി ജനതയുടെ നിസ്വാർത്ഥ പ്രതിനിധികളായി അവരോധിക്കപ്പെടുന്നു.

## സാമൂഹ്യവിരുദ്ധത, ലൈംഗികത

ചില മലയാള ചലച്ചിത്രങ്ങളിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഇടുക്കി പ്രദേശത്തെയും ജനതയും അപരവത്കരിക്കുന്നുണ്ട്. കഞ്ചാവ് കൃഷി, വ്യാജമദ്യ നിർമ്മാണം തുടങ്ങിയവ വ്യാപകമായി അരങ്ങേറുന്ന പ്രദേശമായി 'ഇടുക്കിഗോൾഡ്', 'പുറപ്പാട്', 'ആട് ഒരു ഭീകരജീവിയാണ്,' 'എൽസമ്മ എന്ന ആൺകുട്ടി ' തുടങ്ങിയ ചിത്രങ്ങളിൽ ഇടുക്കി അവതരിപ്പിക്കുന്നു. സാത്താൻ സേവ്യർ ('ആട് ഒരു ഭീകരജീവിയാണ്'), കണിയാൻകുന്നിന്റെ ചരിവിൽ കഞ്ചാവ് കൃഷി ചെയ്യുന്ന ആന്ത്രയോസ് മുതലാളി ('പുറപ്പാട്'), കാരിപ്പള്ളി സുഗുണൻ ('എൽസമ്മ എന്ന ആൺകുട്ടി') തുടങ്ങിയ കഥാപാത്രങ്ങളിൽ പ്രകടമാകുന്നത് അധാർമ്മിക പ്രവർത്തനങ്ങളുമായി ഇടുക്കിയെ സ്വാഭാവികമെന്ന നിലയിൽ വിളക്കിച്ചേർക്കുന്ന ചലച്ചിത്ര ഭാവനകളാണ്.

കേരളത്തിൽ പൊതുവിൽ പ്രസക്തമാകുന്ന ലൈംഗികവിദ്യാഭ്യാസത്തിന്റെ അപര്യാപ്തത എന്ന വിഷയം ചലച്ചിത്രവത്ക്കരിച്ച ഉദ്യമമായിരുന്നു 'കെട്ട്യോളാണ് എന്റെ മാലാഖ'. എന്നാൽ ഇപ്രകാരമൊരു ചലച്ചിത്രാഖ്യാനത്തിന് പശ്ചാത്തലമായത് ഇടുക്കിയും അവിടത്തെ കർഷകനായ സ്ലീവാച്ചനുമാണെന്നത് (ആസിഫ് അലി) യാദൃച്ഛികമല്ല. ലൈംഗികതയെക്കുറിച്ചുള്ള വികലമായ ധാരണകൾ, പങ്കാളിയുടെമേൽ അധീശത്വം സ്ഥാപിക്കാനുള്ള ആന്തരിക ചോദന എന്നിവയെ വിമർശനാത്മകമായി സമീപിച്ച പ്രസ്തുത ചിത്രം മലയാളി മധ്യവർഗ്ഗ കുടുംബപ്രേക്ഷകർ സ്വാഭാവികതയായി ഏറ്റെടുത്തതിന്റെ പിന്നിൽ സ്ലീവാച്ചന്റെ ഇടുക്കിയുമായി ബന്ധപ്പെട്ട പശ്ചാത്തലം നിർണ്ണായകമായിരുന്നു. അയാളുടെ അതിക്രമങ്ങളെ നീതീകരിക്കുന്ന പശ്ചാത്തലമായാണ് ഇടുക്കിയിലെ നിഷ്കളങ്ക അപരിഷ്കൃത അവസ്ഥകൾ ചിത്രത്തിൽ അവതരിപ്പിക്കുന്നത്.

സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, ലൈംഗികവൈകൃതങ്ങൾ, സദാചാരഗുണ്ടായിസം, പൗരുഷ പ്രകടനങ്ങൾ എന്നിവ മുഖ്യകേന്ദ്രമാക്കി ഒരു അപരിഷ്കൃത ജനസമൂഹമായി ഇടുക്കിയിലെ ഗ്രാമീണരെ മുദ്രകുത്തിയ ചിത്രങ്ങളെന്ന നിലയിൽ കൂടിയാണ് 'വരത്തൻ ' (2018), 'ജല്ലിക്കെട്ട്' (2019) എന്നീ സിനിമകൾ ചർച്ചചെയ്യപ്പെടുന്നത്. പരിണാമവിധേയമാക്കാത്തതും മൃഗീയചോദനകൾ നിലനിൽക്കുന്നതുമായ മനുഷ്യരെക്കുറിച്ചുള്ള ചലച്ചിത്രനേട്ടങ്ങൾ ആവർത്തിച്ചു പതിയുന്ന ഇടമായി ഇടുക്കി മാറുന്നുണ്ട്. അത് അപകടകരമായ സാമൂഹിക അപരവത്ക്കരണത്തിന്റെ രീതിശാസ്ത്രം വെളിപ്പെടുത്തുന്നു.

**പ്രകൃതിബിംബങ്ങൾ**

കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളെ രൂപപ്പെടുത്തുകയും നിർണ്ണയിക്കുകയും ചെയ്യുന്ന തലത്തിലേക്ക് പ്രകൃതിബിംബങ്ങളെ ഉൾച്ചേർക്കുന്ന ചലച്ചിത്രഭാഷ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ജോസിയുടെ സംവിധാനത്തിലൊരുങ്ങിയ 'പുറപ്പാട്' (1990) എന്ന ചിത്രം ഭൂമി സംബന്ധമായ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന ഒരുകൂട്ടം ജനങ്ങളെയാണ് അവതരിപ്പിക്കുന്നത്. പ്രാദേശികമായ വർഗ്ഗീയതയിൽ ഭിന്നിച്ചുനിന്ന ജനത ഉരുൾപൊട്ടലിനുശേഷം നഞ്ച്യാർതൊടിയിൽനിന്ന് നൂറ്റമ്പത് കിലോമീറ്റർ അകലെയുള്ള കണിയാർകുന്നിന്റെ താഴ്‌വരയിലേക്ക് നടത്തുന്ന കൂട്ടപ്പാലായനമാണ് ഈ ചിത്രത്തിന്റെ പശ്ചാത്തലം. മനുഷ്യർക്കിടയിലെ ഇടർച്ചകളും ജീവിതത്തെക്കുറിച്ചുള്ള അനിശ്ചിതത്വവും വെളിവാക്കുന്ന തരത്തിലുള്ള കുടിയേറ്റത്തിന്റെ നീണ്ട ആഖ്യാനമാണ് 'പുറപ്പാടി'ന്റെ ചലച്ചിത്ര ഭാഷ രൂപപ്പെടുത്തുന്നത്. കേവലമായ പശ്ചാത്തല സൂചന എന്നതിനപ്പുറം പലായനത്തിന്റെയും യാതനകളുടെയും കനമുള്ള ജീവിതക്കാഴ്ചകൾ പ്രസ്തുത ചലച്ചിത്രം വിനിമയം ചെയ്യുന്നുണ്ട്.

ഇടുക്കിയെ പ്രതിനിധാനം ചെയ്ത ചലച്ചിത്രങ്ങളുടെ പൊതുസ്വഭാവത്തിൽനിന്ന് വ്യത്യസ്തത പുലർത്തിയ സിനിമയാണ് ദിലീഷ് പോത്തൻ സംവിധാനം നിർവ്വഹിച്ച 'മഹേഷിന്റെ പ്രതികാരം' (2016). ഇടുക്കിയിലെ സ്വാഭാവിക ജനജീവിതത്തെ അതിഭാവുകങ്ങളില്ലാതെ ആവിഷ്കരിക്കാനുള്ള ശ്രമം എന്ന നിലയിലാണ് ഈ ചിത്രം പ്രസക്തമാകുന്നത്. പ്രണയം, പ്രണയനൈരാശ്യം, പ്രതികാരം തുടങ്ങിയ മാനുഷിക വികാരങ്ങളുടെ നാടകീയമല്ലാത്ത ചിത്രീകരണം പ്രസ്തുത സിനിമയെ ഇതര ഇടുക്കി/ഹൈറേഞ്ച് കേന്ദ്രീകൃത സിനിമകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ഇടുക്കിയിലെ ജനത പൊതുവിൽ പങ്കുപറ്റുന്ന സാംസ്കാരിക സവിശേഷതകളെ ചിത്രം അടയാളപ്പെടുത്തുകയും ചെയ്യുന്നു. പ്രകൃതിയോടിണങ്ങിയ ജീവിതരീതിയുടെ ചിത്രീകരണത്തിലൂടെയും സംഭാഷണങ്ങളെക്കാൾ അർത്ഥപൂർണ്ണമായ മൗനത്തിലൂടെയും സംവദിക്കുന്ന ചലച്ചിത്ര ഭാഷയിലൂടെയാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. കൃഷിയടക്കമുള്ള പരമ്പരാഗത ഉപജീവന വഴികളിൽ നിന്ന് വ്യത്യസ്തമായി, ഇതര തൊഴിലിടങ്ങളിലേയ്ക്ക് വ്യാപിക്കുന്ന ഇടുക്കിയുടെ വർത്തമാനകാല സാഹചര്യത്തെ ഇതിൽ അഭിസംബോധന ചെയ്യുന്നുണ്ട്. നഴ്സിംഗ്, ഫാഷൻ ഡിസൈനിംഗ്, ഫോട്ടോഗ്രാഫി, ഫോട്ടോഷോപ്പ്, വെൽഡിംഗ് തുടങ്ങി യുവാക്കളായ കഥാപാത്രങ്ങളുടെ തൊഴിൽ മേഖലകൾ പരമ്പരാഗതമായ വഴികളിൽ നിന്ന് ഭിന്നമായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ലാഘവത്വമനുഭവപ്പെടുന്ന പ്രകൃതിയും ജീവിതങ്ങളുമാണ് 'മഹേഷിന്റെ പ്രതികാര'ത്തിന്റെ ദൃശ്യഭാഷയെ രൂപപ്പെടുത്തുന്നത്. ജനപ്രിയ സിനിമകളുടെ കാഴ്ചവട്ടത്തിൽ നിന്ന് വ്യത്യസ്തനായി ഇടുക്കിയുടെ ഉള്ളറകളിലേയ്ക്ക് ക്യാമറ ചലിപ്പിച്ച ചില ഡോക്യുമെന്ററി ചിത്രങ്ങൾ ഇവിടെ പ്രസക്തമാണ്. രാംദാസ് കടവല്ലൂരിന്റെ 'മണ്ണ്' എന്ന ഡോക്യുമെന്ററി മൂന്നാറിലെ ഭൂമി കൈയ്യേറ്റം, പെമ്പിളൈ ഒരുമൈ സമരം തുടങ്ങിയവയോടൊപ്പം തൊഴിലാളികളുടെ ഇതര ജീവിതപ്രശ്നങ്ങൾ കൂടി അവതരിപ്പിക്കുന്നു. ബാബു കാമ്പ്രത്തിന്റെ സംവിധാനത്തിൽ ഒരുക്കിയ 'ബിഹൈൻഡ് ദ മിസ്റ്റ്' മൂന്നാറിലെ തേയിലത്തോട്ടങ്ങളിൽ തൊഴിലെടുക്കുന്ന തമിഴ് കുടിയേറ്റജനതയുടെ ജീവിതം കലർപ്പുകളില്ലാതെ അവതരിപ്പിച്ച ഡോക്യുമെന്ററിയാണ്.


ISSN: 2582 - 2594

ഇടുക്കിയിലേക്കുള്ള ജനപ്രിയ ചലച്ചിത്രനോട്ടങ്ങൾ സഞ്ചാരികളുടെ പരിപ്രേക്ഷ്യത്തിലുള്ളവയാണ്. താൽക്കാലിക കാഴ്ചകൾക്കും അനുഭൂതികൾക്കുംവേണ്ടി ഇടുക്കി തനതായി സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന മുതലാളിത്തനോട്ടങ്ങളാണ് അതിന്റെ അന്തഃസത്ത. ഇടുക്കിയും ഹൈറേഞ്ചും പരാമർശിക്കുന്ന സിനിമകളിലെ പ്രകൃതി ചിത്രീകരണം കേവലം കാൽപ്പനികമായ ദൃശ്യപരിചരണമെന്നതിനപ്പുറം കഥാപശ്ചാത്തലത്തോട് ചേർന്നുനിൽക്കുന്ന രീതി സ്വീകരിക്കുന്നതാണ് ഉചിതം. ഇടുക്കിയിലെ ജീവിതങ്ങൾ ഏകമാനമുള്ള കാഴ്ചകളല്ല. അരക്ഷിതനും സങ്കീർണ്ണവുമായ ജനതയുടെ ജീവിതസമരങ്ങളിലേക്കുകൂടി ചലച്ചിത്ര കാഴ്ചകൾ വിപുലമാകേണ്ടതുണ്ട്. മാറിയ കാലവും സാഹചര്യങ്ങളും പുതുക്കി വരക്കുന്ന ദൃശ്യഭൂപടങ്ങളിലേയ്ക്കുള്ള ക്ഷണപത്രമാണ് സമകാലിക സിനിമകൾ അവശേഷിപ്പിക്കേണ്ടത്.

**സഹായകഗ്രന്ഥങ്ങൾ:**


1. അനിറ്റ ഷാജി, അന്യവും വന്യവുമായ ചലച്ചിത്ര ഭൂമിക (ലേഖനം) മാധ്യമം ആഴ്ചപ്പതിപ്പ്, കോഴിക്കോട്, 2021 ആഗസ്റ്റ്, ലക്കം 1222
2. നീലൻ, സിനിമ സ്വപ്നം ജീവിതം, ഗ്രീൻ ബുക്സ്, തിരുവനന്തപുരം: 2020
3. രാമചന്ദ്രൻ ജി.പി., മലയാള സിനിമ ദേശം ഭാഷ സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2017
4. വെങ്കിടേശ്വരൻ സി എസ്, മലയാളസിനിമാ പഠനങ്ങൾ, ഡിസി ബുക്സ്, കോട്ടയം : 2011
5. വെങ്കിടേശ്വരൻ സി. എസ്, സിനിമയുടെ ഭാവനാ ദേശങ്ങൾ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം : 2022
6. ഷീബ എം. കുര്യൻ, ഫോക്കസ് സിനിമാ പഠനങ്ങൾ, ഗയ പുസ്തകശാല, തൃശ്ശൂർ: 2022


**ലിങ്കുകൾ:**


https://youtu.be/tHoBiA88gOE?si=hHnbPA9Uwpl74Xle

https://youtu.be/1B8oOu3AEwo?si=J9cnrrqz2WuUpSbl

https://youtu.be/ZqzWozZ9fDo?si=rZGFgmkiGSHOmd_e

https://youtu.be/LqEFldYc0AU?si=iJGlD3tt7_SgVH7d

https://youtu.be/Da32zu21T18?si=x98T7QzFnKKPmuwo

https://youtu.be/E4QsBBXPVkg?si=Q4Mve5lJeXvdMOlN

https://youtu.be/BT1McfVvJjQ?feature=shared

https://youtu.be/YDv9j-hxBBA?si=-xtmU2Rfjel6YDjn

https://youtu.be/s-RV-kxkGbU?feature=shared

ACADEMIC RESEARCH AND REVIEW LETTERS Vol. 7 No. 2 July 2024

KERALA-ART

# ദേശസംസ്കാരത്തിന്റെ ദൃശ്യപ്രപഞ്ചം വയലാർ ചലച്ചിത്രഗാനങ്ങളിൽ

**അശ്വതി പി.എസ്.**
ഗവേഷക, മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം
E-mail: aswathypsb@gmail.com

സംഗ്രഹം

അക്ഷരാഭ്യാസത്തിന്റെ അളവുകോൽ ഹേതുവാകാതെ ഏതൊരാൾക്കും ആസ്വദിക്കാൻ കഴിയുന്ന ഒരു ജനപ്രിയ കലാരൂപമാണ് സിനിമ. സിനിമ ഒരു സംഘടിതകലയാണ്. മറ്റുപല കലാരൂപങ്ങളുടെയും അംശം സിനിമയിൽ അന്തർലീനമായിരിക്കുന്നു. അതിൽ പ്രധാനസ്ഥാനം കയ്യാളുന്നത് സംഗീതമാണ്. സംഗീതം സിനിമയിൽ ചലച്ചിത്രഗാനങ്ങളായും പശ്ചാത്തലസംഗീതമായും കടന്നുവരുന്നു. ദേശം, ഭാഷ എന്നീ സംജ്ഞകൾ അതിർത്തി നിശ്ചയിക്കുന്ന വ്യത്യസ്ത സിനിമാനിർമ്മാണമേഖലകളാൽ വ്യാപിച്ചുകിടക്കുന്ന ഇന്ത്യൻസിനിമയിൽ ശ്രദ്ധേയമാണ് മലയാളസിനിമ. തുടക്കകാലം മുതൽതന്നെ കാമ്പുള്ള സിനിമകൾ നിർമ്മിച്ചുപോരുന്ന മലയാളസിനിമ പ്രതിനിധാനം ചെയ്യുന്നത് കേരളത്തിന്റെ ഭൂപ്രകൃതിയും സംവേദനം ചെയ്യപ്പെടുന്നത് മലയാളഭാഷയിലുമാണ്. ഇങ്ങനെ പ്രാദേശികമായി പുറത്തിറങ്ങുന്ന സിനിമയിൽ ദേശസംസ്കൃതിയുടെ കലർപ്പുകൾ കടന്നുകൂടുന്നത് സ്വാഭാവികമാണ്. സിനിമാഗാനങ്ങളുടെ കാര്യവും ഇതിൽനിന്നു വ്യത്യസ്തമല്ല. ഇന്ന് ഏതാണ്ട് 86 വർഷത്തിൽപ്പരം പഴക്കമുള്ള, മലയാളസിനിമാഗാന പാരമ്പര്യത്തിന്റെ ആദ്യപകുതി കയ്യടക്കിവാണ വയലാർ രാമവർമ്മയുടെ ചലച്ചിത്രഗാനങ്ങളിലെ കേരളീയസംസ്കാരത്തിന്റെ ആവിഷ്കാരം എപ്രകാരമാണെന്ന് അന്വേഷിക്കാൻ മുതിരുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:** ചലച്ചിത്രഗാനം, ദേശം, ദേശസംസ്കാരം, പ്രാദേശികത.

## ആമുഖം

മനുഷ്യസമൂഹം ഭൗമോപരിതലത്തിൽ മികച്ച ജീവിതസൗകര്യങ്ങൾ നൽകാൻ പ്രാപ്തമായ ഭൂപ്രദേശത്തെ വാസയോഗ്യമാക്കി മാറ്റുന്നതും പിന്നീട് അവിടുത്തെ സാമൂഹികവും

 ISSN: 2582 - 2594

സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളാൽ പൊതുവായ ചില സവിശേഷതകളുള്ള ജനസമൂഹമായി മാറുന്നതും ചരിത്രാധീതകാലം മുതൽ കണ്ടുവരുന്നതാണ്. അത്തരത്തിലുള്ള വാകുന്ന പൊതുവിടത്തിന്റെ സാമൂഹിക-സാംസ്കാരികസവിശേഷതകൾ ജനസമൂഹത്തിന്റെ ജീവിതശീലുകളിൽ സ്വയമറിയാതെ കലർത്തപ്പെടുകയും അതിലൂടെ രൂപപ്പെടുന്ന ഐക്യം പ്രസ്തുത ഇടത്തെ ദേശമാക്കി പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. വിവിധ ദേശങ്ങളിലും ഭാഷകളിലുമായി പുറത്തിറങ്ങുന്ന കലാ-സാഹിത്യരൂപങ്ങൾ അതാതിടങ്ങളിലെ ജനതയുടെ സാമൂഹിക സാംസ്കാരിക ഐക്യത്തിന്റെ പുനർനിർമ്മാണം നടത്തിവരുന്നു. സിനിമയും ഇതിൽനിന്ന് വ്യത്യസ്തമല്ല.

സിനിമ അതുണ്ടായ കാലം മുതൽ ആഘോഷിക്കപ്പെടുന്ന ഒരു മാധ്യമമാണ്. ഇന്നും വളരെ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതും ചർച്ച ചെയ്യപ്പെടുന്നതുമായ ചലച്ചിത്രത്തിന് നമ്മുടെ ജീവിതത്തിലും സംസ്കാരത്തിലുമുള്ള സ്വാധീനം വളരെ വലുതാണ്. ഒരു കലാസൃഷ്ടി പ്രത്യേക കാലഘട്ടത്തിലെ ജീവിതമൂല്യങ്ങളുടേയും ആചാരവിശേഷങ്ങളുടെയും ഭാവനയ്ക്കപ്പുറത്തുള്ള ജീവിതാവിഷ്കാരം കൂടിയാണ്. ഈ സാഹചര്യത്തിൽ പരിശോധിച്ചാൽ ഓരോ ദേശത്തും ഓരോ കാലത്തും ഇറങ്ങുന്ന സിനിമകൾ അവിടുത്തെ പ്രാദേശിക സംസ്കാരത്തിന്റെ കൂടി നിർമ്മിതിയാണ്. ഇങ്ങനെ പുറത്തിറങ്ങുന്ന ചലച്ചിത്രങ്ങളിലെ ഗാനങ്ങളെ വിശദമായി പരിശോധിക്കാം.

സംഗീതം എല്ലാകാലത്തും സിനിമയുടെ അഭിവാജ്യഘടകമാണെന്ന മനസിലാക്കാൻ സാധിക്കും. പ്രത്യേകിച്ച് ഇന്ത്യൻസിനിമയിൽ. ഇന്ന് മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഹിന്ദി, തുടങ്ങി വ്യത്യസ്ത ഭാഷകളിൽ വിവിധ സിനിമാമേഖലകളിലായി പരന്നുകിടക്കുന്ന ഇന്ത്യൻ സിനിമാ വ്യവസായത്തിൽ സംഗീതത്തിന് സിനിമ മിണ്ടിത്തുടങ്ങിയ കാലം മുതൽതന്നെ വളരെ വലിയ പ്രാധാന്യം നൽകിവരുന്നു. സിനിമയുടെ കഥാപുരോഗതിയെ മുൻനിർത്തി പശ്ചാത്തലസംഗീതമായും ഗാനമായും സിനിമയിൽ സംഗീതം കടന്നുവരുന്നു. തീർത്തും ലളിതവും മധുരവുമായ പദാവലിയിൽ മികച്ച സംഗീതത്തിന്റെ അകമ്പടിയോടെ എത്തുന്ന സിനിമാഗാനങ്ങളെക്കുറിച്ച് 'ഹൃദയസരസ്സ്' എന്ന ഗ്രന്ഥത്തിലെ പാട്ടിന്റെ പാലാഴി എന്ന ആമുഖത്തിൽ ഒ. എൻ. വി. അഭിപ്രായപ്പെട്ടിട്ടുള്ളത് "ചലച്ചിത്രത്തിൽ പ്രയുക്തമായ സംഗീതവും കവിതയുമാണുള്ളത്. അതായത് ചലച്ചിത്രഗാനങ്ങൾ സ്വതന്ത്രകവനങ്ങളല്ല. പരകീയമായ കഥയും സന്ദർഭവും ആവശ്യപ്പെടുന്നതനുസരിച്ചാണ് അവയുടെ സൃഷ്ടി. ഒരു കഥാപാത്രത്തിന്റെ മനസ്സ് തുറന്നുകാട്ടുക, സന്ദർഭാനുസൃതമായ ഒരന്തരീക്ഷം സൃഷ്ടിക്കുക, ദൃശ്യവൽക്കരിക്കാനുള്ള സാധ്യതകളുണ്ടാവുക, ഇത്തരം ചില നിയോഗങ്ങൾ ചലച്ചിത്രഗാനത്തിന് നിറവേറ്റാനുണ്ട്." (ശ്രീകുമാരൻ തമ്പി, 2015:10)

ഇനി മലയാളചലച്ചിത്രഗാനപാരമ്പര്യത്തിലേക്ക് ഇറങ്ങിച്ചെന്നാൽ 1938-ൽ പുറത്തിറങ്ങിയ മലയാളത്തിലെ പ്രഥമ ശബ്ദചിത്രമായ 'ബാലൻ' മുതൽ ആരംഭിക്കുന്ന വെള്ളിത്തിരയിലെ ഗാനസപര്യ. മുതുകുളം രാഘവൻപിള്ള എഴുതിയ 23 പാട്ടുകളാണ് ബാലനിൽ ഉണ്ടായിരുന്നത്. അന്നത്തെ ഒട്ടുമിക്ക ചലച്ചിത്രങ്ങളിലും അന്യഭാഷാചിത്രങ്ങളിൽ നിന്നും അനുകരിക്കപ്പെട്ട ഈണങ്ങളിൽ പുറത്തിറങ്ങിയ ഗാനമാതൃകകളായിരുന്നു ഉണ്ടായിരുന്നത്. ഈ അവസ്ഥയ്ക്ക് സമൂലമായ മാറ്റം പ്രകടമാവുന്നത് പി. ഭാസ്കരൻ, ഒ.എൻ.വി., വയലാർ എന്നിവരുടെ സിനിമാഗാനരംഗത്തേക്കുള്ള പ്രവേശനത്തോടെയാണ്. അതോടെ മലയാള സിനിമാഗാനങ്ങൾ

സാഹിത്യപരമായി കൂടുതൽ ഉയരുകയും കേരളീയ ദേശപ്രകൃതിയുടെ സൗന്ദര്യം ഗാനങ്ങളിൽ ആവാഹിക്കപ്പെടുകയും ചെയ്തു. 1950 മുതൽ 1980 വരെയുള്ള ഈ കാലഘട്ടം മലയാള ചലച്ചിത്രഗാനശാഖയിലെ സുവർണ്ണഘട്ടമായി കരുതപ്പെടുന്നു.

വാമൊഴിയിലാരംഭിച്ച മലയാള ഗാനപാരമ്പര്യം ഇന്നും സജീവമായി എത്തിനിൽക്കുന്നത് ചലച്ചിത്രഗാനങ്ങളിലാണ്. നാടൻപാട്ടുകളിലും കൃഷിപ്പാട്ടുകളിലും ആഘോഷഗാനങ്ങളിലുമെല്ലാം നിഴലിച്ചു നിന്നിരുന്ന കേരളീയ ഭൂപ്രകൃതിയേയും സംസ്കൃതിയേയും മലയാള സിനിമാഗാനങ്ങളിലേക്ക് എത്തിച്ചവരിൽ പ്രധാനിയാണ് വയലാർ രാമവർമ്മ. 1954-ൽ 'വഴിവിളക്ക്' എന്ന ചിത്രത്തിനായി ഗാനങ്ങൾ എഴുതിക്കൊണ്ടാണ് വയലാർ സിനിമാഗാനരംഗത്തേക്ക് കടന്നുവന്നത് എന്നു പറയപ്പെടുന്നു. 1956-ൽ പുറത്തിറങ്ങിയ 'കൂടപ്പിറപ്പ്' ആണ് വയലാർ പാട്ടെഴുതി പുറത്തുവന്ന ആദ്യ ചലച്ചിത്രം. ഈ ചിത്രം പ്രദർശനശാലകളിൽ വന്നപ്പോൾ വയലാർ രാമവർമ്മയെന്ന കരുത്തനായ കവിയുടെ, ഗാനരചയിതാവെന്ന നിലയ്ക്കുള്ള സിനിമാപ്രവേശനമായിട്ടു കൂടിയാണ് സഹൃദയർ അതിനെ വരവേറ്റത്. അദ്ദേഹത്തിന്റെ ആദ്യകാല ഗാനങ്ങളിലാവട്ടെ ചങ്ങമ്പുഴയുടെ സ്വാധീനം വ്യക്തമായി കാണാൻ കഴിയും. ഒരേസമയം വരേണ്യമായ പൗരാണികപാരമ്പര്യവും മനുഷ്യത്വത്തിലൂന്നിയ വിപ്ലവാഹ്വാനങ്ങളും വയലാറിന്റെ ഗാനങ്ങളിൽ സമ്മേളിക്കുന്നു. ജീവിതവും, പ്രകൃതിയും, പ്രേമസാഫല്യവും, പ്രേമഭംഗവും, തത്വചിന്തയും, ദേശഭക്തിയുമെല്ലാം കല്പനാചിത്രങ്ങളിലൂടെ ഭാവതീവ്രമായി വയലാറിന്റെ ചലച്ചിത്രഗാനങ്ങളിൽ ബിംബവത്കരിക്കപ്പെട്ടു.

കേരളസംസ്കാരം പഠനവിധേയമാക്കുന്ന ഏതൊരു വ്യക്തിയുടെയും ദൃഷ്ടി പതിയുന്ന ഇടമാണ് മലയാള ചലച്ചിത്രഗാനങ്ങൾ. മലയാള ചലച്ചിത്രഗാനങ്ങളിൽ കേരളീയത സൃഷ്ടിക്കാൻ ശ്രമിച്ച വയലാർ രാമവർമ്മയുടെ വിവിധ ചലച്ചിത്രഗാനങ്ങളിൽ മലയാളിയുടെ കലർപ്പില്ലാത്ത സംസ്കാരം, ആചാരങ്ങൾ, ആഘോഷങ്ങൾ, വിശ്വാസങ്ങൾ, ജീവിതരീതി, തൊഴിൽ, സാമൂഹ്യവ്യവസ്ഥ മുതലായവയുടെ സ്വാധീനം കണ്ടെത്താൻ കഴിയുന്നു. ദൃശ്യബിംബങ്ങളുടെ വാക്ചാതുരിയിൽ മനോഹരമായ ഗാനങ്ങളിലൂടെ വയലാർ നിർമ്മിച്ചെടുത്ത കേരളീയ സംസ്കാരത്തിന്റെ വിശദമായ അന്വേഷണങ്ങളിലേക്കാണ് ഇനി കടക്കുന്നത്.

**പ്രകൃതിയും പരിസ്ഥിതിയും**

മയിലാടും മലകളെയും, പെരിയാറിനെയും സഖികളെയും, മാവേലിപ്പാട്ടുപാടുന്ന മലയാളനാടിന്റെ ഭൂപ്രകൃതിയേയും കാലാവസ്ഥയേയുമൊക്കെ വിവരിക്കുന്ന, മലയാളനാടിന്റെ ഉല്പത്തിചരിത്രത്തോളം ചെന്നെത്തുന്ന വർണനകളടങ്ങിയ ഒരു ഗാനം 'കൂട്ടുകുടുംബം' എന്ന ചിത്രത്തിലൂടെ പുറത്തുവന്നിട്ടുണ്ട്.

പരശുരാമൻ മഴവെറിഞ്ഞ് നേടിയതല്ല  
തിരകൾ വന്നു തിരുമുൽക്കാഴ്ച നൽകിയതല്ല  
മയിലാടും മലകളും പെരിയാറും സഖികളും  
മാവേലിപ്പാട്ടുപാടുമീ മലയാളം

(കൂട്ടുകുടുംബം)


ISSN: 2582 - 2594

പുഴയും മലകളും കായലും പാടവും നാട്ടുവഴികളിൽ പച്ചപ്പും നിറഞ്ഞ കേരളം വയലാർ ഗാനങ്ങളിലെ സജീവസാന്നിധ്യമാണ്.

പുഴകൾ മലകൾ പൂവനങ്ങൾ
ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാരച്ചാമരം വീശുന്ന
ചന്ദനശീതളമണപ്പുറങ്ങൾ

(നദി)

അതോടൊപ്പം കേരളത്തിലെ പ്രധാന ജലാശയങ്ങളെല്ലാം തന്നെ വയലാറിന്റെ ഗാനങ്ങൾക്ക് വിഷയമായിട്ടുള്ളതായും കാണാം.

പെരിയാറേ,പെരിയാറേ,
പർവ്വതനിരയുടെ പനിനീരെ
കുളിരും കൊണ്ട് കുണുങ്ങി നടക്കും
മലയാളിപ്പെണ്ണാണു നീ-ഒരു
മലയാളിപ്പെണ്ണാണു നീ

(ഭാര്യ)

കൈതപ്പുഴ കായലിലെ
കാറ്റിന്റെ കൈകളിലെ

(ത്രിവേണി)

അഷ്ടമുടിക്കായലിലെ
അന്നടത്തോണിയിലെ

(മണവാട്ടി)

ആയിരം പാദസരങ്ങൾ കിലുങ്ങി
ആലുവാപ്പുഴ പിന്നെയുമൊഴുകി

(നദി)

ഭാരതപ്പുഴയിലെ
ഓളങ്ങളേ... ഓളങ്ങളേ...

(കലക്ടർ മാലതി)

ഇനിയും എണ്ണിയാലൊടുങ്ങാത്ത ഹരിതകേരള ചാരുത വിളിച്ചോതുന്ന ഗാനങ്ങൾ മലയാളത്തിനു സമ്മാനിച്ച വയലാർ

ഇവിടമാണിവിടമാണിതിഹാരരൂപിയാം

ഈശ്വരനിറങ്ങിയ തീരം – എന്നുറപ്പിക്കുക തന്നെയാണ് തന്റെ ഗാനങ്ങളിലൂടെ ചെയ്തിട്ടുള്ളതെന്ന് നിസ്സംശയം പറയാനാവുന്നു.

കേരളത്തിന്റെ പ്രകൃതിയുടെ മധുരമനോജ്ഞത ഒപ്പിയെടുക്കുന്നതാണ് വയലാർ ഗാനങ്ങൾ. ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണം ലഭിക്കുന്നതിനും എത്രയോ മുമ്പേതന്നെ തന്റെ ഗാനങ്ങളിലൂടെ തന്റെ നാടിന്റെ ഭാവസൗന്ദര്യത്തെ അദ്ദേഹം വരച്ചിട്ടു. ഭൂപ്രകൃതിയേയും സംസ്കൃതിയേയും ബിംബവത്കരിക്കുന്ന വയലാറിന്റെ ചലച്ചിത്രഗാനങ്ങളിൽ കേരളത്തിന്റെ ദേശപ്രകൃതിയുടെ മികച്ച അവതരണങ്ങൾ കാണാൻ കഴിയും.

**ആചാരങ്ങളും ആഘോഷങ്ങളും**

കേരളീയ ആചാരങ്ങളും ആഘോഷങ്ങളും വയലാർ ചലച്ചിത്രഗാനങ്ങളിൽ സുലഭമായി കടന്നുകൂടിയിട്ടുണ്ട്. നമ്മുടെ തനതായ ആഘോഷങ്ങൾ ആവിഷ്കരിക്കുന്ന നിരവധി ഗാനങ്ങൾ വാങ്മയങ്ങളായി കേൾവിക്കാരുടെ മുന്നിലേക്ക് എത്തിയിട്ടുണ്ട്. ഓണം, വിഷു, തിരുവാതിര, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ആഘോഷങ്ങൾ തൊട്ട് വ്യത്യസ്ത മത-സമുദായങ്ങളിൽ പ്രചാരത്തിലിരിക്കുന്ന ചില അപൂർവാചാരങ്ങളെയും തലമുറകളിലൂടെ നമ്മൾ കേട്ടറിഞ്ഞ ചില മിത്തുകളെയും, വിശ്വാസങ്ങളെയുമെല്ലാം വയലാർ ചലച്ചിത്രഗാനങ്ങളിൽ നിന്നു കണ്ടെടുക്കാനാവും.  മലയാളികളുടെ ദേശീയോത്സവമായ ഓണത്തെ പ്രതിപാദിക്കുന്ന ഒട്ടനവധി വയലാർ ഗാനങ്ങൾ മലയാളികൾ ഏറ്റുപാടി. 1968-ൽ 'തുലാഭാരം' എന്ന സിനിമയ്ക്കുവേണ്ടി വയലാർ എഴുതിയ ഓണപ്പാട്ട് മലയാളികൾ കേട്ടുശീലിച്ച പഴമൊഴിയുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ്.

ഓമനത്തിങ്കളിനോണം പിറക്കുമ്പോൾ
താമര കുമ്പിളിൽ പനിനീര്
ഓണം പിറന്നാലും ഉണ്ണി പിറന്നാലും
ഓരോ കുമ്പിൾ കണ്ണീര്

(തുലാഭാരം)

ഓണത്തെ വരവേൽക്കുന്ന പ്രകൃതിയുടെ സവിശേഷതകളെ  എടുത്തുപറയുന്ന ഗാനമാണ്.

കാറ്റും പോയ് മഴ കാറും പോയ്
കർക്കടകം പുറകെ പോയി
ആവണിത്തുമ്പിയും അവൾ ഒറ്റ മക്കളും
വാ...വാ....

(വാഴ്വേമായം)

പൊന്നോണത്തിന് പൂപ്പട കൂട്ടാൻ തുമ്പിയെ വിളിക്കുന്ന പാട്ടും (പാവങ്ങൾ പെണ്ണുങ്ങൾ) നാളേക്ക് ഒരു വട്ടി പൂ തരാൻ തുമ്പിയോട് ചോദിക്കുന്ന പൂവേ പൊലിപ്പാട്ടും (ചെമ്പരത്തി) വയലാറിന്റേതായി പുറത്തുവന്നിട്ടുള്ള ഓണപ്പാട്ടുകളാണ്.


ISSN: 2582 - 2594

മലയാളിയുടെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന വിഷുവിനെ ബിംബവത്കരിച്ചുകൊണ്ടുള്ള ഗാനമാണ്.

ചെത്തിമന്ദാരം തുളസി
പിച്ചകമാലകൾ ചാർത്തി
ഗുരുവായൂരപ്പാ നിന്നെ കണി കാണണം

(അടിമകൾ)

വിഷു ആഘോഷവുമായി ബന്ധപ്പെട്ട ചടങ്ങുകളെ സൂചിപ്പിക്കുന്ന മറ്റൊരു ഗാനമാണ്.

എന്റെ കൈയിൽ പൂത്തിരി
നിന്റെ കൈയിൽ പൂത്തിരി
എങ്ങും പൊട്ടിച്ചിരിക്കുന്ന വിഷുപ്പുലരി
പുലരിക്കു പൊൻപണം കൈനീട്ടം

(സമ്മാനം)

'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന ചിത്രത്തിലെ "അമ്പലപ്പറമ്പിലെ ആരാമത്തിലെ ചെമ്പരത്തി പൂവേ" എന്ന് തുടങ്ങുന്ന ഗാനത്തിലും 'കുട്ടുകുടുംബം' എന്ന ചിത്രത്തിലെ "തങ്കഭസ്മ ക്കുറിയിട്ട തമ്പുരാട്ടി" എന്ന ഗാനത്തിലും വിഷുപ്പുലരിയെ അനുസ്മരിപ്പിക്കുന്ന ചില വരികൾ കാണാം.

ക്രിസ്തുമത വിശ്വാസികളുടെ ഓശാന ഞായറിനെ വർണിക്കുന്നവയാണ് 'ഭാര്യ' എന്ന ചലച്ചിത്രത്തിലെ താഴെ പറയുന്ന വരികൾ.

ഓമന കൈയിൽ ഒലീവിലെ കൊമ്പുമായി
ഓശാന പെരുന്നാള് വന്നു

കേരളത്തിലെ മുസ്ലിം സ്ത്രീകൾ മണവാട്ടിയെ വലയം ചെയ്തു നടത്തുന്ന ഒപ്പനയെന്ന നൃത്തരൂപത്തിനായി നിർമിച്ച ഗാനമാണ്

കസ്തൂരിത്തൈലമിട്ടു മുടി മിനുക്കി
മുത്തോട് മുത്തുവച്ച വളകിലുക്കി – കയ്യിൽ
മുത്തോട്ടു മുത്തുവച്ച വളകിലുക്കി

(കടൽപ്പാലം)

വയലാറിന്റെ ചലച്ചിത്രഗാനങ്ങളിൽ നിന്നും ആചാരങ്ങളുടെയും മിത്തുകളുടെയും വിനോദത്തിന്റെയും നിരവധിയായ സൂചനകൾ കണ്ടെത്താനാവും. പെൺകുട്ടി ഋതുമതിയായാൽ ചുറ്റും വിളംബരം ചെയ്തു ആഘോഷിക്കുന്ന ആചാരം മുൻപ് കേരളത്തിൽ നിലനിന്നിരുന്നു. ഈ ആഘോഷത്തിന്റെ സൂചനകൾ നൽകുന്ന പാട്ടാണ്

ഇല്ലാരില്ലം കാട്ടിനുള്ളിലൊരിത്തിരിപ്പൂ
ഋതുമതിപ്പൂവിന് ഞൊറിവെച്ചുടുക്കാൻ
പുടവയുമായിളം വെയിലേ വാ

(കരകാണാക്കടൽ)

മുക്കുവരുടെ ആരവവും വായ്ത്താരിയും ചാകര ആഘോഷങ്ങളും കടലിൽപോകുന്ന മുക്കുവന്റെ ജീവൻ കരയിലിരിക്കുന്ന അരയത്തിയുടെ തപസ്സാണ് തുടങ്ങിയ മിത്തുകളുടെയുമൊക്കെ സൂചനകൾ നൽകുന്ന ഗാനങ്ങളാണ്.

പെണ്ണാളെ, പെണ്ണാളെ - കരിമീൻ
കണ്ണാളെ, കണ്ണാളേ...
കന്നിത്താമരപ്പൂ മോളേ... വാവ
തന്തന തന്തന തന്താന

(ചെമ്മീൻ)

പണ്ടൊരു മുക്കുവൻ മുത്തിനുപോയി
പടിഞ്ഞാറൻ കാറ്റത്ത് മുങ്ങിപ്പോയി
അരയത്തിപ്പെണ്ണ് തപസ്സിരുന്നു
അവനെക്കടലമ്മ കൊണ്ടുവന്നു

പുത്തൻവലക്കാരാ
പുന്നപ്പറക്കാരേ പുറക്കാട്ട് കടപ്പുറത്ത്
ചാകര,ചാകര, ചാകര!

മലയാളികളുടെ വള്ളംകളി വിനോദത്തിന്റെ ആരവവും വൈകാരികതയും ഉണർത്തുന്ന

കുട്ടനാടൻ പുഞ്ചയിലെ
കൊച്ചുപെണ്ണേ കുയിലാളേ
കൊട്ടുവേണം കുഴൽ വേണം
കുരവ വേണം

(കാവാലം ചുണ്ടൻ)

തുടങ്ങിയ ഗാനങ്ങളും വയലാറിന്റെ ഗാനപ്രപഞ്ചത്തിന്റെ ഭാഗമായിരുന്നു.

**സമൂഹവും മനുഷ്യനും**

സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളെ തിരിച്ചറിയുന്നതിനും അവരുടെ സാമൂഹിക-സാംസ്കാരികാവസ്ഥകളെ മനസ്സിലാക്കുന്നതിനും വിവിധ സിനിമകളിലെ, കഥയ്ക്കും കഥാപാത്രങ്ങൾക്കുമനുസരിച്ച് വയലാർ നിർമിച്ചെടുത്ത ഗാനങ്ങളുടെ സൂക്ഷ്മപഠനത്തിലൂടെ സാധ്യമാവുന്നു. പല തൊഴിൽമേഖലകളിൽ വ്യാപരിക്കുന്ന വ്യത്യസ്ത മനുഷ്യരെക്കുറിച്ച് വയലാർ ഗാനങ്ങൾ എഴുതിയിട്ടുണ്ട്. ഈ ശ്രേണിയിൽപ്പെടുന്ന പാട്ടുകൾ പ്രയോജനപ്പെടുത്തി വയലാർ ഗാനങ്ങളിലെ മനുഷ്യസമൂഹത്തിന്റെ അവതരണം പരിശോധിക്കുമ്പോൾ ചെമ്മീൻ, ഓടയിൽ നിന്ന്, തുലാഭാരം, ഇണപ്രാവുകൾ തുടങ്ങിയ ചലച്ചിത്രങ്ങളിലെ ഗാനങ്ങളിൽ നിന്ന് വിവിധ തൊഴിൽ മേഖലകളിലെ വ്യത്യസ്തരായ ജനസമൂഹത്തിന്റെ നേർചിത്രങ്ങൾ കണ്ടെടുക്കാനാവും. കടലിന്റെ യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ട് പുറക്കാട് കടപ്പുറത്തെ അരയസമുദായത്തിന്റെ ജീവിതസാഹചര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ 'ചെമ്മീനിലെ' പാട്ടുകളിൽ കാണാം.

 ISSN: 2582 - 2594

കടലിന്നക്കരെ പോണോരെ
കാണാപ്പൊന്നിനു പോണോരെ
പോയ് വരുമ്പോഴെന്തുകൊണ്ടുവരും?

'ഓടയിൽ നിന്ന്' എന്ന ചിത്രത്തിൽ വയലാർ കൊല്ലത്തെ റിക്ഷാക്കാരുടെ ജീവിതം ആവിഷ്കരിച്ചിരിക്കുന്നു.

ഓ റിക്ഷാവാല റിക്ഷാവാല
കൊല്ലംവണ്ടിക്ക് കുഞ്ഞാണ്ടിക്കൊരു
കോള് കിട്ടി

(ഓടയിൽ നിന്ന്)

വണ്ടിക്കാരാ... വണ്ടിക്കാരാ...
വഴിവിളക്കുതെളിഞ്ഞു
സ്വപ്നം കണ്ടു നടക്കും നീയൊരു
സ്വാഗതഗാനം കേട്ടു..നാളെ... നാളെ...

തൊഴിലാളിവർഗ്ഗ സമരത്തിന്റെ അജയ്യതയെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയ ഗാനങ്ങളിൽ അരുണയുഗത്തിലെ മാറ്റത്തിനുവേണ്ടിയുള്ള മുറവിളികൾ കേൾക്കാം.

സഖാക്കളെ മുന്നോട്ട്... മുന്നോട്ട്... മുന്നോട്ട്...
തൊഴിലാളികളെ തൊഴിലാളികളെ...
മനസ്സിൽ വിപ്ലവത്തിരകളിരമ്പിടു-
മലയാളികളെ

(പുന്നപ്ര വയലാർ)

നാട്ടിൻപുറത്തുള്ള അധഃസ്ഥിതരായ ദളിത് കർഷകരുടെ അവസ്ഥയേയും അന്നത്തെ ഫ്യൂഡൽവ്യവസ്ഥിതിയേയും വിമർശിച്ചുകൊണ്ട് ജാതി-മതചിന്തകൾക്കതീതമായി ചിന്തിക്കാനുള്ള ആഹ്വാനങ്ങളും അദ്ദേഹത്തിന്റെ തൂലികയ്ക്ക് അന്യമായിരുന്നില്ല.

മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി
മണ്ണ് പങ്കുവെച്ചു

(അച്ഛനും ബാപ്പയും)

## ഉപസംഹാരം

മലയാളിയുടെ പൊതുബോധത്തെ ആഴത്തിൽ സ്വാധീനിച്ച അനായാസതയുടെ ആസ്വാദനമികവ് പുലർത്തിയവയാണ് ചലച്ചിത്രഗാനങ്ങൾ. മലയാളിയെ ചേർത്തുനിർത്തുന്ന ഒരു സാംസ്കാരിക ഘടകമായിക്കൂടി ചലച്ചിത്രഗാനങ്ങളെ കണക്കാക്കാം. കേരളീയമായ സാംസ്കാ

രിക വൈവിധ്യങ്ങളെയും പൈതൃകത്തനിമകളെയും ആവോളം കണ്ടെടുക്കാനാവുന്ന സാംസ്കാരികോപാദാനങ്ങളായി അവ നിലനിൽക്കുന്നു. അൻപതുകൾ മുതൽ മലയാള ചലച്ചിത്രഗാനപാരമ്പര്യത്തിന്റെ മുൻനിര ഗാനരചയിതാക്കളിൽ പ്രധാനിയായ വയലാർ രാമവർമ്മയുടെ ഗാനങ്ങൾ മലയാളചലച്ചിത്രഗാനപാരമ്പര്യത്തെ സമ്പന്നമാക്കുന്നതിലും കേരളീയ പൊതുസമൂഹത്തെ രൂപപ്പെടുത്തുന്നതിലും വലിയ പങ്കു വഹിച്ചിട്ടുണ്ട്. ജനപ്രിയസംസ്കാരത്തിന്റെ ഭാഗമായ ചലച്ചിത്രഗാനങ്ങളിൽ ദേശസംസ്കൃതി കലരുന്നത് സ്വാഭാവികമാണ്. ഈ മനോഹര തീരത്ത് ഒരു ജന്മം കൂടി ആവശ്യപ്പെട്ട വയലാർ ഗാനങ്ങൾ എല്ലാകാലത്തും മലയാളി ആസ്വാദകരുടെ നിത്യജീവിതത്തിന്റെ ഭാഗം തന്നെയാണ്. കവി എന്ന വയലാറിൽ നിന്നും മലയാള ചലച്ചിത്രഗാനസപര്യയുടെ ഭാഗമായ വയലാർ രാമവർമ്മയിലേക്ക് എത്തിയപ്പോൾ അദ്ദേഹം കൂടുതൽ ജനകീയനാവുകയും ഒരു ദേശത്തിന്റേയും ജനസമൂഹത്തിന്റേയും സജീവചരിത്രത്തിന്റെ സാന്നിധ്യമാവുകയും ചെയ്തു.

ഏതൊരു ദേശസംസ്കാരവും ആ ദേശത്തെ ഭൂപ്രകൃതിയുടെയും സാമൂഹികവ്യവസ്ഥയുടെയും ജനസമൂഹങ്ങളുടെ ആചാരാനുഷ്ഠാനങ്ങളുടെയുമെല്ലാം ആകെത്തുകയാണ്. സാംസ്കാരിക ഘടകങ്ങളുടെ കലർപ്പ് അവിടുത്തെ കലാസാഹിത്യങ്ങളിൽ കലരുന്നത് സ്വാഭാവികമായൊരു സാംസ്കാരിക വിനിമയത്തിന്റെ ഭാഗം മാത്രമാണ്. ആ അർത്ഥത്തിൽ പരിശോധിക്കുമ്പോൾ വയലാർ ഗാനങ്ങളിൽ കേരളീയ ഭൂപ്രകൃതിയുടെ തലോടലും ഗ്രാമഭംഗിയും ഉത്സവാഘോഷങ്ങളും ആചാരങ്ങളും പഴമൊഴികളുമെല്ലാം അതിന്റെ ഏറ്റവും സ്വാഭാവികമായ തലത്തിൽത്തന്നെ കലർന്നിരിക്കുന്നതായി കാണാനാവും. കേരളസംസ്കാരമെന്ന ബൃഹത് നിർമ്മിതിയ്ക്കായി വിളക്കിച്ചേർത്തിരിക്കുന്ന വിവിധ കണ്ണികളെ വയലാർ ഗാനങ്ങളുടെ ഇഴയടരുകളിൽ നിന്ന് നിഷ്പ്രയാസം കണ്ടെത്താൻ സാധിക്കും. സ്വാഭാവികവും ജൈവികവുമായി ഒഴുകിക്കൊണ്ടിരിക്കുന്ന വയലാർ ഗാനങ്ങളുടെ നീരൊഴുക്കിന്റെ ഉറവ കേരളീയസംസ്കാരത്തിൽ നിന്നാരംഭിച്ച് അതിന്റെ വിശാലതകളിലേക്ക് തന്നെ ചിതറുകയും ഊറിക്കൂടുകയുമാണെന്നത് ഈ പഠനത്തിലൂടെ വ്യക്തമാവുന്നു.

**ആധാരസൂചി**

1. ചന്ദ്രിക ശങ്കരനാരായണൻ, ഡോ., വയലാർ രാമവർമ്മ ഋതുഭേദങ്ങൾക്ക് വർണ്ണം പകരുന്ന കവി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2013.
2. രാമവർമ്മ വയലാർ, വയലാർ കൃതികൾ, ഡി.സി.ബുക്സ്, കോട്ടയം, 2020.
3. ശശി കെ.വി.,(എഡി.), മലയാളചലച്ചിത്രഗാനം: കാമന ശരീരം ദേശം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2012.
4. ശാസ്തമംഗലം ടി.പി., ആയിരം പാദസരങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 2019.
5. ശ്രീകുമാരൻ തമ്പി, ഹൃദയ സരസ്സ്, ഡി.സി. ബുക്സ്, കോട്ടയം, 2015.
6. അച്ഛനും ബാപ്പയും (ഇന്ത്യ/മലയാളം/1972/147”), കെ. എസ്. സേതുമാധവൻ (സംവിധാനം), എം. എസ്. പ്രൊഡക്ഷൻസ്.
7. അടിമകൾ, (ഇന്ത്യ/മലയാളം/1969/145”), കെ. എസ്. സേതുമാധവൻ (സംവിധാനം), മഞ്ഞിലാസ് ഫിലിംസ്.


ISSN: 2582 - 2594

8. ഓടയിൽ നിന്ന്, (ഇന്ത്യ/മലയാളം/1965/175"), കെ. എസ്. സേതുമാധവൻ (സംവിധാനം), തിരുമുരുകൻ പിക്ച്ചേഴ്സ്.
9. കടൽപ്പാലം, (ഇന്ത്യ/മലയാളം/1969/151"), കെ. എസ്. സേതുമാധവൻ (സംവിധാനം), മഞ്ഞിലാസ് ഫിലിംസ്.
10. കരകാണാക്കടൽ, (ഇന്ത്യ/മലയാളം/1971/137"), കെ. എസ്. സേതുമാധവൻ (സംവിധാനം), സുപ്രിയ പ്രൊഡക്ഷൻസ്.
11. ചെമ്മീൻ, (ഇന്ത്യ/മലയാളം/1965/140"), രാമു കാര്യാട്ട് (സംവിധാനം), കണ്മണി ഫിലിംസ്.
12. കാവാലം ചുണ്ടൻ, (ഇന്ത്യ/മലയാളം/1967/136"), ജെ. ശശികുമാർ (സംവിധാനം), ഭഗവതി പിക്ച്ചേഴ്സ്.
13. തുലാഭാരം, (ഇന്ത്യ/മലയാളം/1968/152"), എ വിൻസന്റ് (സംവിധാനം), സുപ്രിയ പ്രൊഡക്ഷൻസ്.
14. പുന്നപ്ര വയലാർ, (ഇന്ത്യ/മലയാളം/1968/139"), കുഞ്ചാക്കോ (സംവിധാനം), എക്സൽ പ്രൊഡക്ഷൻസ്.
15. വാഴ്വേമായം, ഇന്ത്യ/മലയാളം/1970/150"), കെ. എസ്. സേതുമാധവൻ (സംവിധാനം), വിമല റിലീസ്.

KERALA-ART

# Integrating Google Platforms for Effective English Language Teaching

First Author
**Aswathy Prathap S.**
Independent Researcher.
E-mail: aswathyprathaps@gmail.com

Corresponding Author
**Dr Al Muneera J.**
Assistant Professor
Department of English
Govt. College for Women,
Vazhuthacaud, Thiruvananthapuram.
E-mail: almuneeraj@gmail.com

## Abstract:

The nature of Language teaching programmes should be organized to cater to the needs of the learners. Any language programme must aim at making the learner an autonomous and efficient user of the language. The teacher can facilitate this process by providing opportunities for active language learning. In the era of e-learning, language teaching or providing learning materials to the learners has become a trouble free procedure. But the outcomes of learning should be monitored in order to confirm the students level of understanding. The assessments and evaluations executed throughout the learning will assist the teacher in improving oneself too. English Language Learning can be done through various platforms offered by Google. These platforms are free of cost, easily accessible and user friendly. Teachers can use Google dictionary, Google Forms, Google Classroom, Google Word Coach, Google meet and Google Translator judiciously to create learning tools and assessment tools. Anyone with a Google account can use these applications. The application is not even required in the system to avail it, but Google will be providing its web form. This can be exclusively exercised in the field of English Language Teaching.

**Keywords:** English Language Teaching, Assessment, Evaluation, Google Forms, Google Meet, Google Classroom, Google Translator, Google Word Coach, Google Dictionary.

 ISSN: 2582 - 2594

## Introduction

English Language Teaching has found new arenas in which innovations in the online teaching areas where the proficiency in language can be built in students regardless of the classroom adherence. The teaching - learning part was quintessentially done by using live streaming classes, recorded sessions, doubt clearance sessions, homeworks and additional writing works.

English Language Teaching is not complete without assessing and evaluating what has been learned.To evaluate the things that have been taught is the next priority of e-learning. Computer Based Tests (CBT) are not a practical option for evaluation as it requires the development of new softwares in which the test should be conducted. The whole scenario like this points to the need of having a freely accessible way of teaching and evaluating, which is easily understood even by the kindergarten kids.

### Importance of Assessment and Evaluation in English Language Teaching

According to Huba and Freed (2000) “Assessment is the process of gathering and discussing information from multiple and diverse sources in order to develop a deep understanding of what students know and understand and can do with their knowledge as a result of their educational experiences; the process culminates when assessment results are used to improve subsequent learning”.

The three important activities in the process of Teaching of English are:

i) Selecting the most appropriate from among the information received; selecting appropriate information from the prior knowledge stored in memory in the form of audio and video images; then comparing the new information selected from among the incoming ones, with those drawn from the prior knowledge and interpreting. For example when the teacher introduces about the use of nouns and gives examples of noun words, the children remember how they have seen the said things or heard the place names. At this stage the child tries to link the newly found meaning of the noun to the already known words.

ii) Classifying and organizing of the new information takes place in this step. Children are now being able to classify things under the category of nouns and its division. They are also able to understand the nouns from their prior knowledge.

iii) Integrating the new information which has been well organized (i.e. new knowledge) with already stored knowledge in memory and modifying the 'cognitive structure' took place in this step. Finally now the child can easily classify any given words as nouns and understands the grammatical rules related to the same.

Taking into account the above three steps, this theory is called SOI (Selecting, Organizing and Integrating).

**Evaluation :** Teachers need to think about testing and evaluation as an extended phase of instruction, not as a separate form of instructional process. The evaluation process includes checking for understanding and misunderstanding during interactive teaching as well as testing students' understanding at the end of lessons or units. It also involves evaluating one's own performance and becoming flexible to work under different circumstances. Evaluation takes into consideration both quantitative and qualitative changes in the student. In English Language Teaching, evaluation can determine the effectiveness of instruction, the understanding and the teaching outcomes. If the student is able to use the language in the proper form, the teaching - learning process is working properly. For teaching, assessing and evaluating, Google has many spectacular tools which can be modified as English Language Teaching tools. Since Google is a very familiar search engine and the students are accustomed with it, introducing Google platforms as a study tool will strengthen their enthusiasm. The interface of every Google application is user-friendly so that even attempting a test through Google will lighten their anxiety and exam fears.

## Google Dictionary

Dictionary has been considered as the most important book to keep with oneselves if one is trying to learn a language. A dictionary gives the meaning of words. So a language learner can simply read through a dictionary and enrich their vocabulary. Google provides its dictionary, for free, which has access to the dictionary data from Oxford University Press's Dictionary database. Google dictionary started as a standalone in 2009 and later merged to the search engine. While learning English, one needs to be acquainted with difficult words and a teacher or student can not carry a dictionary all the time. Google dictionary is the free and most effective option to use.

### Google Dictionary in English Language Teaching

- Since it is free of charge, the learner can access it as many times as needed and is available in mobile phones, tablets and computers with less data loss.
- It is available in many languages and if the learner needs to know the meaning in any desired language, the learners can opt for it. Dictionary can be accessed with the "define" or just by searching the word.


ISSN: 2582 - 2594

- The dictionary covers a lot of areas; numerous definitions will help learners explore definitions in greater detail. The categories of the word as in noun, verb, adverb and so on will be mentioned.

  ●Phonetic transcription of words are also given along with the meaning to increase the pronunciation skills. The read aloud feature will let the learner hear the correct pronunciation. The learner has to just tap the speaker icon to hear the pronunciation.

  ●Two options of accent are available in the read aloud feature. British accent and American accent can be chosen. The voice is loud and clear. It can be played as many times as one desires.
- Whenever a word is searched, a sentence with the usage of word is also additionally provided. Similar words are also mentioned so that whenever needed the learner can have another word with similar meaning which will also enrich their vocabulary. This will help in finding the correct usage.
- Images related to the word will be provided which will also aid the learner to cement the knowledge gained by having the visual aid.

The traditional print dictionaries cannot be taken to everywhere due to its heaviness whereas Google Dictionaries does not have that problem. The Google Dictionary is updated with every new word regularly. But the updated versions of print dictionaries take time to include the newly added words and whenever a new addition is made, the old one will be shelved. Images related to the words are not included in the traditional dictionaries.

**Google Meet**

It was launched as a video conferencing app which can add up to 30 participants. During the corona times, Google altered its version of Google Meet in a way that it can be used in ways other than corporate streams. Now 100 participants can join in the meeting and they can share their screen. There is the additional option of screen recording and the videos can be rewatched. Since then, Google meet is widely used in teaching students in online mode. Google Meet is one among the effective tools used in English Language Teaching. To access Google Meet as a regular Google user, one has to have a Google account. It can be accessible in the app form, which can be downloaded for free from the Play Store. Web forms of the same app can be accessed without downloading the app by navigating through the gmail account. Users can experience high-quality video and audio, and it can even be optimized for low-bandwidths and dark environments. A traditional classroom can only

accomodate 50 to 60 students whereas the Google Meet can allow more number and students who were absent during the live streamings can watch the recorded versions before attending the next class. The recorded version can be archived for future uses and can be stored as digital resources.

**Google Meet in English Language Teaching**

- The classes are safe and the host - the teacher - can prevent unwanted participants from entering the meeting with safety locks and automatic blocking of anonymous attendees.
- Along with the joining links the teachers can share the topics which will be discussed in the class, so that the students can get a prior idea about it.
- Video Conferencing: Non- Verbal communication is equally important when it comes to language usage. When the teacher is presenting themselves just like how they would teach in front of a class, it will immensely help the students to learn hand gestures, facial expressions, voice modulation and also eye contact even though no one is there in the eye level.
- Screen share option: Teachers can share their screen and show relevant audios, videos or PowerPoint Presentations required for the lesson. Teaching while pointing and highlighting the ppts will be highly effective as it helps in cementing the ideas in the students.
- Hand Raise feature: The hand raise icon, will allow the students to notify the teacher while she is talking or presenting. This feature can be used as a doubt clearance option. The learner can notify the teacher without interrupting the class. The teacher can complete the sentence or point they are making and solve the doubt raised by the student.
- Live Chat Option: While talking, the teacher can type the spelling of the words which are pronounced differently in the chat box. For example words like Lieutenant, Tsunami and so on. Students can see that and understand the difference. It can also be used to ask students to give examples of any particular topic, For Example, the teacher can ask the students to write down 3 adjectives after teaching adjectives. Since every student will be typing down at the same time, the teacher can read all those answers and it is not time consuming.
- Co-Host Option: This option allows the students to present themselves. Assignments and seminars can be presented by the students. This will also enhance the students ability to present before an online audience.

- Live captioning: Live captions are fully automated and allow anyone to follow it during the session. This will help the slow learners and learners whose listening capacities are low. The multiple language option can also be employed so that students can access the content in whichever language they are comfortable with.

**Google Forms in English Language Teaching**

Google Forms is an app used to create forms for any data collection purposes. Anyone with a Google account can use Google Forms to make surveys,questionnaires or data collection forms. The application is not even required in the system to avail it, but Google will be providing its web form. The form is easily accessible and can be shared with anyone by sending the created link. Data received using the form is collected in a spreadsheet. Google Forms provide a fast and easy way to create an online survey, in an online spreadsheet consolidated with responses collected. People answer your questions from almost any web browser - including mobile Smartphones, Tablets and personal computers. Any kids with the average knowledge of clicking a link can access the form and provide their response. Even the parents who have no prior knowledge about the Google Forms can help their kids to access it.

Google Forms offers a variety of 13 question types to choose from, including multiple-choice, checkboxes, drop-down, short answers, paragraphs, multiple-choice grid questions and file upload. Every variety of question types can be employed in the specific areas of English Teaching. The most fruitful ways of deploying them will give the expected results from the students. Simple surveys can be created asking feedback of every class which will also serve as the shorter version of achievement tests. Customisation option allows one to choose between a palette of colors, as well as own images as a background and this will help to diminish student's anxiety about tests.

- Using Google Forms with sections: One useful function in Google Forms is creating sections. By adding a new section in the form, a new heading can be added. This helps with the presentability of the examination and will be user friendly to the students since they can understand each section differently. For example, questions from reading comprehension, grammar and vocabulary can be asked with section partitions, without the children confusing one question with another. If the first section of questions deals with comprehensive reading, after those sets of questions with a section

partition thus breaking the many questions to manageable chunks.

- Multiple-choice: This question type allows students to select one answer from a list of options. You can use multiple-choice questions to collect qualitative data. This allows the teachers to collect a good idea of what the students understood and how they answer it in a word or two. For example, questions related to antonyms and synonyms can be asked as multiple choice questions. When the student is given options, they have to overcome any confusion related to the words in order to choose the right one. Questions related to spell check can also be included as a multiple choice question, where the student can learn and remember the correct spellings. For college students, phonetic transcriptions, phrasal verbs and so on can be asked
- Short answer: These types of questions are equally useful for school and college students. Short answer questions allow respondents to provide a short valid response. Answers can be recorded in 3-5 sentences. The number of words can be limited to 50-100. For school students they can answer from any chapter they have learnt. Reading comprehension questions can be asked in this way, where sentence formation is the basic skill required to answer them.
- Paragraph: Paragraph questions are similar to short answer questions, but they allow respondents to provide a longer, more detailed response using more words. This question type is useful for collecting qualitative data.For college students, these types of questions urges them to use language with brevity due to the word limit.
- Checkboxes: Checkbox questions are similar to multiple-choice questions, but they allow respondents to select multiple answers at the same time for the same question. For answering these types of questions one needs to have clarity about the answers. It's a very useful way of identifying whether the student has understood the whole idea and can differentiate similar ideas. For example a group of words can be given and the question can be to identify noun words. Teachers should be more vigilant while making such questions foolproof.
- File upload: File upload allows a student to upload attachments like word or PDF documents, images, video files and audio files directly into the form. For college students, typing long essays will be tiresome and


ISSN: 2582 - 2594

typographical errors occur. The typing speed of students may vary and hence will be time consuming. So to avoid that disparity, long essays can be written on papers and the pictures or scanned copies of the same can be uploaded. For school and kindergarten students, the audio file upload can be employed to increase their reading capacity. Since every student can't be given the chance of loud reading during the class time due to time constraints, students can upload the voice recording of them reading the lessons through Google Forms. Teachers can access it and give necessary instructions for their betterment. Audio questions can be given to the college students where the questions should be answered orally, which will also help to break their inhibitions in conversing in English. They will feel more confident to talk from the comfort of their houses and later that will increase their public speaking skills. Uploading short videos of them speaking will increase their public speaking and postures.

The teacher can set a question paper which will aptly evaluate the concerned areas. Since Google Forms provide a variety of options, the questions can be divided into small units and the anxiety of attempting longer duration of exams can be mitigated. Manual correction or checking of answers are not required because the collected data from forms are integrated with Google spreadsheets therefore we can access a spreadsheet view of the collected consolidated data. The workload of paper correction can be reduced and teachers can straightaway understand the hardest topic or the topic that needs more attention in the class generally.

**Google Word Coach**

Google designed the word coach as a game for non-native speakers of the English language. It has no official app. It will simply appear when one searches any word in Google. One can search Google Word Coach and access the game. The game can find fruitful ways in English Language Teaching.

- Any learner who is interested in enriching their vocabulary can play this game which includes a variety of questions ranging from meaning understanding, finding synonyms and antonyms and word usage.
- English phrases and idioms are also discussed. Non natives get to know more about how native speakers use the language.
- Beginning level is very easy and it gets harder with every question.
- Learners will get to know the answers and a consolidation of their performance in each level. The scores shown will also boost sportsmanship.

- Each question has two options and the learner can answer by clicking any one of them.
- The game asks questions on the topics such as opposite words, similar words and definitions in English Language.
- Visual identification questions helps the learners with understanding concepts and words related to particular images and it's usages.
- The questions are repeated again after some days to reaffirm the understanding.

## Conclusion

When a teacher gears their teaching to the actual needs of the learners, the learners will be far more motivated to learn the language. The learners should not be spoon fed with answers to the language areas they have learnt at the end of the lesson. They should be encouraged to think about the learnt ideas and practically use them in daily life. Modern language teaching pedagogy urges the learners to use language functionally. One must learn to speak, read, listen and write effectively and independently. So to test one's understanding of the language, all the language skill aspects should be kept in mind. Effective learning will only take place if the learner is intrinsically motivated to learn. Especially learning a new language requires learner centred approaches while the learner can get acquainted with the language skills through activities and games. Learning by doing will be the most effective way of imparting a language to a student. Tools such as Google Dictionary, Google Meet and Google Forms are going to be the future of language teaching since it is uncomplicated to handle. All the aspects of language teaching can be dealt with these free of cost options. Encouraging teachers to conduct tests through Google Forms will also help them with analyzing the results and finding the needy areas more effectively too. Since these tools are available in the mobile phones and tablets, students can access it anytime. English Language Teaching should never be compromised in bringing up new tools for teaching.

## Works Cited

Bawa, Neha. "Mastering Vocabulary with Google Word Coach: A Comprehensive Guide"

*Techmanganate* https://www.techmagnate.com/blog/google-word-coach/ Accessed 3 May 2024.

Fitria, T.N. "Using Google Forms as an Online Learning Assessment Tool for Non-EFL

Students" *Journal of English Language Teaching Linguistics and Literature Studies* vol. 3 no. 2, December 2023 pp 64-80. https://www.researchgate.net/publication/377063622_Using_Google_Forms_as_an_Online_Learning_Assessment_Tool_for_Non-EFL_Students

Accessed 5 May 2024.

Gagne, R. *The Conditions of Learning and Theory of Instruction* 4th ed. Harcourt Brace College

Pub, 1996. https://www.theeducator.com/blog/7-tips-prepare-studentsexams/.

Huba M and Freed. *Learner-Centered Assessment on College Campuses: Shifting the Focus from Teaching to Learning.* Allyn & Bacon, 2000.

Moradi, Afshin and Nushi, Musa. "Google Dictionary: A Critical Review" Issues and Trends in

Learning Technologies. vol 8, 2020.https://journals.uair.arizona.edu/index.php/itet/article/view/23755/22407 Accessed 2 May 2024.

Parab,V. Innovative Techniques, Methods and Trends in English Language Teaching IOSR *Journal of Humanities and Social Sciences,* vol. 20 no. 6, 2016 pp 40-44. https://www.researchgate.net/profile/Noushad-Husain/post/What-procedures-and-skills-make-up-teacher-dynamics-for-ICT-integrated-CLT-approach-and-how-should-they-be-implemented/attachment/59d62cde79197b807798b273/AS%3A348282250383360%401460048367056/download/G020614044.pdf. Accessed 2 May 2024.

GENDER STUDIES

# കേരളപാണിനീയത്തിലെ പച്ചയുടെ രാഷ്ട്രീയം

**അമൃതലക്ഷ്മി എം.റ്റി.**
ഗവേഷക, മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം
E-mail: lekshmiamritha94mt@gmail.com

**സംഗ്രഹം**

മനുഷ്യന്റെ ആശയവിനിമയോപാധിയാണ് ഭാഷ. ആശയത്തെ കൈമാറ്റം ചെയ്യുവാനാണ് ഭാഷ ഉപയോഗിക്കുന്നത്. ഈ ഭാഷാപ്രയോഗത്തിലൂടെ പ്രത്യേക ജനതയുടെ സംസ്കാരവും ജീവിതവീക്ഷണവും ജീവിതസാഹചര്യവും അറിയുവാൻ കഴിയുന്നു. മനുഷ്യൻ അവന്റെ പരിസ്ഥിതിയെ എപ്രകാരം സമീപിക്കുന്നു എന്ന് ഭാഷാപ്രയോഗത്തിലൂടെ മനസിലാക്കാം. അപ്രകാരമുള്ള ഭാഷയുടെ ആധികാരിക ഗ്രന്ഥത്തെ ഹരിതഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ. കേരളപാണിനീയത്തിലെ ഭാഷാനിയമങ്ങളിലും ഉദാഹരണങ്ങളിലും പരിസ്ഥിതിയെ, കീഴാളവർഗത്തെ എപ്രകാരം അവതരിപ്പിച്ചിരിക്കുന്നു എന്ന് പഠിക്കുകയും ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** കേരളപാണിനീയം, പരിസ്ഥിതിദർശനം, ശബ്ദോല്പത്തി, ഹരിതഭാഷാശാസ്ത്രം.

**ആമുഖം**

പത്തൊൻപതാം നൂറ്റാണ്ടു മുതൽ ഭാരതത്തിലാകമാനം ദേശഭാഷാപഠനങ്ങൾക്ക് പ്രാധാന്യമേറിവന്നു. ക്രിസ്തീയ മിഷണറിമാരുടെ വരവും, അച്ചുകൂടങ്ങളുടെ സ്ഥാപനവുമാണ് ഈ മാറ്റങ്ങൾക്കു സഹായകമായത്. സർവ്വകലാശാലകളിൽ മലയാളഭാഷയെ പഠനവിഷയമായി അംഗീകരിച്ചതോടെ വ്യവസ്ഥാപിതമായി ഭാഷ പഠിക്കുവാൻ ഒരു ആധികാരികഗ്രന്ഥം ആവശ്യമായിവന്നു. ഗുണ്ടർട്ടിന്റെ മലയാള ഭാഷാവ്യാകരണം, കാൾഡ്വെലിന്റെ താരതമ്യാത്മക വ്യാകരണം, ജോർജ് മാത്തന്റെ മലയാണ്മയുടെ വ്യാകരണം, കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദി തുടങ്ങിയ ഭാഷാവ്യാകരണഗ്രന്ഥങ്ങൾ കേരളപാണിനീയത്തിനു മുമ്പ് ഉണ്ടായിരുന്നു. എങ്കിലും സമ്പൂർണ്ണമായൊരു വ്യാകരണ ഗ്രന്ഥം രചിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഭാഷാ പണ്ഡിതനും കവിയുമായ ഏ. ആർ. രാജരാജവർമ്മ കേരളപാണിനീയ രചന ആരംഭിച്ചത്. അമ്മാവനായ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അനുഗ്രഹവും പ്രേരണയും

 ISSN: 2582 - 2594

ഇക്കാര്യത്തിൽ അദ്ദേഹത്തിന് ഉണ്ടായിരുന്നിരിക്കണം. കുട്ടിക്കാലത്തുതന്നെ ഇങ്ങനെയൊരു വ്യാകരണഗ്രന്ഥം രചിക്കുന്നതിനേക്കുറിച്ച് താൻ പ്രതിജ്ഞാബദ്ധനായിരുന്നുവെന്നും ഒന്നാം പതിപ്പിന്റെ മുഖവുരയിൽ ആദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

അന്നോളം പ്രസിദ്ധീകൃതങ്ങളായ വ്യാകരണഗ്രന്ഥങ്ങളെ അപേക്ഷിച്ച് കേരളപാണിനീയം ഒരു ഗ്രന്ഥമാണെന്ന ഗ്രന്ഥകർത്താവിന്റെ അവകാശം ശരിവക്കുന്നതാണ് കേരളപാണിനീയത്തിന്റെ രചന. ഗ്രന്ഥരചനയ്ക്കായി പല വ്യാകരണഗ്രന്ഥങ്ങളും മാതൃകയാക്കുവാൻ ഏ.ആർ. ശ്രമിച്ചെങ്കിലും ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം മാത്രമാണ് ഉപകാരപ്പെട്ടതെന്ന് അദ്ദേഹം പ്രസ്താവനയിൽ പറയുന്നു. A comparative grammar of the Dravidian or South Indian Family of Languages - റോബർട്ട് കാൾഡ്വൽ, ഭവനന്ദിയുടെ തമിഴ് നന്നൂൽ, കർണാടക വ്യാകരണം തുടങ്ങിയ അന്യഭാഷാ ഗ്രന്ഥങ്ങളും കേരളപാണിനീയ രചനക്ക് സഹായകമായിട്ടുണ്ടെന്നും ഏ. ആർ പ്രസ്താവിക്കുന്നു.[1] ഇതിനായി ഭാഷാപണ്ഡിതന്മാരോട് ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും, നീണ്ട നാലുവർഷത്തെ അധ്വാനത്തിന്റെ ഫലമായിട്ടാണ് ഇപ്രകാരമൊരു ഗ്രന്ഥം രചിക്കുവാൻ സാധിച്ചതെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

1986ൽ പ്രസിദ്ധീകരിച്ച കേരളപാണിനീയത്തിന് അവതാരിക എഴുതിയത് അമ്മാവനായ കേരളവർമ്മയാണ്. 1917ൽ എഴുതിയ പരിഷ്കരിച്ച പതിപ്പിന് ഡോ. പി. കെ. നാരായണപിള്ളയും അവതാരിക എഴുതിയിരിക്കുന്നു. മലയാളഭാഷയുടെ ആരംഭം, തമിഴിൽ നിന്നും സംസ്കൃതത്തിൽനിന്നും മലയാളം എങ്ങനെ സ്വതന്ത്രമാകുന്നു, അക്ഷരമാല, വർണങ്ങൾക്കുണ്ടാകുന്ന മാറ്റം തുടങ്ങി ഭാഷയുടെ പ്രാഥമിക കാര്യങ്ങളെ പീഠികയിൽ പറഞ്ഞ ശേഷമാണു ഗ്രന്ഥത്തിന്റെ അധ്യായവിഭജനത്തിലേക്കു അദ്ദേഹം പോകുന്നത്. സന്ധിപ്രകരണം, നാമാധികാരം, ധാത്വാധികാരം, ഭേദകാധികാരം, നിപാതാവ്യയാധികാരം, ആകാംക്ഷാധികാരം, ശബ്ദോൽപ്പത്തി എന്നിങ്ങനെ തുടർന്നുള്ള 7 അദ്ധ്യായങ്ങളായി ഭാഷയുടെ വ്യാകരണനിയമങ്ങളെ ഉദാഹരണസഹിതം സമർത്ഥിച്ചിരിക്കുന്നു. ശബ്ദോൽപത്തി വിഭാഗത്തിൽ "പ്രപഞ്ചത്തെക്കുറിച്ചുള്ള മനോവൃത്തികളെ വെളിപ്പെടുത്താനുള്ള ഉപായമായിട്ടാണ് അദ്ദേഹം ഭാഷയെ നിർവ്വചിച്ചിരിക്കുന്നത്."[2] അതിനാൽ പ്രപഞ്ചത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുമുള്ള മനുഷ്യന്റെ വീക്ഷണം അവൻ പ്രയോഗിക്കുന്ന ഭാഷയിലും, വാക്കുകളിലും പ്രകടമാകുന്നു.

മനുഷ്യൻ അവന്റെ ആശയങ്ങളെ കൈമാറ്റം ചെയ്യുവാൻ വേണ്ടിയാണ് പ്രധാനമായും ഭാഷ ഉപയോഗിക്കുന്നത്. ഭാഷാപ്രയോഗത്തിലൂടെ ഒരു പ്രത്യേക ജനതയുടെ സംസ്കാരവും ജീവിതവീക്ഷണവും ജീവിതസാഹചര്യവും അറിയുവാൻ കഴിയുന്നു. മനുഷ്യൻ അവന്റെ പരിസ്ഥിതിയെ എപ്രകാരം സമീപിക്കുന്നു എന്ന് ഭാഷാപ്രയോഗത്തിലൂടെ മനസ്സിലാക്കാം. ഇതുതന്നെയാണ് ഹരിതഭാഷാശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത്. ഒരു ജനസമൂഹം പ്രയോഗിക്കുന്ന ഭാഷയിലൂടെ പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധവും പ്രകൃതിയ്ക്കുമേൽ മനുഷ്യന്റെ സമീപനത്തിൽ വരുന്ന മാറ്റങ്ങളും നിരീക്ഷിക്കുവാൻ കഴിയും.

ഭാഷാപഠനത്തിൽ 1990-കൾ മുതലാണ് ഹരിതദർശനത്തിന്റെ വഴികൾ തെളിഞ്ഞു വരുന്നത്. എന്നാൽ അതിനു മുൻപ് 1960 ൽ 'ദി ഇക്കോളജി ഓഫ് ലാംഗ്വേജ്' എന്ന എയ്നർ ഹോഗന്റെ പഠനത്തെയാണ് ഭാഷയെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയുള്ള ആദ്യപഠനമായി കാണുന്നത്.[3] ഒരു ഭാഷയും അതിന്റെ പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള

പഠനം എന്ന നിലയിലാണ് ഹരിതഭാഷാശാസ്ത്രത്തെ അദ്ദേഹം നിർവ്വചിച്ചിരിക്കുന്നത്. ഇവിടെ പരിസ്ഥിതി എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഭാഷ സങ്കേതമായി ഉപയോഗിക്കുന്ന സമൂഹത്തെയാണ്. അവയെ പരസ്പരവും പ്രകൃതിയുമായും ബന്ധിപ്പിക്കുന്നത് ഭാഷയും. ഹരിതഭാഷാശാസ്ത്രത്തിനു ഇവിടെ തുടക്കം കുറിച്ചെങ്കിലും മിഷേൽ ഹാലിഡേയുടെ "അർത്ഥത്തിന്റെ പുതുവഴികൾ" എന്ന പ്രബന്ധത്തിലൂടെയാണ്, പരിസ്ഥിതിപ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ ഭാഷക്കുള്ള പങ്കിനെക്കുറിച്ച് വിശദമായി ചിന്തിച്ചു തുടങ്ങിയതെന്ന് അൽഫിൻ ഫിൻ ചൂണ്ടിക്കാണിക്കുന്നു.[4]

ആശയവിനിമയോപാധി എന്ന നിലയിൽ ഭാഷയിലെ പദങ്ങൾ പരിശോധിക്കുമ്പോൾ മനുഷ്യന്റെ ജീവിതവീക്ഷണവും പരിസ്ഥിതിവീക്ഷണവും തിരിച്ചറിയാൻ കഴിയും. കേരളപാണിനീയം എന്ന വ്യാകരണഗ്രന്ഥത്തിലും ഭാഷാവ്യാകരണനിയമങ്ങൾ പ്രപഞ്ചദർശനത്തെയാണോ, പരിമിതമായ മനുഷ്യകേന്ദ്രവീക്ഷണത്തെയാണോ പ്രതിഫലിപ്പിക്കുന്നതെന്ന് പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ. സന്ധിപ്രകരണം എന്ന അദ്ധ്യായത്തിൽ ശബ്ദത്തെ കേരളപാണിനി നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ് "പ്രയോഗിക്കാൻ സജ്ജമായുള്ള ശബ്ദമാണ് പദം."[5] ഈ നിർവചനത്തെ സാധൂകരിക്കുവാൻ ഭക്ഷ്യപദാർത്ഥങ്ങളെ കുറിച്ചുള്ള വിശദീകരണവും അദ്ദേഹം നൽകുന്നു.

"പദാർത്ഥങ്ങളിൽ ചിലതിനെ നാം പാകം ചെയ്തും മറ്റു ചിലതിനെ പച്ചയായും ഉപയോഗിക്കുന്നത് പോലെയാണ് ഭാഷയിൽ ചില ശബ്ദങ്ങളെ വിഭക്തികളുടെ സഹായത്താലും ചിലതിനെ യാഥാസ്ഥിതികമായിട്ടും പ്രയോഗിക്കുന്നത്".[6] ഭക്ഷ്യപദാർത്ഥങ്ങൾ പ്രകൃതിദത്തമാണ്. ഏതൊരു ഭക്ഷ്യപദാർത്ഥത്തെ എടുത്താലും അതിന്റെ ഉത്ഭവം പ്രകൃതിയിൽ നിന്നുമാണ്. അപ്രകാരമുള്ള പ്രകൃതിവസ്തുക്കൾ നമ്മുടെ ഉപയോഗത്തിന് വേണ്ടിയുള്ളതാണ് എന്ന് ഏ. ആർ. പറയുന്നിടത്താണ് പാരിസ്ഥിതികവാദത്തിന് പ്രസക്തിയേറുന്നത്. പരിസ്ഥിതിയും അവയിലെ ജീവജാലങ്ങളും മനുഷ്യനുവേണ്ടിയുള്ളതാണ് എന്ന ചിന്തയ്ക്ക് മാറ്റം വരണം. നമ്മുടെ ജീവൻ നിലനിർത്തുവാൻ വേണ്ടിയാണ് അവയെ നാം ആശ്രയിക്കുന്നത് എന്നുള്ള ബോധത്തിലേക്ക് നാം എത്തേണ്ടിയിരിക്കുന്നു.

ശബ്ദത്തെ അദ്ദേഹം വാചകം, ദ്യോതകം എന്നിങ്ങനെ രണ്ടായിതിരിക്കുന്നു. ഒരു ദ്രവ്യത്തെയോ ക്രിയയെയോ ഗുണത്തെയോ ചൂണ്ടിക്കാണിക്കുന്നതിനെ വാചകം എന്ന് പറയുമ്പോൾ രണ്ടു വാചകാർത്ഥങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാകുന്നു ദ്യോതകം.

നിപാതമവ്യയം രണ്ടു –
വകയാം ദ്യോതകം പദം
ജാത്യാ ദ്യോതകമാണാദ്യം;
പരം ഭ്രംശിച്ചു വന്നത്.[7]

ഈ കാരികയിൽ ദ്യോതകത്തെ രണ്ടായി തിരിച്ചിരിക്കുന്നു. നിപാതം, അവ്യയം. നിപാതങ്ങൾ സ്വഭാവത്താൽ വിഭാവകമാണെന്ന് പറയുന്ന അദ്ദേഹം അവ്യയവങ്ങൾ ആദികാലത്ത് വാചകങ്ങൾ ആയിരുന്നു എന്നും കാലക്രമത്തിൽ അവയ്ക്ക് അക്ഷരലോപം സംഭവിച്ച് വാചകത്വം പോയി ദ്യോതകങ്ങൾ ആയി എന്നും പറയുന്നുണ്ട്. പക്ഷേ വിശദീകരണത്തിൽ ഏ.ആർ. സ്വീകരിച്ചിരിക്കുന്ന നിലപാട് വംശീയ അധിക്ഷേപത്തിന് ഒരു ഉദാഹരണമാണ്. ബ്രാഹ്മണവർഗ്ഗത്തിൽ ജനിച്ചിട്ടുള്ളവനാണെങ്കിലും വൈകല്യം കൊണ്ട് ബ്രാഹ്മണ്യം പോയി

ചണ്ഡാലവർഗ്ഗത്തിൽ ചേർന്നിട്ടുള്ളവരെ പോലെയാണ് അവ്യയങ്ങളുടെ സ്ഥിതി എന്നു പറയുന്നതിൽ നിന്നും അദ്ദേഹം കേരളപാണിനീയം എഴുതിയിരിക്കുന്നത് മനുഷ്യകേന്ദ്രീകൃതമായിട്ടാണെന്നു കണ്ടെത്താം.

പദങ്ങളുടെ അർത്ഥത്തെ ഭേദിപ്പിക്കുന്നവയെ ഏ.ആർ ഭേദകം എന്ന് പറയുന്നു. അതായത് ഒരു വസ്തുവിന്റെ വിശേഷണത്തെയാണ് ഭേദകം എന്ന് വിളിക്കുന്നത്. ഭേദകത്തിന് ഏഴ് ഉൾപിരിവുകൾ കേരളപാണിനി നൽകുന്നു. അതിലൊന്നാണ് വിഭാവകം. ഒരു വസ്തുവിന്റെ സ്വഭാവത്തെ വർണ്ണിക്കുന്ന ഭേദകത്തെ വിഭാവകമെന്ന് പറയുമ്പോഴും ഉദാഹരണത്തിൽ മിടുക്ക് എന്ന ധാതു പുല്ലിംഗത്തോടും സ്ത്രീലിംഗത്തോടും ചേർത്ത് മിടുക്കനായ മിടുക്കിയായ എന്നത് മാത്രമേ പ്രയോഗിക്കുന്നുള്ളൂ. മിടുക്കനായ പട്ടി എന്നുള്ള പ്രയോഗം കാണുന്നില്ല. ഇത്തരത്തിൽ ഉദാഹരണത്തിൽ പോലും ജന്തു ജീവജാലങ്ങളെ ഉൾപ്പെടുത്താത്തത് ഭൂമി മനുഷ്യർക്ക് മാത്രമായിട്ടുള്ളതാണ് എന്ന വസ്തുതയാണ് വായനക്കാർക്ക് ലഭിക്കുന്നത്.

നാമാർത്ഥമസ്തുവിന്നുള്ള
പുംസ്ത്രീ ക്ലീബങ്ങൾ ലിംഗമാം;
ജഡജന്തുക്കളും ക്ലീ ബം
പുംസ്ത്രീ ദേദാവിവക്ഷയാൽ [8]

ഈ കാരികയിൽ നാമത്തെ പുരുഷൻ, സ്ത്രീ, നപുംസകം എന്നിങ്ങനെ ലോകപ്രസിദ്ധമായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് ഏ. ആർ പറയുന്നു. സംസ്കൃതത്തിലും മറ്റും ലിംഗത്തിന് വ്യവസ്ഥയില്ല; അചേതനമായ കിണ്ടി, കുടം ഇത്യാദിയെ സംസ്കൃതത്തിൽ അവൾ എന്നും അവൻ എന്നും അർത്ഥമായ പദങ്ങൾകൊണ്ട് വിവരിക്കുന്നവെന്നും അദ്ദേഹം കേരളപാണിനീയത്തിൽ കൂട്ടിച്ചേർക്കുന്നുണ്ട്.

എന്നാൽ മലയാളത്തിൽ, വിശേഷബുദ്ധി ഇല്ലാത്ത മൃഗങ്ങൾ നപുംസകലിംഗമാണ്. അതിനുള്ള യുക്തിയായി അദ്ദേഹം പറയുന്നത് സ്ത്രീത്വത്തിനും പുംസ്വത്വത്തിനും വിശേഷബുദ്ധിയുണ്ടെന്നും പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾക്ക് വിശേഷബുദ്ധി ഇല്ല എന്നുമാണ്. ഇവിടെ മനുഷ്യ കേന്ദ്രീകൃതമായിട്ടാണ് ഏ. ആർ ലിംഗവിഭജനം ചെയ്തിരിക്കുന്നത്. അല്ലെങ്കിൽ ഭാഷയിലുള്ള ലിംഗവിഭജനത്തെ എതിർക്കുവാൻ അദ്ദേഹം തയ്യാറാകുന്നുമില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം ജന്തുക്കളെ അചേതനമായി ഗണിക്കാവുന്നതിനാൽ അവയിലെ പുംസ്ത്രീ ഭേദം വകവയ്ക്കേണ്ട എന്നും അദ്ദേഹം പറയുന്നു. വിശാലമായ പരിസ്ഥിതിയിലെ ഒരു ചെറിയ ഘടകം മാത്രമാണ് മനുഷ്യൻ എന്ന ചിന്തയില്ലായ്മയാണ് ഇത്തരം വിഭജനത്തിന് കാരണം. മനുഷ്യനെപ്പോലെ ജീവനുള്ള, പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളെയും പരിഗണിക്കേണ്ടത് മനുഷ്യരുടെ ആവശ്യമാണ്. അല്ലാത്തപക്ഷം അചേതനമായി അവയെ കണ്ടാൽ അവയുടെ നിലനിൽപ്പിനു തന്നെ യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല എന്ന് വരും.

മൃഗങ്ങളെ സംബന്ധിച്ചിടത്തോളം അവയിലും ആൺ പെൺ വ്യത്യാസമുണ്ട്. എന്നാലും അവയ്ക്ക് എന്തുകൊണ്ട് ഭാഷാവ്യാകരണത്തിൽ സ്ത്രീലിംഗ/പുല്ലിംഗ വ്യത്യാസം കുറിയ്ക്കുന്നില്ല എന്നത് ഗൗരവമായി ചർച്ചചെയ്യേണ്ട കാര്യം തന്നെയാണ്.

കാവ്യചമത്ക്കാരത്തിന് വേണ്ടി നപുംസകലിംഗത്തെ സ്ത്രീലിംഗമോ പുല്ലിംഗമോ ആക്കുക പതിവുണ്ടെന്ന് അദ്ദേഹം തന്നെ പറയുന്നു.

ഉദാഹരണം : നാഗത്താൻ, വാനരത്താൻ, വണ്ടത്താൻ

അം എന്ന നപുംസകപ്രത്യയത്തിനുമേൽ ആൻ എന്ന പ്രത്യയം കൂടി ചേർക്കുന്നു. യോജിക്കാത്ത ഇടങ്ങളിൽ തെന്നലിവൻ എന്നിങ്ങനെ സർവ്വനാമരൂപവും ചേർക്കുന്നു. ഇതിൽ നിന്നും പ്രകൃതിയിലെ ജീവജാലങ്ങൾക്ക് സ്ത്രീ/പുല്ലിംഗവ്യത്യാസം നൽകാം എന്നു മനസ്സിലാക്കാം. പക്ഷേ വിഭജനം നൽകുമ്പോൾ അവയെ ഇന്നും നപുംസകത്തിൽ ഉൾപ്പെടുത്തുന്നതിന്റെ നിരുക്തി ചോദ്യം ചെയ്യേണ്ടതുണ്ട്. മലയാളം സംസ്കൃതത്തിൽ നിന്നും എപ്രകാരം വ്യത്യസ്തമാണ് എന്ന് പറയുവാൻ പീഠികയിൽ ഏ.ആർ. വ്യാകരണപരമായ ഉദാഹരണങ്ങളെ ചൂണ്ടിക്കാട്ടുന്നു - സംസ്കൃതത്തിൽ അചേതനവാചികളായ നാമങ്ങൾക്കും ആളുകളെ പരാമർശിക്കുന്ന സർവ്വനാമങ്ങൾക്കും ലിംഗഭേദം കാണുന്നു.

ഉദാഹരണം : സിംഹ:, സിംഹി

എന്നാൽ മലയാളത്തിൽ ലിംഗഭേദം കാണുന്നില്ല.

ഇതിന്റെ തുടർച്ചയായ വചനപ്രകരണത്തിലും ഇതേ വേർതിരിവ് കാണുന്നുണ്ട്. പുരുഷന്മാരും സ്ത്രീകളും കൂടിയുണ്ടാകുന്ന ബഹുത്വത്തെക്കുറിപ്പാനുള്ള അലിംഗ ബഹുവചന പ്രത്യയം 'അർ' എന്നാണ്. ഉദാഹരണം 'മിടുക്കർ'.

ഇനി പുരുഷന്മാരും സ്ത്രീകളും വെവ്വേറെ ചേർന്നുണ്ടാകുന്ന ബഹുത്വത്തെ കുറിക്കുന്ന സലിംഗ ബഹുവചന പ്രത്യയം 'മാർ' എന്നാണ്.

ഉദാഹരണം 'മിടുക്കന്മാർ', 'മിടുക്കത്തിമാർ'

നപുംസകവസ്തുക്കൾ ചേർന്നുണ്ടാകുന്ന ബഹുവചനത്തെ കുറിക്കുന്നത് 'കൾ' എന്ന ബഹുവചനപ്രത്യയത്തിലൂടെയാണ്.

ഉദാഹരണം 'മലകൾ', 'ആനകൾ'

വചനപ്രകരണത്തിൽ പോലും പ്രകൃതിയിലെ ഓരോ ചരാചരങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നില്ല. മനുഷ്യനാണ് പ്രാധാന്യം. പ്രപഞ്ചത്തിൽ മനുഷ്യൻ അല്ലാത്ത ഒന്നിനും പ്രാധാന്യം കൊടുക്കാതെയാണ് ഭാഷയിലെ വ്യാകരണ നിയമങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഏ. ആർ. രാജരാജവർമ്മ ഇത് ശരിവയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന് വിപരീതമായി 'ഉണ്ണികൾ', 'സ്ത്രീകൾ' എന്നിങ്ങനെയുള്ള പദങ്ങളിൽ ബഹുവചനത്തെ സൂചിപ്പിക്കുവാൻ 'കൾ' എന്ന പ്രത്യയം ചേർക്കുന്നു. പക്ഷേ ഇതിന് വിശദീകരണമായി ഏ.ആർ. മുന്നോട്ടുവയ്ക്കുന്ന വാദം തികച്ചും വിചിത്രമാണ്. "ഉണ്ണികൾ, കുട്ടികൾ, വേലക്കാരത്തികൾ മുതലായവയിൽ 'കൾ' എന്ന പ്രത്യയം ചേർത്ത് കാണുന്നത് ബാല്യം മുതലായ നിമിത്തങ്ങളാൽ ചേതന ധർമ്മം പൂർണ്ണമായിട്ടില്ലാത്ത നിലയിൽ അനാദരം വഴിക്ക് നപുംസകം ധർമ്മമായ ജഡത്വത്തെ കൂടി പരാമർശിച്ചുകൊണ്ടുള്ള പ്രയോഗമാകയാലാകുന്നു.[9] അതായത് ഏ.ആറിന്റെ പക്ഷം പ്രകൃതിയിലെ ജീവജാലങ്ങളും കുട്ടികളും, സ്ത്രീകളും അവർ ആ വിഭാഗത്തിൽ ആയിപ്പോയതിന്റെ പേരിൽ ചേതനധർമ്മം ഇല്ലാഞ്ഞിട്ട് അവയ്ക്ക് ജഡത്വം അതായത് മൂഢത നൽകി പ്രത്യേക ബഹുവചന പ്രത്യയം നൽകിയിരിക്കുന്നു.

 ISSN: 2582 - 2594

ശേഷം വചനപ്രത്യയം ചേരുമ്പോൾ ഉണ്ടാകുന്ന വിശേഷപ്രക്രിയകളെ കാണിക്കുവാൻ അൻപത്തൊന്നാം കാരികയിൽ നാല് നിയമങ്ങൾ പറയുന്നു.

സംഖ്യാവിശേഷണം ചേർന്നാൽ
ക്ലീബേ വേണ്ട ബഹുക്കുറി
ജഢപാണിയെന്നുള്ള
വിശേഷങ്ങളുമോർക്കണം.[10]

അതായത് സംഖ്യാവാചകമായ ഒരു വിശേഷണപദം ഉള്ളിടത്ത് നപുംസകലിംഗ ശബ്ദങ്ങളിൽ ബഹുത്വത്തിലും ബഹുവചനപ്രത്യയം ചേർക്കേണ്ടതില്ല. അങ്ങനെ വരുമ്പോൾ 'പത്തുകോഴി' എന്നും നപുംസകലിംഗമല്ലാത്ത പുല്ലിംഗ/സ്ത്രീലിംഗപദങ്ങൾക്കു 'കൾ' എന്ന പ്രത്യയം ചേരുന്നു. പക്ഷേ അതിന്റെ വിശദീകരണത്തിൽ ഏ. ആർ തന്നെ നപുംസകത്തിൽ സംഭവിക്കുന്ന വൈജാത്യത്തെ പരാമർശിക്കുന്നത് ഇപ്രകാരമാണ്. ജീവികളാണെങ്കിൽ പത്തു പശുക്കൾ, ആയിരം തേനീച്ചകൾ എന്ന് ബഹുവചനം ചേർക്കുന്നതിനും പത്ത് പശു എന്നിങ്ങനെ ഇല്ലാതെ പറയുന്നതിനും വിരോധമില്ല എന്നദ്ദേഹം പറയുന്നതിലൂടെ സ്വീകരിച്ചിരിക്കുന്ന നിലപാട് വ്യക്തമാണ്. പത്ത് പശുക്കൾ എന്ന് പറയുന്നതിലൂടെ അവ പത്ത് സ്ത്രീകൾ, പത്ത് ആണുങ്ങൾ എന്നിങ്ങനെ സലിംഗ ബഹുവചനത്തോട് ചേർന്ന് നിൽക്കുന്നു. അതിനാൽ നമുക്ക് നപുംസകലിംഗം എന്ന വിഭാഗത്തിലുള്ള മൃഗങ്ങളെ സ്ത്രീ/പുല്ലിംഗം എങ്ങനെയുള്ള സലിംഗങ്ങളിൽ ഉൾപ്പെടുത്താം എന്ന് ഈ ഉദാഹരണത്തിൽ നിന്നും വ്യക്തമാണ്.

കർമ്മാർത്ഥം ക്ലീബനാമത്തിൽ
സ്വയമേ സിദ്ധമാകയാൽ
കരുതിത്താൻ പ്രയോഗിപ്പൂ
പ്രതിഗ്രാഹികയായതിൽ.[11]

ഈ കാരികയിൽ വിഭക്തിയെ കുറിച്ചാണ് അദ്ദേഹം പറയുന്നത്. പദങ്ങൾക്ക് മറ്റു പദങ്ങളുമായുള്ള ബന്ധത്തെക്കുറിക്കുന്നതിന് വേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്ക് വിഭക്തി എന്ന് പറയുന്നു. പ്രധാനമായും ഏഴ് വിഭക്തികൾ മലയാളത്തിലുണ്ട്. അതിൽ അചേതനങ്ങളായ ജഢവസ്തുക്കളെ കുറിക്കുന്ന നപുംസക നാമങ്ങളിൽ പ്രതിഗ്രാഹിക വിഭക്തി ഉപയോഗിക്കാതെ തന്നെ അതിന്റെ അർത്ഥമായ കർമ്മസംബന്ധത്തിന് പ്രതീതി വരുമെന്നും അദ്ദേഹം പറയുന്നു.

ഉദാഹരണം: 'രാമസ്വാമി മരം മുറിക്കുന്നു'

മരം എന്നത് അചേതനമായി വരികയും സചേതനമായ രാമസ്വാമി കർത്താവായി വരുന്നതുകൊണ്ട് രാമസ്വാമി 'മരം മുറിക്കുന്നു' എന്ന് പറഞ്ഞാൽ മതിയാകും. പക്ഷേ രണ്ട് അചേതനങ്ങൾ വരുന്ന സന്ദർഭത്തിൽ "കോടാലി മരത്തെ മുറിക്കുന്നു". 'എ' എന്ന പ്രതിഗ്രാഹിക വിഭക്തി വേണം. മറ്റൊരു ഉദാഹരണം കൂടി അദ്ദേഹം സൂചിപ്പിക്കുന്നു. 'മിണ്ടാപൂച്ച കുടമുടക്കും' ഇവിടെ മിണ്ടാപൂച്ച എന്നത് കുടത്തെ അപേക്ഷിച്ച് സചേതനമാണെന്നും അദ്ദേഹം പറയുന്നു. അതായത് മനുഷ്യകേന്ദ്രീകൃതമായിട്ടാണ് വിഭക്തിക്രമീകരണംപോലും നടത്തിയിരിക്കുന്നത്.

പ്രകൃതിയെയും ജീവജാലങ്ങളെയും അചേതനങ്ങളായി സ്ഥാപിച്ചുകൊണ്ടും മനുഷ്യകേന്ദ്രീകൃതവുമായിട്ടാണ് ഇത്തരം വേർതിരിവുകളും ഉദാഹരണങ്ങളും ഏ.ആർ. സമർത്ഥിക്കുന്നത്.

കേരളപാണിനീയത്തിലെ ആറാം അദ്ധ്യായമായ ആകാംക്ഷാധികാരത്തിൽ വാക്യപ്രകരണത്തിൽ പൊരുത്തത്തെക്കുറിച്ചു പറയുമ്പോൾ നപുംസകബഹുവചനത്തിൽ ഘടകങ്ങളായ വസ്തുക്കളിൽ ഓരോന്നിനെയും പ്രത്യേകിച്ചു ഗണിക്കാറില്ല. പകരം അവയെ ഒരു സമൂഹമായിട്ടെ കണക്കാക്കാറുള്ളൂ. വ്യക്തി പ്രധാന്യം അവിടെ പുംസ്ത്രീബഹുവചനങ്ങളിൽ മാത്രമേ കാണുകയുള്ളൂ എന്നും ഏ. ആർ പറയുന്നു.

ഉദാ: രണ്ടു കുതിരയെ കെട്ടിയ വണ്ടിയിൽ നാല് ഭടന്മാർ കയറിവന്നു.

കേരളപാണിനീയത്തിൽ അദ്ദേഹം തന്നെ എടുത്തുപറയുന്നുണ്ട് വ്യക്തികൾക്കാണ് പ്രാധാന്യമെന്ന്. നപുംസക വിശേഷണങ്ങൾക്ക് ബഹുവചന പൊരുത്തം വേണമെന്നില്ലെന്നു പറയുന്നതിലെ യുക്തിയും, ഇപ്രകാരം വ്യക്തികളിൽ മാത്രം കേന്ദ്രീകരിക്കുന്ന മലയാള ഭാഷയുടെ അടിസ്ഥാനഗ്രന്ഥമായ കേരളപാണിനീയവും ഈ വീക്ഷണകോണിലൂടെ ചിന്തിക്കുന്ന ജനങ്ങളെ പ്രകൃതിയും പ്രകൃതിയിലെ ജീവജാലങ്ങളും മനുഷ്യനോളം, വ്യക്തിയോളം പ്രാധാന്യമില്ലാത്തവയാണ് എന്ന ചിന്ത ജനിപ്പിക്കുന്നു. മുൻപ് പറഞ്ഞതുപോലെ മനുഷ്യന് അവന്റെ ഉപയോഗത്തിന് വേണ്ടിയുള്ള സാധനങ്ങൾ ആണ് അവയെന്ന നിഗമനത്തിലേക്ക് എത്തിച്ചേരുന്നതിനുമാണ് ചുരുക്കത്തിൽ അവ സഹായിക്കുന്നത്.

നാമങ്ങളെ വിഭജിക്കുന്ന വേളയിൽ ഏ.ആർ. ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്നിങ്ങനെ നാമങ്ങൾ മൂന്നുവിധത്തിൽ ഉണ്ടെന്നു പറയുന്നു. അതിൽ ദ്രവ്യത്തെ കുറിക്കുന്ന നാമമായ ദ്രവ്യനാമത്തിന് വീണ്ടും നാലു ഉൾപ്പിരിവുകൾ ഉണ്ടെന്നു പറയുന്നു. സംജ്ഞാനാമം, സാമാന്യനാമം, സർവ്വനാമം, മേയനാമം. അതിൽ മേയനാമത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. “ജാതിവ്യക്തി ഭേദം കൽപ്പിക്കുന്നതിന് സൗകര്യമില്ലാത്ത പദാർത്ഥങ്ങളുടെ നാമം ആയിട്ടുള്ളത് മേയനാമം”. ഉദാഹരണം: വെള്ളം, മണ്ണ്, ആകാശം. ഇവിടെ മനുഷ്യരെ കുറിക്കാൻ പ്രത്യേകം നാമങ്ങൾ ഉപയോഗിക്കുന്നതും പുരുഷൻ, സ്ത്രീ, ജാതി, ദേശം, വർഗ്ഗം തുടങ്ങിയവയ്ക്കനുസരിച്ച് മനുഷ്യർക്ക് ഓരോരുത്തർക്കും പ്രത്യേക നാമങ്ങൾ ഉണ്ട്. എന്നാൽ മനുഷ്യർക്കൊഴിച്ച് പ്രകൃതിയിലെ ജീവജാലങ്ങൾക്ക് ഈ രീതിയിലുള്ള വ്യത്യാസമില്ല എന്നാണ് വ്യാകരണ നിയമത്തിലൂടെ ഏ.ആർ. മുന്നോട്ടുവയ്ക്കുന്നത്.

ആഗമികവ്യാകരണ രീതിയിലെഴുതിയ കേരളപാണിനീയത്തെ വിമർശിക്കുകയല്ല ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. കേരളപാണിനീയത്തിനു മുൻപും പിൻപും ധാരാളം വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും മലയാളം പഠിപ്പിക്കുന്ന സർവകലാശാലകളിലും സ്കൂളുകളിലും വ്യാകരണ നിയമങ്ങൾ പഠിക്കുവാനും പഠിപ്പിക്കുവാനും വിദ്യാർത്ഥികളും അധ്യാപകരും പിന്തുടരുന്നത് കേരളപാണിനീയത്തെയാണ്. നാലുവർഷത്തെ കഠിനാധ്വാനത്തിന്റെ ഫലമായി 1896 ൽ ഭാഷയിലെ എല്ലാ വ്യാകരണവശങ്ങളെയും സ്പർശിച്ചുകൊണ്ട് ഈ ഗ്രന്ഥം എഴുതിയ ഏ.ആറിന്റെ പാണ്ഡിത്യം പ്രശംസനീയമാണ്. ഈ കൃതിക്ക് നൂറിലേറെ വർഷത്തെ പഴക്കമുണ്ട്. ഈ നൂറുവർഷത്തിൽ ലോകത്താകമാനം ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുമുണ്ട്. ജീവിതസാഹചര്യങ്ങൾക്കും ജീവിതവീക്ഷണങ്ങൾക്കും മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. അടിച്ചമർത്തപ്പെട്ട ലിംഗപാരിസ്ഥിതിക പാർശ്വവൽകൃതസമൂഹത്തിനും മറ്റുള്ളവരെ പോലെ തുല്യ

 ISSN: 2582 - 2594

നീതിയ്ക്ക് അവകാശമുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് ഉത്തരാധുനിക സിദ്ധാന്തങ്ങൾ ചെയ്യുന്നത്. ഈ ഒരു അവസ്ഥയിൽ പത്തൊൻപതാം നൂറ്റാണ്ടിലെഴുതിയ ഒരു വ്യാകരണഗ്രന്ഥം ചോദ്യം ചെയ്യപ്പെടുക തന്നെ വേണം. പ്രത്യേകിച്ചും നമ്മുടെ നിലനിൽപ്പിന് ആവശ്യമായ പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ കടന്നുകയറ്റം അതിക്രമിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ.

തകർക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതിയെ വീണ്ടെടുക്കുക എന്നതാണ് ഉത്തരാധുനിക സിദ്ധാന്തങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. മനുഷ്യനും പരിസ്ഥിതിയിലെ സസ്യജീവജാലങ്ങളും തുല്യമാണെന്നും പ്രകൃതിയിലെ വിഭവങ്ങൾ പരിമിതമാണെന്നുമുള്ള അറിവ് സമൂഹത്തിലെത്തിക്കേണ്ടതിന്റെ ആവശ്യകത ഏറിവരികയാണ്. എങ്കിലേ മനുഷ്യന് തന്റെ ലോകം തന്റേതു മാത്രമല്ല, സസ്യജീവജാലങ്ങൾക്കും മനുഷ്യനും ഒരേ അവകാശമാണ് ഈ ഭൂമിയുടെ മേലുള്ളത് എന്ന ചിന്തയുണ്ടാകൂ.

ഭൂമിയിലെ ആവാസവ്യവസ്ഥയിലെ കണ്ണികളാണ് സസ്യജന്തുജാലങ്ങളും മനുഷ്യനും. ഒന്നു മറ്റൊന്നിനെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ക്രമാതീതമായി ഒരു വർഗ്ഗം മാത്രം നശിക്കുകയാണെങ്കിൽ സന്തുലിതാവസ്ഥയെ തന്നെ ബാധിക്കും. അതിനാൽ മനുഷ്യനും സസ്യജന്തുജാലങ്ങളും ഒരേ പ്രാധാന്യത്തോടെ കഴിഞ്ഞാൽ മാത്രമേ ഭൂമിയും പരിസ്ഥിതിയും നിലനിൽക്കുകയുള്ളൂ. എന്നാൽ ഈ ചിന്തയ്ക്ക് വിപരീതമാണ് കേരളപാണിനീയമെന്ന വ്യാകരണഗ്രന്ഥത്തിൽ ഏ. ആർ നൽകുന്ന വിശദീകരണങ്ങളും ഉദാഹരണങ്ങളും. ലിംഗ വംശീയ അധിക്ഷേപങ്ങളടക്കം അവിടെ കാണാൻ കഴിയും. അതിനാൽ കാലത്തിന് അധിഷ്ഠിതമായ മാറ്റങ്ങൾ വരുത്തി മനുഷ്യനും പ്രകൃതിയിലെ മറ്റു ചരാചരങ്ങൾക്കും ഒന്നുപോലെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ഭാഷാവ്യാകരണ ഗ്രന്ഥം ഇരുപത്തൊന്നാം നൂറ്റാണ്ടിലെങ്കിലും ഉണ്ടായേ മതിയാകൂ. അതിനായി ഭാഷാസ്നേഹികളും അധ്യാപക വിദ്യാർത്ഥി സമൂഹവും മുന്നിട്ടിറങ്ങുകയും വേണം.

**കുറിപ്പുകൾ**

1. മുഖവുര, കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ
2. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു. 293
3. The Eco linguistic Reader Language, Ecology and Environment Continuum, London and Newyork, Alwin Fill and Peter Muhlhausier.
4. The Eco linguistic Reader Language, Ecology and Environment Continuum, London and Newyork, Alwin Fill and Peter Muhlhausier.
5. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.107
6. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.108
7. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.109
8. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.121
9. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.131
10. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.131
11. കേരളപാണിനീയം, ഏ. ആർ. രാജരാജവർമ്മ, പു.151

## ഗ്രന്ഥസൂചി

1. പ്രസാദ്. സി. ആർ. ഡോ., ഹരിതദർശനം ആധുനികാനന്തര കവിതയിൽ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2022
2. രാജരാജവർമ്മ. ഏ. ആർ, കേരളപാണിനീയം, ഡി. സി ബുക്സ്, കോട്ടയം, 2014
3. ശ്രീവത്സൻ. ടി, ഹരിതഭാഷാവിഷയം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013
4. The Eco linguistic Reader Language, Ecology and Environment Continuum, London and Newyork, Alwin Fill and Peter Muhlhausier.

## ആനുകാലികങ്ങൾ

1. ശ്രീവത്സൻ ടി. ഡോ., ആന്ത്രോപ്പോവിനം ഭാഷയിലെ പാരിസ്ഥിതിക ജാഗ്രതയും, ഇറയം, വോളിയം 5, ഇഷ്യൂ നമ്പർ: 2, ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ് മലയാളവിഭാഗം, പട്ടാമ്പി, 2021

## ഗവേഷണപ്രബന്ധങ്ങൾ

1. ജിഷ എ.ടി., ചോലനായ്ക്ക ഭാഷ: പരിസ്ഥിതി ഭാഷാശാസ്ത്രപഠനം, മലയാള സർവകലാശാല, തിരൂർ, 2020.


ISSN: 2582 - 2594

GENDER STUDIES

# വൈദ്യശാസ്ത്രരംഗത്തെ മുസ്ലിം സ്ത്രീ സാന്നിദ്ധ്യം: പ്രവാചകൻ മുഹമ്മദ് നബിയുടെ കാലഘട്ടത്തിൽ

**ഡോ. സിന്റില എൻ.ജെ.**
അസിസ്റ്റന്റ് പ്രൊഫസർ
ഇസ്ലാമിക ചരിത്ര വിഭാഗം
മഹാരാജാസ് കോളേജ്, എറണാകുളം
E-mail: scintilanj@gmail.com

**മുഹമ്മദ് ശാഹിദ് പി. വി**
ഗവേഷണ വിദ്യാർഥി,
ഇസ്ലാമിക ചരിത്ര വിഭാഗം,
മഹാരാജാസ് കോളേജ്, എറണാകുളം
Email: hafizshahidtkd@gmail.com

**സംഗ്രഹം**

മുഹമ്മദ് നബിയുടെ കാലഘട്ടത്തിൽ വൈദ്യസേവന രംഗത്ത് പ്രവർത്തിച്ചിരുന്ന മുസ്ലിം വനിതകളെ കുറിച്ചും ചരിത്ര പ്രമാണങ്ങളിൽ അവരെ കുറിച്ചുള്ള രേഖപ്പെടുത്തലിനേയും കുറിച്ചുള്ള അന്വേഷണം.

**താക്കോൽവാക്കുകൾ:** മുസ്ലിം സ്ത്രീ, വൈദ്യശാസ്ത്രം, ഇസ്ലാമിക ചരിത്രം.

ഇസ്ലാം വൈദ്യശാസ്ത്രത്തിന് വലിയ പ്രാമുഖ്യം നൽകിയിട്ടുണ്ട്. ആരോഗ്യസംരക്ഷണ ശീലങ്ങളെക്കുറിച്ചും രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും കൃത്യമായ നിർദേശങ്ങൾ പ്രവാചകൻ മുഹമ്മദ് നബി അദ്ദേഹത്തിന്റെ അനുയായികൾക്ക് നൽകിയതായി ഹദീസ് ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇസ്ലാമിന്റെ ആരംഭഘട്ടത്തിൽ തന്നെ വൈദ്യശാസ്ത്ര പഠനത്തിന് മുസ്ലിംലോകം വലിയ പ്രാധാന്യം നൽകിയിരുന്നു. തിബ്ബുന്നബവി എന്ന പേരിൽ പ്രത്യേക പ്രവാചക വൈദ്യശാസ്ത്രരീതി തന്നെ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്.[1]

പ്രവാചകൻ മുഹമ്മദ് നബിയുടെ കാലത്ത് ആതുരസേവനരംഗത്ത് പ്രവർത്തിച്ചിരുന്ന ഏതാനും ചില മുസ്ലിം വനിതകൾ ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ രേഖപ്പെടുത്തപ്പെട്ട ചരിത്ര രേഖകളിൽ അവരുടെ പ്രവർത്തനങ്ങളെ നീതിപൂർവ്വം അടയാളപ്പെടുത്തിയതായി കാണുന്നില്ല.[2] ഏറ്റവും ശ്രേഷ്ഠമായ അറിവ് എന്നത് പ്രവാചകന്റെ അഭിപ്രായപ്രകാരം ഓരോ സാഹചര്യത്തിലേക്കും ആവശ്യമായ അറിവ് എന്നതാകുന്നു. ഈ അർത്ഥത്തിൽ വൈദ്യശാസ്ത്രത്തിലുള്ള

അറിവിന് ഇസ്ലാമിൽ ലോകത്ത് ജീവൻ നിലനിൽക്കുന്നിടത്തോളം പ്രാധാന്യമുണ്ട്. മതപഠനത്തിന് ഇസ്ലാം കൽപ്പിക്കുന്ന അതേ പ്രാധാന്യം തന്നെ വൈദ്യശാസ്ത്രത്തിലെ അറിവിനും ഉണ്ട്. ഗ്രീക്ക് ഭാഷകളിൽ ഉണ്ടായിരുന്ന മെഡിക്കൽ ടെക്സ്റ്റുകളെ അബ്ബാസിയാ കാലഘട്ടത്തിൽ അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്തതിലൂടെയാണ് മുസ്ലിങ്ങൾക്കിടയിൽ വൈദ്യശാസ്ത്ര പഠനത്തിന് കൂടുതൽ പ്രചരണം ലഭിക്കുന്നത്.

മുസ്ലീം സ്ത്രീ സമൂഹം മാനവസമൂഹത്തിന് വിലപ്പെട്ട സേവനങ്ങൾ സമർപ്പിച്ചുകൊണ്ടിരിക്കുന്നവരാണ്. വൈദ്യശാസ്ത്രരംഗത്ത് ഇബ്നു സീനയെ പോലെ പ്രശസ്തരായ മുസ്ലിം പുരുഷ ഭിഷഗ്വരന്മാർ നിരവധിയാണ്. ഈ മേഖലയിൽ മുസ്ലിം സ്ത്രീ സമൂഹവും ശ്രദ്ധേയമായ കാൽവെയ്പുകൾ നടത്തിയവരാണ്. ആദ്യകാല മുസ്ലിം സമൂഹത്തിൽ ആതുരസേവനരംഗത്ത് സ്ത്രീകൾ മുൻപന്തിയിലുണ്ടായിരുന്നു. യുദ്ധവേളകളിൽ മുസ്ലിം സൈനികർക്കൊപ്പം അവരുടെ ചികിത്സാ സഹായത്തിനുവേണ്ടി വനിതകളും പങ്കെടുത്തിരുന്നു. റുഫൈദ അൽ അസ്ലമിയ്യ, ശിഫ ബിൻത് അബ്ദുല്ല, നുസൈബ ബിൻത് ഹാരിസ് തുടങ്ങിയവർ മുഹമ്മദ് നബിയുടെ കാലത്തെ നിപുണരായ മുസ്ലിം വനിതാ ചികിത്സകരായിരുന്നു.[3]

## വൈദ്യശാസ്ത്രത്തിനോടുള്ള മുഹമ്മദ് നബിയുടെ സമീപനം

ജ്ഞാനസമ്പാദനത്തിന് ഇസ്ലാം വലിയ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. വിദ്യ നേടൽ ദൈവത്തോട് അടുപ്പിക്കുന്നതും അത് പരമമായ സന്തോഷത്തെ പ്രതിനിധീകരിക്കുന്ന ഒരു ദൈവിക കൽപ്പനയായും ഇസ്ലാം വിഭാവനം ചെയ്യുന്നു. ആരോഗ്യപരിപാലനത്തിന് ചിട്ടയായ ജീവിത ക്രമം പ്രവാചകൻ അനുയായികൾക്ക് പകർന്നു നൽകിയിരുന്നു. രോഗപ്രതിരോധത്തിന് മരുന്നുകൾ സ്വീകരിക്കാൻ വിമുഖത കാണിച്ചവരോട് കർശനമായി അവ സ്വീകരിക്കുവാനും വാർധക്യമൊഴികെ മരുന്നുകളില്ലാത്ത ഒരു രോഗാവസ്ഥയേയും ദൈവം സൃഷ്ടിച്ചിട്ടില്ലായെന്നും മരുന്നുകളുടെ ഉപയോഗത്തിലൂടെ ദൈവം രോഗിയെ സുഖംപ്രാപിപ്പിക്കുമെന്നും മുഹമ്മദ് നബി അനുയായികളെ പഠിപ്പിച്ചു.[4] ഈ അധ്യാപനങ്ങൾ അക്കാലത്തെ മുസ്ലീം സ്ത്രീകൾക്കും പുരുഷന്മാർക്കും വൈദ്യ ശാസ്ത്രരംഗത്തെ അറിവ് സ്വായത്തമാക്കുന്നതിനും അത് സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കുന്നതിനും വലിയ പ്രചോദനം നൽകി.

പെൺകുഞ്ഞ് ജനിച്ചാൽ അനഭിമാന ഭാരത്താൽ അവളെ ജീവനോടെ കുഴിച്ച് മൂടിയിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്നും അവൾക്ക് ജീവിക്കുവാനും അറിവ് നേടി സമൂഹത്തിന് സേവനം അനുഷ്ഠിക്കാനുമുള്ള സാഹചര്യം പ്രവാചകൻ അറേബ്യയിലെ സ്ത്രീസമൂഹത്തിന് ഒരുക്കിക്കൊടുത്തു.[5]

മുഹമ്മദ് നബിയുടെ കാലത്തും അതിനുശേഷം വന്ന ഖലീഫമാരുടെ കാലത്തും മുസ്ലിം സ്ത്രീകൾ, ഇസ്ലാമിക മതവിദ്യ, വൈദ്യശാസ്ത്രം, സാഹിത്യം എന്നീ മേഖലകളിൽ കഴിവ് തെളിയിച്ചിരുന്നു. മുസ്ലിം സാമൂഹ്യജീവിതത്തിൽ സ്ത്രീകൾ വൈദ്യശാസ്ത്രരംഗത്ത് സജീവമായിരുന്നുവെന്ന് ചരിത്ര സ്രോതസ്സുകൾ വ്യക്തമാക്കുന്നു. യുദ്ധത്തിൽ മുറിവേറ്റ രോഗികളെ പരിപാലിക്കുന്നതിനോടൊപ്പം അവരുടെ മുറിവുകൾ വൃത്തിയാക്കി, രക്തസ്രാവം നിർത്തുക, ചെറു ശസ്ത്രക്രിയകൾ, ഹിജാമ കൊമ്പുവെക്കൽ, കൊത്തിവെക്കൽ തുടങ്ങിയ ചികിത്സാമുറകളും അവർ ചെയ്തിരുന്നു.[6]

 ISSN: 2582 - 2594

## മുഹമ്മദ് നബിയുടെ കാലത്തെ പ്രധാന വനിതാ ചികിത്സകർ

പ്രവാചകന്റെ കാലത്ത് വനിതകൾ വിവിധ വൈജ്ഞാനികമേഖലകളിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തിയിരുന്നു. ഇസ്ലാം മതത്തിലെ വളരെ പ്രധാനപ്പെട്ട പല അടിസ്ഥാന വിധികളുടേയും ആധാരം പ്രവാചക പത്നി ആയിശയിലൂടെ അറിയപ്പെട്ട ഹദീസ് വചനങ്ങളാകുന്നു. മത വിജ്ഞാനത്തിന് പുറമെ വൈദ്യശാസ്ത്രത്തിലും നിപുണരായിരുന്ന മുസ്ലിം സ്ത്രീകളുണ്ടായിരുന്നു. അക്കാലത്ത് നിലനിന്നിരുന്ന നാട്ടുവൈദ്യം നന്നായി അറിയാവുന്ന ചില സ്ത്രീനാമങ്ങൾ ശ്രദ്ധേയമാണ്. അവരെ ഇവിടെ പരിചയപ്പെടാം.

### റുഫൈദ അൽ അസ്ലമിയ്യ

റുഫൈദ അൽ-അസ്ലമിയ്യ മദീന നിവാസിനിയായിരുന്നു. മദീനയിൽ ആദ്യമായി ഇസ്ലാം സ്വീകരിച്ചവരിൽ ഒരാളാണ് അവർ. മദീനയിൽ എത്തിയ മുഹമ്മദ് നബിയെ സ്വീകരിക്കാൻ മറ്റ് അൻസാർ സ്ത്രീകൾക്കൊപ്പം അവർ നേതൃത്വം നൽകി. മദീനയിലെ ഇസ്ലാമിന്റെ ആദ്യ നാളുകളിൽ സാമൂഹിക, വൈദ്യസേവന മേഖലകളിൽ സജീവമായിരുന്ന അവർ ആദ്യത്തെ വനിതാ മുസ്ലീം ശുശ്രൂഷക കൂടിയായിരുന്നു.[7] നിരവധി സ്ത്രീകൾക്ക് മാതൃകയായിരുന്ന റുഫൈദ അൽ അസ്ലമിയ്യ അവരുടെ ചികിത്സാ കഴിവുകൾ ഉപയോഗിച്ച് മറ്റ് സ്ത്രീകളെ രോഗപരിചാരിണിമാരാക്കുകയും അവരെ ആരോഗ്യപരിപാലനമേഖലയിൽ ജോലി ചെയ്യാനും പരിശീലിപ്പിക്കുകയും ചെയ്തു. മികച്ച ഒരു സാമൂഹിക പ്രവർത്തക കൂടിയായിരുന്ന അവർ രോഗങ്ങളുമായി ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിലും മുന്നിട്ടിറങ്ങിയിരുന്നു.

റുഫൈദ അൽ-അസ്ലമിയയുടെ പിതാവ് സഅദ് അൽ-അസ്ലമി അക്കാലത്തെ മികച്ച ഒരു വൈദ്യനായിരുന്നു. അദ്ദേഹത്തിൽ നിന്നുമാണ് റുഫൈദ ചികിത്സാരീതികൾ പഠിച്ചത്. ആതുരസേവനത്തിൽ സ്വയം സമർപ്പിച്ച റുഫൈദ ഒരു വിദഗ്ധചികിത്സകയായി. പല യുദ്ധങ്ങളിലും മുസ്ലിങ്ങളുടെ കൂടാരങ്ങളിലെ സൈനികചികിത്സാലയത്തിൽ അവർ തന്റെ സേവനങ്ങൾ ചെയ്തു.[8] യുദ്ധങ്ങളിൽ പരിക്കേറ്റ സൈനികർക്ക് അവൾ പരിചരണം നൽകി. ഖന്ദഖ് യുദ്ധവേളയിൽ സഅദ് ഇബ്നു മുആദിന് പരിക്കേറ്റപ്പോൾ മുഹമ്മദ് നബി അദ്ദേഹത്തെ റുഫൈദയുടെ കൂടാരത്തിൽ പാർപ്പിക്കാനും ചികിത്സിക്കാനും ഉത്തരവിട്ടു. പ്രവാചകന്റെ കാലത്ത് റുഫൈദ തന്റെ ചികിത്സാവൈദഗ്ധ്യം ഉപയോഗിച്ച്  സമൂഹത്തിന്റെ വൈദ്യസംബന്ധിയായ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രദ്ധിച്ചു.

പ്രാഥമിക ശുചിത്വ രീതികളാണ് പ്രധാനമായും രോഗികളിൽ അവർ ചെയ്തിരുന്നത്.[9] സാധാരണക്കാരുടെ ഇടയിലെ രോഗങ്ങളേയും അതിന്റെ കാരണങ്ങളെ കുറിച്ചും റുഫൈദ ശ്രദ്ധാലുവായിരുന്നു. സഹയാത്രികരായ ഒരു കൂട്ടം സ്ത്രീകളെ രോഗപരിചാരിണികളാക്കുന്നതിന് റുഫൈദ പരിശീലിപ്പിച്ചിരുന്നു. മുഹമ്മദ് നബിയുടെ നേതൃത്വത്തിൽ നടന്ന യുദ്ധങ്ങളിലുടനീളം റുഫൈദയുടെ നേതൃത്വത്തിൽ സന്നദ്ധ സേവകരുടെ സംഘം യുദ്ധക്കളത്തിലെത്തി അപകടത്തിൽപ്പെട്ടവരെ ചികിത്സിച്ചു. ബദ്ർ, ഉഹ്ദ്, ഖന്ദഖ്, ഖൈബർ തുടങ്ങിയ യുദ്ധങ്ങളിൽ അവൾ മുസ്ലിം സൈനികർക്കൊപ്പം പങ്കെടുത്തിരുന്നു.[10]

മുസ്ലീം സൈന്യം ഖൈബർ യുദ്ധത്തിന് പോകാനൊരുങ്ങുമ്പോൾ റുഫൈദയും ഒരു കൂട്ടം രോഗപരിചാരിണികളും മുഹമ്മദ് നബിയുടെ അടുത്തുചെന്ന് പരിക്കേറ്റവരെ ചികിത്സിക്കാനും

സഹായിക്കാനും സൈന്യത്തോടൊപ്പം യുദ്ധത്തിന് പോകാൻ അനുവാദം ചോദിച്ചു. അവരോടൊപ്പം പോകാൻ മുഹമ്മദ് നബി അവർക്ക് അനുവാദം നൽകി. വളരെ മികച്ച രീതിയിൽ ജോലി ചെയ്ത റുഫൈദയുടെ സംഘത്തിന് പ്രവാചകൻ യുദ്ധ മുതലിൽ നിന്നും യഥാർത്ഥത്തിൽ യുദ്ധം ചെയ്ത ഒരു സൈനികന് ലഭിക്കുന്ന അത്രയും ഓഹരി നൽകുകയുണ്ടായി. അവരുടെ ആതുര സേവന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിരുന്നു അത്.

യുദ്ധേതര കാലത്ത്, അവശർക്ക് സഹായം നൽകിക്കൊണ്ട് റുഫൈദ തന്റെ മാനുഷിക പ്രവർത്തനങ്ങൾ തുടർന്നു. നിരാലംബരായ കുട്ടികളെയും അനാഥരെയും വികലാംഗരെയും ദരിദ്രരെയും പരിചരിക്കുകയും അവരുടെ ആരോഗ്യത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. മുസ്ലീം ലോകത്തെ ആതുരശുശ്രൂഷയുടെ സ്ഥാപകയായി അറിയപ്പെട്ട അവരെക്കുറിച്ച് നിരവധി പണ്ഡിത ലേഖനങ്ങളും പിൽകാലത്ത് എഴുതപ്പെട്ടിട്ടുണ്ട്.

**ഷിഫാ ബിൻത് അബ്ദുല്ലാഹ്**

ഇവരുടെ യഥാർത്ഥ പേര് ലൈല എന്നായിരുന്നു. മക്കയിലെ പ്രമുഖ ഖുറൈശി ഗോത്രമായ ബനൂ ആദ് പരമ്പരയിലാണ് ജനനം. മക്കയിൽ വെച്ച് ഇസ്ലാം മതം സ്വീകരിച്ച ഷിഫാ മദീനയിലേക്ക് പലായനം ചെയ്ത് അവിടെയാണ് പിന്നീട് ജീവിച്ചത്. മദീനയിൽ പ്രവാചകന്റെ പള്ളിയുടേയും മദീന പട്ടണത്തിന്റേയും ഇടയിലായിരുന്നു അവരുടെ വീട്. മദീന നിവാസികൾക്കിടയിൽ തന്നെ ജ്ഞാനിയായ ഒരു സ്ത്രീയെന്ന നിലയിൽ അവർക്ക് പ്രശസ്തി ഉണ്ടായിരുന്നു. അവരുടെ ഉപനാമമായ അൽ-ശിഫ എന്ന അറബി പദത്തിന്റെ അർത്ഥം "രോഗശാന്തി" എന്നതാകുന്നു. നാടോടി വൈദ്യത്തിൽ അവർക്ക് നല്ല പ്രാഗൽഭ്യം ഉണ്ടായിരുന്നു. അക്കാലത്ത് മക്കയിൽ കഷ്ടിച്ച് ഇരുപത് പേർക്കായിരുന്നു എഴുത്തും വായനയും അറിഞ്ഞിരുന്നത്. അക്കൂട്ടത്തിൽ പെട്ട ഒരാൾ കൂടിയായിരുന്നു ശിഫ ബിൻത് അബ്ദുല്ല. കൈയെഴുത്തുശാസ്ത്രത്തിലും അൽ ശിഫ വൈദഗ്ധ്യം നേടിയിരുന്നു. പ്രവാചക പത്നി ഹഫ്സ ബിൻത് ഉമറിന് ശിഫ കൈയെഴുത്തുശാസ്ത്രത്തിലും പഠിപ്പിച്ച് കൊടുക്കുകയും ചെയ്തിരുന്നു.[11]

ചെറുജീവികളുടേയും ഉറുമ്പുകളുടേയും കടിയേറ്റതിരെ ഒരു പ്രതിരോധചികിത്സ അൽ ശിഫ ഉപയോഗിക്കാറുണ്ടായിന്നു. പ്രവാചകൻ അവരുടെ രീതി അംഗീകരിക്കുകയും അത് മറ്റ് മുസ്ലീം സ്ത്രീകളെ പരിശീലിപ്പിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു.[12] ത്വക്ക് രോഗമുള്ള ആളുകളെ ചികിത്സിക്കുന്നതിലും അൽ ശിഫ പ്രാഗൽഭ്യം നേടിയിരുന്നു.[13] റുക്യ ശറഇയ്യ എന്നറിയപ്പെട്ടിരുന്ന ഒരു ആത്മീയ രോഗശാന്തി രീതി അക്കാലത്ത് നിലവിലുണ്ടായിരുന്നു. അൽ ശിഫ ആ കലയിൽ അതീവ പ്രാവീണ്യമുള്ളവളായിരുന്നു.[14]

**നുസൈബ ബിൻത് കഅബ്**

മദീനയിൽ ഇസ്ലാം മതം സ്വീകരിച്ച ആദ്യകാല സ്ത്രീകളിൽ ഒരാളാണ് നുസൈബ ബിൻത് കഅബ്. ഉമ്മു അമ്മാറ എന്ന പേരിലായിരുന്നു അവർ സമൂഹത്തിൽ അറിയപ്പെട്ടിരുന്നത്. മദീനയിൽ താമസിച്ചിരുന്ന ബനൂ നജ്ജാർ ഗോത്രത്തിലെ അംഗമായിരുന്നു അവർ. പ്രമുഖ സ്വഹാബിയായിരുന്ന (പ്രവാചക അനുയായി) അബ്ദുല്ലാഹ് ഇബ്നു കഅബിന്റെ സഹോദരിയും ഹബീബ് ഇബ്നു സൈദിന്റെ മാതാവുമായിരുന്നു അവർ[15]. ഇസ്ലാമികചരിത്രത്തിലെ പ്രസിദ്ധ

മായ രണ്ടാം അഖബാ ഉടമ്പടിയിൽ മദീനയിൽനിന്നും മുസ്അബ് ഇബ്ബു ഉമൈറിന്റെ ശിഷ്യത്വം സ്വീകരിച്ച് മക്കയിലെത്തി പ്രവാചകൻ മുഹമ്മദ് നബിയുമായി നേരിട്ട് കരാർ ചെയ്ത് ഇസ്ലാം സ്വീകരിച്ച മദീനയിലെ പ്രമുഖരായ 72 പേരുടെ സംഘത്തിലുൾപ്പെട്ടിരുന്ന ആകെ രണ്ട് വനിതകളിൽ ഒരാൾ നസൈബ ബിൻത് കഅബ് ആയിരുന്നു. കൂടെ അസ്മാ ബിൻത് അമ്റും പങ്കെടുത്തു.

ഉമ്മു അമ്മാറ ഉഹ്ദ് യുദ്ധത്തിൽ മുസ്ലിം സൈനികർക്കൊപ്പം പങ്കെടുക്കുകയും യുദ്ധത്തിൽ മുറിവേറ്റവരേയും പരിക്കേറ്റവരേയും പരിചരിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്തു.[16,17] ഉഹ്ദ് യുദ്ധത്തിനുശേഷം നടന്ന ഹുനൈൻ യമാമ എന്നീ യുദ്ധങ്ങളിലും മുറിവേറ്റ സൈനികർക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിന് വേണ്ടി അവർ പങ്കെടുത്തു.[18] ഇസ്ലാമിക ചരിത്രത്തിലെ പ്രസിദ്ധമായ ഹുദൈബിയാ സന്ധിയിലും ഇവർ പങ്കെടുക്കുകയുണ്ടായി.

### ഹംന ബിൻത് ജഹ്ശ്

മുഹമ്മദ് നബിയുടെ പിതാവ്, അബ്ദുള്ളയുടെ സഹോദരി പുത്രിയാണ് ഹംന ബിൻത് ജഹ്ശ്.[19] ഇസ്ലാമിക അധ്യാപനത്തിന് വേണ്ടി മദീനയിലേക്ക് നിയോഗിക്കപ്പെട്ട മുസ്അബ് ഇബ്ബു ഉമൈറിനെയാണ് ഇവർ വിവാഹം ചെയ്തത്. ജന്മദേശം മക്കയായിരുന്നുവെങ്കിലും ഭർത്താവിന്റെ കൂടെ മദീന പട്ടണത്തിലായിരുന്നു ജീവിച്ചിരുന്നത്. ഇസ്ലാമികചരിത്രത്തിൽ മുസ്ലിം സൈന്യം ഏറെ വിഷമിച്ച ഉഹ്ദ് യുദ്ധ വേളയിൽ മുസ്ലിം സൈനികർക്കൊപ്പം പങ്കെടുക്കുകയും മുറിവേറ്റ പടയാളികളെ സുരക്ഷിതമായി അവരുടെ കൂടാരങ്ങളിലെത്തിച്ച് അവർക്കാവശ്യമായ പ്രഥമ ശുശ്രൂഷ നൽകുകയും സൈനികർക്കാവശ്യമായ ദാഹജലം എത്തിക്കുകയും ചെയ്തു.[20]

### ഉമ്മു അതിയ്യ:

നസൈബ ബിൻത് അൽ ഹാരിസ് അൽ അൻസാരി എന്നാണ് ഉമ്മു അതിയ്യയുടെ യഥാർത്ഥ നാമം. പ്രവാചകന്റെ വനിതകളായ അനുയായികളിൽ ഏറ്റവും പ്രധാനികളിൽ ഒരാളായിരുന്നു ഉമ്മു അതിയ്യ. ഇസ്ലാമിക മത ശാസ്ത്രത്തിൽ മികച്ച ജ്ഞാനം ഇവർക്കുണ്ടായിരുന്നു. മധ്യകാല ഇസ്ലാമിക ചരിത്രകാരനായ ഇബ്ബു ഖയ്യിം ഉമ്മു അതിയ്യയുടെ പാണ്ഡിത്യത്തെക്കുറിച്ചും ഇസ്ലാമിക കർമശാസ്ത്രം, ഹദീസ്, ജിഹാദ് തുടങ്ങിയവയിലെ അവരുടെ സേവനങ്ങളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്.[21]

ഇസ്ലാം ആശ്ലേഷിക്കുന്നതിന് മുമ്പും അതിന് ശേഷവും നസൈബ ആതുരസേവനരംഗത്ത് പ്രവർത്തിച്ചിരുന്നു. ഇസ്ലാം വിശ്വാസപ്രകാരം ആൺകുട്ടികളിൽ ചെറുപ്രായത്തിൽ ചേലകർമ്മം/സുന്നത്ത് കർമ്മം ചെയ്യേണ്ടതുണ്ട്. പ്രവാചകന്റെ അനുമതി പ്രകാരം നസൈബ ഈ രംഗത്ത് സേവനം ചെയ്തിരുന്നു. അവർ നബിയുടെ ചില ഹദീസുകൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. യുദ്ധക്കളങ്ങളിൽ പരിക്ക് പറ്റിയവരെ ഉമ്മു അതിയ്യ പരിചരിക്കുകയും അവർക്ക് വെള്ളവും ഭക്ഷണവും പ്രഥമ ശുശ്രൂഷയും നൽകുകയും ചെയ്തു. ഖൈബർ അടക്കം 7 യുദ്ധങ്ങളിൽ നബിയുടെ സൈന്യത്തോടൊപ്പം അവർ പങ്കെടുത്തിട്ടുണ്ട്.

**റബീഅ ബിൻത് മുആദ്**

പ്രവാചകൻ മുഹമ്മദ് നബിയുടെ കാലത്ത് ജീവിച്ച റബീഅ, നബിയുടെ ശുചിത്വശീലങ്ങളെ നന്നായി പഠിക്കുകയും അതിന്റെ കൃത്യമായ രൂപം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുകയും ചെയ്തു. ഇസ്ലാമിലെ പ്രധാനപ്പെട്ട ശുചിത്വകർമ്മമായ വുളൂഅ് എന്ന അംഗ സ്നാനവുമായി ബന്ധപ്പെട്ട പ്രവാചകന്റെ ഹദീസ് റബീഅയെ തൊട്ട് ഹദീസ് ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്. യുദ്ധങ്ങളിൽ പരിക്ക് പറ്റുന്ന സൈനികർക്ക് വേണ്ട പ്രാഥമിക ശുശ്രൂഷകൾക്ക് വേണ്ടി റബീഅ ഇസ്ലാമികചരിത്രത്തിലെ പ്രധാനപ്പെട്ട യുദ്ധങ്ങളിലെല്ലാം പങ്കെടുക്കുകയും ചെയ്തു. ദീർഘകാലം പ്രാഥമിക ആരോഗ്യരംഗത്ത് പ്രവർത്തിച്ച റബീഅ ഉമവിയ്യാ ഭരണാധികാരി മുആവിയയുടെ കാലത്താണ് മരണപ്പെട്ടത്. താരിഖു റുസുലി വൽ മുലൂക് എന്ന ഗ്രന്ഥത്തിൽ പ്രശസ്ത ചരിത്രകാരൻ അൽ തബരി ബനൂ ഓദ് ഗോത്രത്തിൽ പെട്ട സൈനബ് എന്ന വനിതയെക്കുറിച്ച് വിവരിക്കുന്നുണ്ട്. അക്കാലത്തെ നേത്രരോഗ വിദഗ്ധയായ അവർ വിവിധ മരുന്ന് നിർമ്മാണത്തിലും ഏർപ്പെട്ടിരുന്നു.

**ഉപസംഹാരം**

ആദ്യകാല ഇസ്ലാമിക സമൂഹത്തിൽ, സ്ത്രീകൾ സമൂഹത്തിന് ഗണ്യമായ വൈദ്യസേവനങ്ങൾ നൽകിയിരുന്നു. വൈദ്യശാസ്ത്രം വലിയ രീതിയിൽ വികസിച്ചിട്ടില്ലാത്ത അക്കാലത്ത് പ്രാദേശികമായി നിലനിന്നിരുന്ന നാട്ടു വൈദ്യ രീതികളാണ് ഉപയോഗത്തിലുണ്ടായിരുന്നത്. പ്രസവ പരിചരണം, ചെറുശസ്ത്രക്രിയകൾ, യുദ്ധങ്ങളിൽ പരിക്കേറ്റവർക്കുള്ള പരിചരണം, യുദ്ധസമയത്ത് ആവശ്യക്കാർക്ക് ഭക്ഷണ വിതരണം, മൃഗങ്ങളുടെ കടിയേറ്റതിനുള്ള ചികിത്സ, ശുചിത്വ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്, സ്ത്രീ രോഗ ചികിത്സ തുടങ്ങിയ കാര്യങ്ങളിൽ അക്കാലത്തെ നിപുണരായ സ്ത്രീകൾ അവരുടെ സേവനം അനുഷ്ഠിച്ചിരുന്നു. ഗ്രീക്ക് കാലഘട്ടത്തിലും ഹിപ്പോക്രാറ്റിന് ശേഷവും പുരുഷ ഭിഷഗ്വരരുടെ കഴിവുകൾ മാത്രമേ സമൂഹത്തിൽ അംഗീകരിക്കപ്പെട്ടിരുന്നുള്ളൂ. ഇസ്ലാമിന്റെ ആരംഭഘട്ടത്തിലും സ്ത്രീകൾ ഈ മേഖലയിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അവയെ വേണ്ട രീതിയിൽ ചരിത്രകാരന്മാർ രേഖപ്പെടുത്തിയതായി കാണുന്നില്ല.[22] വൈദ്യ ശാസ്ത്രജ്ഞരെക്കുറിച്ച് പുസ്തകം എഴുതിയ മധ്യകാല മുസ്ലിം ചരിത്രകാരനായ ഇബ്നു അബീ ഉസൈബ കേവലം ഒരു വനിതാ ഭിഷഗ്വരയെ മാത്രമേ അദ്ദേഹത്തിന്റെ തബഖാതുൽ അതിബ്ബ എന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്നുള്ളൂ. പ്രവാചക കാലഘട്ടത്തിന് ശേഷവും ആതുരസേവനരംഗത്ത് മുസ്ലിം സ്ത്രീപക്ഷത്ത് നിന്നും ഫാത്തിമ അൽ ഫിഹ്‌രിയെ പോലെ ഉമ്മുൽ ഹസൻ ബിൻത് അൽ ഖാദിയെ പോലെ നിരവധി പേർ ഉണ്ടായിട്ടുണ്ട്. മുസ്ലീം സ്ത്രീകൾ വൈദ്യശാസ്ത്ര മേഖലയിൽ വലിയ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നവരാണ്, എന്നാൽ ചരിത്രത്തിൽ അതിനെ വേണ്ട രീതിയിൽ അടയാളപ്പെടുത്തിയിട്ടില്ല. അതിനാൽ അവരുടെ സംഭാവനകൾ മനസ്സിലാക്കാൻ കൂടുതൽ ഗവേഷണം ആവശ്യമാണ്. പുരുഷ കേന്ദ്രീകൃത മനോഭാവത്താൽ ചരിത്രത്തിൽ തഴയപ്പെട്ട അനേകം സ്ത്രീ ആവിഷ്കാരങ്ങളുടെ കൂട്ടത്തിലെ ഒരു ഉപമ മാത്രമാണ് വൈദ്യശാസ്ത്രത്തിലെ മുസ്ലിം സ്ത്രീ സംഭാവനകൾ. ഇത്തരത്തിൽ വിസ്മരിക്കപ്പെട്ട സ്ത്രീശബ്ദങ്ങളെ നീതിപൂർവ്വം ഉയർത്തിക്കൊണ്ട് വരുക എന്നുള്ളത് ആധുനികതയിലേക്കുള്ള വെളിച്ചം കൂടിയാണ്.

 ISSN: 2582 - 2594

## അധാരസൂചി


1. https://tibbenabawi.org/.
2. https://www.pbs.org/muhammad/ma_women.s.
3. Al-Nisa'aWaMihnat Al-Tib Fi Al-Mojtama'at Al-Islamiyyah, by Omaymah Abu Bakr & Huda Al-Sa'di, Cairo (Egypt) 1999.
4. Sunan Ibn Majah, Chapters on Medicine, Vol. 4, Book 31, Hadith 3436.
5. https://islamicseminary.us/prophet-muhammad-pbuh-the-liberator-of-women/.
6. https://muslimheritage.com/muslim-female-physicians/.
7. Great women in Islamic History: a forgotten legacy https://funci.org/great-women-in-islamic-history-a-forgotten-legacy/?lang=en .
8. https://saudigazette.com.sa/article/175811.
9. Ibid.
10. Omar Kasule, "Historical Roots of the Nursing Profession in Islam," https://www.nursingworldnigeria.com/2015/02/historical-roots-of-the-nursing-profession-in-islam.
11. https://en.wikipedia.org/wiki/al-Shifa_bint_abdullah.
12. Al-Tib waRa'idatoho Al-Muslimat, by Abdallah Al-Sa'eed, published in Amman, Jordon 1985 (in Arabic).
13. https://muslimheritage.com/muslim-female-physicians/.
14. The Top Hundred of Female Companions during the Prophet Time. By Mahmoud T Halabi (punlished in Beirut, Lebanon 2004). (in Arabic).
15. Ghadanfar, Mahmood Ahmad. "Great Women of Islam", Riyadh. 2001.pp. 207-215.
16. Al-Tib waRa'idatoho Al-Muslimat, by Abdallah Al-Sa'eed, published in Amman, Jordon 1985 (in Arabic).
17. Great women in Islamic History: a forgotten legacy https://funci.org/great-women-in-islamic-history-a-forgotten-legacy/?lang=en.
18. Muslim Female Physicians and Healthcare Provider in Islamic History, Sharif Kef al Ghazal & Mariam Hussain, Journal of British Islamic Medical Association, Vol 7,April 2021
19. https://en.m.wikipedia.org/wiki/Hammanah_bint_Jahsh.
20. https://muslimheritage.com/muslim-female-physicians/.
21. Muhammad Sharif Chaudry, Women's Rights in Islam, Adam Publishers and Distributors, New Delhi, 1991, p.125.
22. https://www.marefa.org/%D8%A3%D8%A8%D9%82%D8%B1%D8%A7%D8%B7

GENDER STUDIES

# പാരിസ്ഥിതിക സ്ത്രീവാദപരിസരം 'ഊര്കാവ'ലിൽ

**സിംപ്ൾ എ.ഇസെഡ്.**
അസി. പ്രൊഫസർ,
സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ
E-mail: simpleakkara@gmail.com

**സംഗ്രഹം**

കീഴടക്കപ്പെട്ടവരുടെ പ്രതീകമായ അംഗദനെ കേന്ദ്ര കഥാപാത്രമാക്കി, പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സാറാ ജോസഫ് രചിച്ച നോവലാണ് 'ഊര്കാവൽ'. ആധുനികാനന്തര സാഹിത്യ ഭാവുകത്വം ഈ നോവലിൽ വ്യക്തമായി പ്രതിഫലിക്കുന്നു. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്ര പരിസരത്തിലൂന്നികൊണ്ട് പരിസ്ഥിതിക്കും സ്ത്രീക്കും ദളിതർക്കും നേരെയുള്ള ആധിപത്യ ശ്രമങ്ങളെ നോവൽ പ്രതിരോധിക്കുന്നതെങ്ങനെ എന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിൽ നിർവ്വഹിച്ചിരിക്കുന്നത്.

**താക്കോൽവാക്കുകൾ:** സ്ത്രീവാദം, പാരിസ്ഥിതിക സ്ത്രീവാദം, പ്രകൃതിബിംബങ്ങൾ, അധികാരം, കീഴാളപക്ഷം

പരിസ്ഥിതിസംരക്ഷണത്തിന്റെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഇന്ന് പൊതുസമൂഹത്തിൽ കൂടുതൽ പ്രാധാന്യത്തോടെ ഇടം പിടിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പാരിസ്ഥിതിക രചനകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഇരുപത്തൊന്നാം നൂറ്റാണ്ടിലാണ് അത് കൂടുതൽ വിപുലമാകുന്നത്. സ്ത്രീവാദ സാഹിത്യം പാരിസ്ഥിതിക സാഹിത്യത്തിനു മുമ്പുതന്നെ ഭാഷയിൽ ഇടം പിടിച്ചിട്ടുണ്ടെങ്കിലും പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാധ്യതകൾ വളരെയടുത്തു മാത്രമാണ് മലയാളസാഹിത്യത്തിൽ പരീക്ഷിക്കപ്പെട്ടിട്ടുള്ളത്. 2008 ൽ പ്രസിദ്ധീകരിക്കപ്പെട്ട സാറാ ജോസഫിന്റെ 'ഊര്കാവൽ' ഇത്തരത്തിൽ ശ്രദ്ധേയമാണ്. പാരിസ്ഥിതികവാദവും സ്ത്രീവാദവും ഈ നോവലിൽ ചേർന്നൊഴുകുന്നു. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക പരിസരത്തിലൂന്നിയാണ് സാറാ ജോസഫിന്റെ മിക്ക നോവലുകളും വികസിക്കുന്നത്. 'ആലാഹയുടെ പെൺമക്ക'ളിലും 'മാറ്റാത്തി'യിലും 'ആതി'യിലുമെല്ലാം ഇത് വ്യക്തമാണ്. 'ഊര്കാവൽ' പ്രമേയവൽക്കരിക്കാൻ ശ്രമിക്കുന്നത് തന്നെ പരിസ്ഥിതിയോടും സ്ത്രീയോടുമുള്ള പുരുഷാധികാരത്തിന്റെ കടന്നുകയറ്റമാണ്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആഖ്യാന തലത്തിലൂടെ എല്ലാത്തരം അധികാര വാഴ്ചകൾക്കും എതിരെയുള്ള വിമർശനമായി 'ഊര് കാവൽ' മാറുന്നു.

 ISSN: 2582 - 2594

**ഊര്കാവൽ : പ്രമേയവും പ്രസക്തിയും**

കിഷ്കിന്ധയുടെ രാജാവായിരുന്ന ബാലിയുടെ പുത്രനായ അംഗദന്റെ കാഴ്ചപ്പാടിലൂടെയാണ് 'ഊര്കാവ'ലിൽ സാറാ ജോസഫ് രാമായണത്തെ പുനർവായിക്കുന്നത്. 'ഊര്കാവ'ലിലെ അംഗദൻ കീഴടക്കപ്പെട്ടവരുടെ പ്രതീകമാണ്. അച്ഛനെ ചതിച്ചുകൊന്ന രാമനുവേണ്ടി പടയ്ക്കിറങ്ങേണ്ടി വരുന്ന നിസ്സഹായനായ മനുഷ്യൻ. ആയുധവും അധികാരവും വാക്ചാതുര്യവും ചതിയും കൊണ്ട് ഒരു ജനതയെ മുഴുവൻ അടിമകളാക്കുന്ന തന്ത്രത്തിനോട് പൊരുത്തപ്പെടാനാകാതെ, അമർഷം ഉള്ളിലടക്കി രാമ-രാവണ യുദ്ധത്തിൽ അയാൾ പങ്കാളിയാകുന്നു.

രാമന്റെ ചെയ്തികൾ രാജധർമ്മമല്ല അധർമ്മമാണെന്ന് അംഗദനു ബോധ്യമുണ്ട്. ബാലിയോട്, കിഷ്കിന്ധത്തോട്, സീതയോട്, പ്രകൃതിയോട്... എല്ലാത്തിനോടും രാമൻ അധർമ്മം പ്രവർത്തിക്കുന്നു. രാമന്റെ യുദ്ധം സീതയ്ക്കുവേണ്ടിയുള്ളതായിരുന്നില്ല; രാജപൗരുഷത്തിനു വേണ്ടിയുള്ളതായിരുന്നു എന്ന് രാമനിൽ നിന്നുതന്നെ കേൾക്കുന്ന അംഗദന് അത് ഉൾക്കൊള്ളാനാകുന്നില്ല. രാജധർമ്മത്തിൽ പതിയിരിക്കുന്ന ചതികൾ അംഗദനെ അത്യന്തം അസ്വസ്ഥനാക്കുന്നു. അംഗദന്റെ അസ്വസ്ഥതകൾ ഹൃദയമുള്ള ഏതൊരു മനുഷ്യന്റെയും അസ്വസ്ഥതകളാണ്. സ്വാർത്ഥതാല്പര്യങ്ങൾക്കായി കീഴടക്കപ്പെട്ട ഒരു ജനതയുടെ ആശങ്കകളും രോദനങ്ങളും നിസ്സഹായാവസ്ഥയുമാണ് അംഗദനിലൂടെ നോവലിസ്റ്റ് പങ്കുവെയ്ക്കുന്നത്.

സാറാജോസഫിന്റെ രാമായണ കഥകൾ എല്ലാം തന്നെ ചൂഷണം ചെയ്യപ്പെട്ടവരുടെ പക്ഷം ചേരുന്നവയായിരുന്നു. 'അശോക'യിലെ സീതയും 'കറുത്ത തുള'കളിലെ മന്ഥരയും 'തായ്കുല'ത്തിലെ ശൂർപ്പണഖയുമെല്ലാം ഇത്തരത്തിൽ വ്യത്യസ്തമാകുന്നു. രാമായണത്തെ താഴെ നിന്ന് നോക്കുമ്പോൾ (കീഴാളപക്ഷം) കാണുന്നതാണ് തന്റെ കഥകളിലൂടെ സാറാ ജോസഫ് പറയാൻ ശ്രമിച്ചത്. 'ഊര്കാവൽ' എന്ന നോവലും ഇതിന്റെ തുടർച്ചയാണ്. സ്ത്രീയുടെ - പ്രകൃതിയുടെ - അടിച്ചമർത്തപ്പെട്ട ജനതയുടെ 'മൗനവ്യഥ'കളാണ് അംഗദനിലൂടെ ആവിഷ്കൃതമാകുന്നത്. ഹിംസ ശീലമില്ലാത്ത നിഷ്കളങ്കരായ കിഷ്കിന്ധയിലെ ജനത അപരിഷ്കൃതരായി ഗണിക്കപ്പെടുന്നു. ഏതൊരു സമൂഹത്തിലേയും അധിനിവേശ ആധിപത്യങ്ങളിൽ ഇത്തരം പരിഷ്കൃതനാട്യങ്ങൾ സാധാരണമാണ്. പരിഷ്കൃതിയുടെ പേരിലുള്ള മുതലാളിത്ത രാഷ്ട്രീയ മുതലെടുപ്പുകൾ സമകാല ഇന്ത്യൻ സാമൂഹികാവസ്ഥയോട് ചേർത്ത് വായിക്കാവുന്നതാണ്. ആദിവാസി, ദളിത്, സ്ത്രീ, ട്രാൻസ് തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ട ഒരു വലിയ വിഭാഗം ജനത ഇത്തരം ചൂഷണങ്ങൾക്ക് ഇരയാകുന്നു. കീഴടക്കപ്പെട്ടവരുടെ പക്ഷം ചേരുന്നു എന്നതിനു പുറമേ സമകാലിക രാഷ്ട്രീയാവസ്ഥയോടുള്ള പ്രതികരണം എന്ന നിലയിലും 'ഊര്കാവൽ' പ്രസക്തമാകുന്നു.

**പാരിസ്ഥിതിക സ്ത്രീവാദം നോവലിൽ**

ആധുനികാനന്തര സാഹിത്യസമീപനങ്ങളുടെ സവിശേഷതകളിലൊന്നാണ് പാരിസ്ഥിതിക വീക്ഷണം. സ്ത്രീവാദവും പാരിസ്ഥിതിക വീക്ഷണവും ഒന്നുചേരുന്ന പ്രത്യയശാസ്ത്രപരിസരമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റേത്. സ്ത്രീയും പ്രകൃതിയും ഒന്നുപോലെ പുരുഷാധികാരഘടനയിൽ ചൂഷണം ചെയ്യപ്പെടുന്നു എന്ന തിരിച്ചറിവാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിസ്ഥാനം. സമൂഹത്തിൽ ചൂഷണം നേരിടുന്ന എല്ലാത്തരം ജനതയുടെയും വിമോചനം

പാരിസ്ഥിതിക സ്ത്രീവാദം ലക്ഷ്യം വെക്കുന്നു. ജാതി-മത-വർഗ്ഗ-ലിംഗ വിവേചനങ്ങളോടും ആധിപത്യ ശ്രമങ്ങളോടും എതിരിട്ടുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം അതിന്റെ ഭൂമിക പണിതത്.

'ഊര്കാവൽ' എന്ന നോവൽ 'പാരിസ്ഥിതിക സ്ത്രീവാദ'ത്തിന്റെ സൈദ്ധാന്തിക പരിസരത്തുനിന്നുകൊണ്ട് രാമായണത്തെ അപനിർമ്മിക്കുന്നു. 'ഊര്കാവ'ലിലെ പ്രധാന കഥാപാത്രമായ അംഗദൻ പാർശ്വവൽകൃത ജനതയുടെ മുഴുവൻ പ്രതീകമാണ്. ആയുധംകൊണ്ട് അധികാരമുറപ്പിക്കുന്നവന്റെ തന്ത്രങ്ങളെ തിരിച്ചറിയുകയും എന്നാൽ പ്രതിരോധിക്കാൻ കെല്പില്ലാതെ നിസ്സഹായരാവുകയും ചെയ്യുന്ന സമൂഹത്തിന്റെ പ്രതിനിധിയായി അംഗദൻ നില്ക്കുന്നു.

കിഷ്കിന്ധയുടെ രാജാവായ ബാലിയെ ഒളിയമ്പെയ്ത് വധിച്ചുകൊണ്ടാണ് രാമൻ തന്റെ അധികാരം അവിടെ നടപ്പാക്കുന്നത്. ആയുധമോ ചതിപ്രയോഗമോ ശീലമില്ലാത്ത കിഷ്കിന്ധയിലെ ജനങ്ങളെ എളുപ്പം വരുതിയിലാക്കാൻ രാമനു കഴിഞ്ഞു. അധിനിവേശകരുടെ ആയുധബലവും കുതന്ത്രങ്ങളും കിഷ്കിന്ധയിലെ ജനങ്ങളെ ഭയപ്പെടുത്തുകയും അതിരുകവിഞ്ഞ ആധമർണ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

അധീശവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ യുക്തിക്കു നിരക്കുന്നതല്ലെന്നും പെണ്ണും പ്രകൃതിയും ആദിമനിവാസികളും അവരുടെ പ്രത്യയശാസ്ത്രത്തിന്റെ ഇരകളാണെന്നും അംഗദൻ തിരിച്ചറിയുന്നു. അംഗദന്റെ ഭാഷ കീഴടക്കപ്പെട്ടവരുടേതാണ്. പെണ്ണും മണ്ണും മനുഷ്യനും നീതി തേടുന്നത് അംഗദനിലൂടെയാണ്.

ബാലിയുടെ അന്ത്യം കിഷ്കിന്ധയ്ക്കേറ്റ കനത്ത പ്രഹരമായിരുന്നു. പ്രകൃതിയെ ഉപാസിച്ച് അപരനെ മാനിച്ച് കിഷ്കിന്ധയുടെ സംരക്ഷകനായി ബാലി വാണു. മണ്ണുകൊണ്ട് നിർമ്മിച്ച വാനരങ്ങളെ ഊര്കാവലുകളാക്കി കിഷ്കിന്ധത്തിന്റെ അതിരുകളിൽ ബാലി സ്ഥാപിച്ചു. ബാലിയുടെ മണ്ണ് കൊണ്ടുണ്ടാക്കിയ ഊര്കാവലുകളെ ഇരുമ്പുകൊണ്ട് തകർത്താണ് പുതിയ അധികാരശക്തി കിഷ്കിന്ധത്തിനു മേൽ ആധിപത്യം ഉറപ്പിക്കുന്നത്. മണ്ണിന്റെ സംസ്കാരത്തിൽ നിന്ന് ഇരുമ്പിന്റെ സംസ്കാരത്തിലേക്കുള്ള കിഷ്കിന്ധയുടെ പരിണാമത്തിന്റെ ആരംഭമായിരുന്നു ഊരുകാവലുകളുടെ തകർച്ച. 'മണ്ണ്' ഇവിടെ പ്രകൃതിയാണ്. എല്ലാത്തിനെയും നിർമ്മിക്കുവാനും ജീവന്റെ കണികകളെ വളർത്തുവാനും അതിന് കഴിയുന്നു. ഇരുമ്പ് പരിഷ്കൃതിയുടെ ചിഹ്നവും സർവ്വ നാശത്തിന്റെ കാരണവുമായി നോവലിൽ കടന്നുവരുന്നു.

പ്രകൃതിയേയും പെണ്ണിനെയും മറന്ന കിഷ്കിന്ധയിൽ 'അൻപ്' വറ്റിയതായി അംഗദൻ മനസ്സിലാക്കുന്നു. കിഷ്കിന്ധയിലെ ജനങ്ങൾ അവനവനിലേക്ക് ഒതുങ്ങുന്ന കാഴ്ച അംഗദനെ ഭയപ്പെടുത്തുന്നു.

> "പീതാ, ഇത്തിരി മുൻപ് ഞാനും താരനും ഉണ്ടായിരുന്നു. ഇപ്പോൾ ഞാൻ മാത്രം. ഇത്തിരി മുൻപ് സൂര്യനും വെളിച്ചവും മരങ്ങളും ഉണ്ടായിരുന്നു.ഇപ്പോൾ ഒന്നുമില്ല. വെളിച്ചം പെരുമ്പാമ്പിന്റെ വയറ്റിൽ. മരങ്ങൾ പാതാളത്തിലെ തടവറയിൽ. ഇവിടെ ഇരുട്ടും അംഗദനും മാത്രം.
>
> വെള്ളം ഒഴുകുന്നില്ല.
>
> കാറ്റ് വീശുന്നില്ല.

 ISSN: 2582 - 2594

ഒന്നും അനങ്ങുന്നില്ല.

അറ്റുപോയ ഒച്ചകൾ.

അമ്മയോ? അമ്മയെ തീ വിഴുങ്ങിക്കാണണം. മുലപ്പാൽ കരിയുന്ന മണം ചുറ്റിലു മുണ്ട്. അവൾ കയ്യിലെടുത്ത മണ്ണ് ചത്തു കിടക്കുന്നു. അതുകൊണ്ട് അവൾക്കിനി പ്രപഞ്ചം പണിയാനാവില്ല (സാറാ ജോസഫ്, 2008:9).

കിഷ്കിന്ധയ്ക്ക് വന്നുചേർന്ന ദുരന്തമാണ് അംഗദന്റെ ചിന്തകളിലൂടെ നോവലിസ്റ്റ് വരച്ചിട്ടു ന്നത്. പ്രകൃതിബിംബങ്ങളിലൂടെ കിഷ്കിന്ധയ്ക്കു നേരിട്ട വിപത്തിന്റെ തീവ്രത വായനക്കാരിലെ ത്തിക്കാൻ സാറാ ജോസഫിന് കഴിഞ്ഞിട്ടുണ്ട്.

ഏതൊരു ജനതയുടെയും സംസ്കാരത്തിന്റെ പ്രതീകമാണ് ഭക്ഷണം. വിശപ്പടക്കുന്നതി നൊപ്പം സാംസ്കാരിക വിനിമയം കൂടി ഭക്ഷണത്തിലൂടെ സാധ്യമാകുന്നു. 'അൻപ്' കൊണ്ട് വേവിച്ചെടുക്കുന്നതാണ് കിഷ്കിന്ധയിലെ ഭക്ഷണം. പരസ്പരസ്നേഹത്തിന്റെ സംസ്കാരമാണ് ഭക്ഷണത്തിലൂടെ അവർ വിനിമയം ചെയ്തുപോന്നത്. അവിടെ ചതിക്ക് സ്ഥാനമില്ലായിരുന്നു. എന്നാൽ ബാലിയുടെ മരണവും അധീശവർഗ്ഗത്തിന്റെ ആധിപത്യവും മൂലം കിഷ്കിന്ധയുടെ അൻപു വറ്റിയത് അംഗദൻ തിരിച്ചറിയുന്നു.

"അമ്മേ, എങ്ങനെയാണ് ചോറ് വേവുന്നത്?

അൻപു കൊണ്ടാണ് അംഗദാ! അനേകരുടെ അൻപു കൊണ്ടാണ് ഒരു പിടി അരി വെന്തു ചോറാകുന്നത്.

അൻപെന്നാലോ?

വിത്തുവിതയ്ക്കുമ്പോൾ, കൊയ്തുമെതിക്കുമ്പോൾ, നെല്ലുകുത്തുമ്പോൾ, വെച്ചു വിളമ്പു മ്പോൾ, കാവലിരിക്കുമ്പോൾ, നെഞ്ചിൽ തോന്നുന്നതെന്തോ, അതാണ് അൻപ്.

അംഗദന്റെ ചോറെവിടെ?

ഭൂമിയിൽ അൻപ് വറ്റിയിരിക്കുന്നു.

വേവാത്ത ചോറിൽ വിഷം തൂകി അംഗദനെ ഉണ്ണാൻ വിളിക്കുന്നു.

അംഗദനെ രാജാവാക്കുക!" (സാറാ ജോസഫ്, 2008:9)

ഭക്ഷണത്തിലൂടെ അംഗദന് അമ്മ പകർന്നുകൊടുത്തത് 'അൻപി'ന്റെ പാഠങ്ങളാണ്. ഒരു പിടി അരി വേവുന്നതിനു പിന്നിലുള്ള അധ്വാനത്തിന്റെയും അൻപിന്റെയും പാഠങ്ങൾ. എന്നാൽ അൻപു വറ്റിയ കിഷ്കിന്ധയിൽ അംഗദനു വിളമ്പുന്ന ചോറിൽ അൻപല്ല വിഷമാണെ ന്ന് അംഗദൻ കരുതുന്നു. അംഗദനെ രാജാവാക്കാൻ പറയുന്ന ശബ്ദങ്ങളിൽപ്പോലും അധികാര രാഷ്ട്രീയത്തിന്റെ ഗൂഢതന്ത്രങ്ങൾ ഒളിഞ്ഞിരിപ്പുള്ളതായി അംഗദന് അനുഭവപ്പെടുന്നു. ബാലിയെ ഒളിയമ്പെയ്ത് വധിച്ചത് തന്നെ രാജാവാക്കാനല്ലെന്ന തികഞ്ഞ ബോധ്യം അംഗദനുണ്ടായിരു ന്നു. അൻപുവറ്റിയ കിഷ്കിന്ധത്തെയും കിഷ്കിന്ധത്തിനു മേൽ വന്ന പുതിയ അധികാരത്തെയും സംശയത്തോടെയല്ലാതെ സമീപിക്കാൻ അംഗദനാകുന്നില്ല. ഇരയാക്കപ്പെട്ടതിന്റെ ദുഃഖവും അമർഷവും ഉള്ളിലൊതുക്കുന്ന അംഗദന്റെ ചിന്തകൾ അൻപു വറ്റാത്ത കിഷ്കിന്ധത്തിന്റെ ഭൂത

കാലങ്ങളിലേക്ക് സഞ്ചരിക്കുന്നതു കാണാം. സ്ത്രീയും പ്രകൃതിയും കിഷ്കിന്ധയിലെ നിഷ്കളങ്കരായ ജനങ്ങളും അംഗദന്റെ ചിന്തകളിൽ പ്രാധാന്യത്തോടെ കടന്നുവരുന്നു.

ആയുധം കൊണ്ടുള്ള യുദ്ധം കിഷ്കിന്ധയ്ക്കന്യമായിരുന്നു. ബാലി അതിനെതിരായിരുന്നു. അംഗദനും ബാലി പറഞ്ഞുകൊടുത്തു.

> "മുഷ്ടിക്കു മുഷ്ടി, കല്ലിന് കല്ല്, നഖത്തിന് നഖം. അതാണ് നമുക്ക് യുദ്ധമുറ. അമ്പ്, വിദ്യയും സൂത്രവുമാണ്. ദേഹത്തെ രോമം കൊഴിഞ്ഞു പോയവർക്കുള്ളതാണ് സൂത്രവിദ്യ. കൊഴിഞ്ഞത് അവരുടെ കരുത്താണ്. കരുത്തില്ലാത്തവർക്ക് രക്ഷപ്പെടാൻ കെണികൾ വേണ്ടിവരും. അമ്പും ചതിയും അവരെ രക്ഷിക്കും. നേർക്ക് നേരെ നിന്ന് പൊരുതാൻ അവർക്കാവില്ല. അമ്പും വില്ലുമില്ലെങ്കിൽ അവർ ഒന്നുമല്ല. മുഷ്ടിയുദ്ധത്തിൽ രണ്ടിൽ ഒരാളേ മരിക്കൂ. അമ്പുകൊണ്ട് നൂറും ആയിരവും ചാവും. ചാവേണ്ടവനും ചാവേണ്ടാത്തവനും ചാവും. ഉന്നം തെറ്റിയാൽ നിരപരാധികളുടെ നെഞ്ചിൽ ചെന്നു കൊള്ളും." (സാറാജോസഫ്, 2008:11)

അച്ഛൻ പകർന്നുതന്ന പാഠങ്ങളാണ് കിഷ്കിന്ധത്തിൽ ലംഘിക്കപ്പെടുന്നത്. അമ്പുകൊണ്ട് ഒരു ദേശത്തെ മുഴുവൻ ഭയപ്പെടുത്തി തങ്ങളുടെ ആജ്ഞാനുവർത്തികളാക്കാൻ രാമലക്ഷ്മണന്മാർക്ക് കഴിഞ്ഞു. സുഗ്രീവന്റെ സിംഹാസനം ഇളകാതിരിക്കാൻ ഇരയാക്കപ്പെടുന്നത് കിഷ്കിന്ധത്തിലെ മനുഷ്യരും പ്രകൃതിയുമാണ്. മുതലാളിത്തരാഷ്ട്രങ്ങളുടെ ആയുധസംസ്കാരത്തെ ബാലിയുടെ വാക്കുകൾ ഓർമ്മപ്പെടുത്തുന്നു. ആയുധംകൊണ്ട് സാധ്യമാക്കിയ അധിനിവേശ സംസ്കാരത്തെ സൂക്ഷ്മമായി വിമർശിക്കുകയാണ് ഇവിടെ.

കിഷ്കിന്ധയുടെ നീതിയും നിയമവും സംസ്കാരവുമെല്ലാം പ്രാകൃതമെന്നത്രേ അധിനിവേശ ശക്തിയുടെ ആരോപണം. പരിഷ്കാരത്തിന്റെ പുതിയ വേഷധാരികൾ പരിഷ്കരണം നടപ്പിലാക്കുന്നത് കിഷ്കിന്ധയുടെ പ്രകൃതിയെയും മനുഷ്യനെയും ചൂഷണംചെയ്തുകൊണ്ടാണ്.

ഒരു പുരുഷന് ഒരു സ്ത്രീ എന്ന സങ്കല്പം കിഷ്കിന്ധയ്ക്കപരിചിതമാണ്. "ഒരു കൂട്ടം അമ്മമാർ ഒന്നിച്ചാണ് അംഗദനെ ഗർഭം ധരിച്ചത്. താരയോടൊപ്പം കൂട്ടമ്മമാർക്കും വ്യാക്കുൺ ഉണ്ടായി. താര മോഹിച്ചതിനെയൊക്കെ അവരും മോഹിച്ചു. താരക്ക് വേണ്ടാത്തതൊക്കെ അവർക്കും വേണ്ടാത്തതായി" (സാറാ ജോസഫ്, 2008:18). അംഗദനെ സ്നേഹിച്ചത് താര മാത്രമായിരുന്നില്ല. ഒരു കൂട്ടം അമ്മമാരുടെ സ്നേഹപരിലാളനങ്ങൾ ഏറ്റാണ് അംഗദൻ വളർന്നത്. കിഷ്കിന്ധത്തിലെ ഓരോ കുഞ്ഞും ഇത്തരത്തിൽ തന്നെയാണ് വളരുന്നത്. അതൊരു കുറവായി അവരാരും കരുതിയിട്ടില്ല. അവരുടെ സംസ്കാരത്തെ അവർ മാനിച്ചു. എന്നാൽ പുറത്തുനിന്ന് വന്നവർ പുതിയ സംസ്കാരം പകർന്നുകൊണ്ട് കിഷ്കിന്ധയുടെ സംസ്കാരത്തെ പ്രാകൃതമെന്ന് പുച്ഛിക്കുന്നു.

> ""ഞങ്ങടെ മകനെ കണ്ടോ?" കൂട്ടമ്മമാർ നീരൊഴുക്കിനോടു ചോദിച്ചു.
>
> "അടയാളം പറയൂ" നീരൊഴുക്ക് ആവശ്യപ്പെട്ടു.
>
> "നീണ്ടു നീർന്ന മേനിയുള്ളവൻ, മിനുത്ത രോമപാളികളാൽ നെഞ്ച് പൊൻനിറമാക്കപ്പെട്ടവൻ. പുലർവെളിച്ചം പോലെ ബാലഭാവമാർന്നവൻ. സ്വർണനിറമുള്ള കണ്ണുകളുള്ളവൻ. ഹൃദയത്തിന് ചിറകുള്ളവൻ. അരനിമിഷത്തിലേറെ നേരം ഞങ്ങളെ കാണാഞ്ഞാൽ തകർന്നു പോകുന്നവൻ..."

 ISSN: 2582 - 2594

"ക്ഷമിക്കണം. അങ്ങനെ ഒരുവനെ ഞങ്ങളെവിടെയും കണ്ടില്ല." നീരൊഴുക്ക് പറഞ്ഞു.

തീരത്തെ കാട്ടുവള്ളികളെ തലോടിക്കൊണ്ട് അവൾ ഒഴുകിപ്പോവുകയും ചെയ്തു." (സാറാജോസഫ്, 2008:19)

കിഷ്കിന്ധയിലെ സ്ത്രീകളും പ്രകൃതിയും തമ്മിലുള്ള ബന്ധം നോവലിസ്റ്റ് ഈ വാക്യങ്ങളിൽ വരച്ചിടുന്നു. അംഗദനെ അവർ അന്വേഷിക്കുന്നത് പ്രകൃതിയിലാണ്. ആധുനികത നിർമ്മിച്ചെടുത്ത ധീരപൗരുഷത്തിന്റെ മാതൃകയല്ല ഇവിടെ അംഗദൻ. ആയുധമേന്താൻ മടിക്കുകയും പ്രകൃതിയെ സ്നേഹിക്കുകയും ചെയ്യുന്ന അംഗദന്റെ ഹൃദയം തരളമാണ്. നിഷ്കളങ്കനായ അംഗദന്റെ ഹൃദയത്തിന് ചിറകുണ്ടെന്ന് അമ്മമാർ പറയുന്നു. ഹൃദയാലുവായ ആ അംഗദനെയാണ് അവർ നീരൊഴുക്കിനോട് അന്വേഷിക്കുന്നത്. 'അങ്ങനെയൊരുവനെ ഞങ്ങളെവിടെയും കണ്ടില്ല' എന്ന മറുപടി കിഷ്കിന്ധയിലെ മാറിയ മനുഷ്യരെ സൂചിപ്പിക്കുന്നു. നിഷ്കളങ്കതയും അലിവും വറ്റിയ ജനതയായി കിഷ്കിന്ധത്തിലെ നിവാസികളെ അധിനിവേശ ശക്തി മാറ്റിയിരിക്കുന്നു. എന്നാൽ അവിടങ്ങളിലെ സ്ത്രീയും പ്രകൃതിയും മാറ്റത്തെ പ്രതിരോധിക്കാനാകാതെ നിസ്സഹായരായി നിലകൊള്ളുന്നു. ഇരയാക്കപ്പെട്ട സ്ത്രീയുടെയും പ്രകൃതിയുടെയും കിഷ്കിന്ധയിലെ നിവാസികളുടെയും ശബ്ദമാണ് നോവലിൽ അംഗദൻ.

പ്രകൃതിബിംബങ്ങളുടെ ധാരാളിത്തം ഊര്കാവലിന്റെ സവിശേഷതയാണ്. നോവലിന്റെ തുടക്കം മുതൽ ഒടുക്കം വരെ പല ഭാവങ്ങളിൽ പ്രകൃതിബിംബങ്ങൾ കടന്നുവരുന്നു. കിഷ്കിന്ധത്തിലെ കഥകളും ഐതിഹ്യങ്ങളും മാത്രമല്ല; യഥാർത്ഥജീവിതവും പ്രകൃതിയിൽനിന്ന് ഭിന്നമായിരുന്നില്ല. വിത്തും മണ്ണും മരവും വെള്ളവും സൂര്യനും കാട്ടുവള്ളികളും മഞ്ചാടിമണികളും അവരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായും നോവലിൽ പ്രകൃതിബിംബങ്ങളായും കടന്നുവരുന്നു.

നെയ്ത്തുകാർക്കിടയിൽ പ്രചാരത്തിലുള്ള പാട്ടുകളിൽ പരുത്തിവിത്തിനു കൊടുക്കേണ്ട പ്രാധാന്യത്തെ അവർ എടുത്തുപറയുന്നുണ്ട്.

"ജീവനേക്കാൾ വലുതത്രേ പരുത്തി വിത്ത്!

തലമുറകൾ അത് കാത്തുസൂക്ഷിക്കട്ടെ!

അയോധ്യയിലെ സിംഹാസനത്തിനു വേണ്ടിയോ

ലങ്കയിലെ രത്നങ്ങൾക്കു വേണ്ടിയോ

കേകേയത്തിലെ കുതിരകൾക്കു വേണ്ടിയോ

അത് കൈമാറരുത്." (സാറാജോസഫ്, 2008:15)

തങ്ങളുടെ നിലനിൽപ്പ് പ്രകൃതിയുടെ വരദാനമായ പരുത്തിവിത്തിലാണെന്ന് നെയ്ത്ത് ഉപജീവനമാക്കിയ ജനത തിരിച്ചറിഞ്ഞിരുന്നു. അയോധ്യയിലെ സിംഹാസനത്തേക്കാളും ലങ്കയിലെ രത്നങ്ങളേക്കാളും കേകയത്തിലെ കുതിരകളെക്കാളും വില പരുത്തിവിത്തുകൾക്ക് അവർ കൽപ്പിച്ചു. പരുത്തിവിത്ത് ഇവിടെ പ്രകൃതിയുടെ പ്രതീകമാണ്. പുറത്തുനിന്നുള്ളവർ

സമ്പത്തുമായിവന്ന തങ്ങളുടെ പ്രകൃതിസമ്പത്തിനെ ചൂഷണം ചെയ്യുമെന്ന ഭയം അവരുടെ പാട്ടുകളിൽ നിഴലിക്കുന്നു.

രാമനുവേണ്ടി കിഷ്കിന്ധം യുദ്ധത്തിനൊരുങ്ങുമ്പോൾ ആദ്യം നശിപ്പിക്കപ്പെടുന്നത് അവിടത്തെ പ്രകൃതിയാണ്. പുഴയും വയലും നഗരവീഥികളും വാഴത്തോപ്പുകളും കണ്ടാലറിയാത്ത വിധം മാറ്റിയെടുത്തു. പുഴയുടെ തീരങ്ങളിലെ കാറ്റിന് നെയ്ത്തുകാരികൾ വിരിച്ച നനഞ്ഞ ശീലയുടെ മണത്തിനു പകരം ആവനാഴികൾ ഉണ്ടാക്കാനായി വെള്ളത്തിൽ കിടന്നു കുതിർന്ന മുളയുടെ മണമാണ്.

"നെയ്ത്തുശാലകൾ അടച്ചിട്ടിരിക്കുന്നു. കൈയും കാലും അരിഞ്ഞു തള്ളിയതു പോലെ മുറിച്ചു കുട്ടിയ കഷണങ്ങൾ കുന്നുകൂടിക്കിടക്കുന്നു. എവിടെ നോക്കിയാലും മുള്ളും കമ്പും. അവയ്ക്കിടയിൽ കെട്ടിക്കിടക്കുന്ന മനുഷ്യവിസർജ്യങ്ങളും" (സാറാജോസഫ്, 2008:150).

പുഴകളെ മലിനമാക്കിയും കാടിനെ വെട്ടിയരിഞ്ഞുമാണ് യുദ്ധസന്നാഹങ്ങൾ നടക്കുന്നത്. വയലുകളുടെ സ്ഥിതിയും മറിച്ചല്ല. അമ്പെയ്ത്തുപരിശീലനത്തിനുള്ള ഇടങ്ങളായി വയലുകൾ മാറ്റപ്പെട്ടു. യുദ്ധപരിശീലനത്തിലും ഇരയാക്കപ്പെടുന്നത് പ്രകൃതിയും ജന്തുജാലങ്ങളുമായിരുന്നു. "ഇലകൾക്കിടയിൽ മറഞ്ഞിരിക്കുന്ന കിളിയെ ഉന്നംവെക്കുന്നു. പാറകൾക്കിടയിലെ മുയലിനെ, തുഞ്ചാത്തുഞ്ചത്തെ പഴത്തെ, മാളത്തിലേക്കിഴയുന്ന പാമ്പിനെ, നീന്തിക്കളിക്കുന്ന മീനിനെ, ആകാശ സഞ്ചാരിയായ പരുന്തിനെ, എപ്പോഴും ശത്രുവെന്നു സങ്കൽപ്പിച്ച് മാമരങ്ങളെ..." (സാറാ ജോസഫ്, 2008:151). കുട്ടികൾ പോലും കളിവില്ലുകളുണ്ടാക്കി കളിക്കുന്നു. ആരെയും ഉപദ്രവിച്ചു ശീലമില്ലാതിരുന്ന കിഷ്കിന്ധയിലെ ജനങ്ങളെ പരോപദ്രവകാരികളാക്കി അധിനിവേശസമൂഹം മാറ്റിയെടുക്കുന്നു. നഗരവീഥികൾ ആഭാസത്തരങ്ങളുടെ കേന്ദ്രങ്ങളായി മാറി. ആട്ടവും പാട്ടും തീനും കുടിയും മൂലം വാണിഭക്കാരുടെ തെരുവിൽ എല്ലായ്പ്പോഴും ബഹളമായി മാറി. വാഴത്തോപ്പുകൾ ആനക്കൂട്ടം കയറിയിറങ്ങിയതുപോലെ നശിപ്പിക്കപ്പെട്ടു. കിഷ്കിന്ധത്തിലെ ഭക്ഷ്യവസ്തുക്കളെക്കാൾ അധികമായിരുന്നു സൈനികരുടെ ആവശ്യം. അതിനാൽ അതുവരെയില്ലാത്ത ഭക്ഷ്യക്ഷാമവും  കിഷ്കിന്ധം നേരിടേണ്ടിവന്നു. ഇത്തരത്തിൽ കിഷ്കിന്ധത്തിന്റെ സ്വാഭാവികമായ ജൈവികതയെ നശിപ്പിച്ചുകൊണ്ടാണ് അധിനിവേശശക്തി തങ്ങളുടെ താൽപര്യങ്ങൾ അവിടെ നടപ്പിലാക്കിയത്.

കിഷ്കിന്ധത്തിന്റെ ശക്തിയും പ്രതാപവുമായിരുന്നു ഏഴു സാല വൃക്ഷങ്ങൾ. അതിലെ ഇലയെല്ലാം ഒറ്റക്കൈകൊണ്ട് പിടിച്ചു കുലുക്കി പൊഴിക്കാൻ ബാലിക്ക് ആകുമായിരുന്നു. ഏഴു സാലവൃക്ഷങ്ങളെയും ഒറ്റ എയ്ത്തിന് മുറിച്ചിട്ടാണ് രാമൻ അസ്ത്രവിദ്യയിലുള്ള പാടവം വെളിപ്പെടുത്തിയത്. രാമന്റെ അധികാരസ്ഥാപനത്തിൽ ഇരയാകുന്നത് കിഷ്കിന്ധയിലെ ജനങ്ങൾ മാത്രമല്ല; പ്രകൃതി കൂടിയാണ്. യുദ്ധസന്നാഹങ്ങൾ നടക്കുമ്പോഴും പ്രകൃതി ചൂഷണം ചെയ്യപ്പെടുന്നു. ബാലി കരുത്ത് കാണിച്ചത് പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടായിരുന്നെങ്കിൽ രാമൻ കരുത്ത് തെളിയിച്ചത് അത് നശിപ്പിച്ചുകൊണ്ടായിരുന്നു.

നിബിഡ കാന്താരങ്ങളും പർവ്വതങ്ങളും നശിപ്പിച്ചുകൊണ്ടാണ് രാമ-രാവണയുദ്ധത്തിന് വേണ്ടി കടലിൽ ചിറ കെട്ടുന്നത്. "രാമനോ രാവണനോ ചാവുന്നത് വരെ തുടരാനിരിക്കുന്ന ഒരു യുദ്ധത്തിനു വേണ്ടി. ലങ്കയും കിഷ്കിന്ധവും തെക്കു ദേശങ്ങളും വനങ്ങളും പുഴകളുമെല്ലാം നശിച്ചാലും രണ്ടിലൊരാൾക്ക് വിജയമുണ്ടാകുന്നതുവരെ തുടരുന്ന യുദ്ധത്തിനുവേണ്ടി. കടലിൽ

ചിറ കെട്ടുക അത്ഭുതകരം തന്നെ. അതൊരു യുദ്ധത്തിനു വേണ്ടിയാണെന്നത് അക്രമവും." (സാറാജോസഫ്, 2008:187)

പ്രകൃതിക്കും സ്ത്രീക്കും നേരെയുള്ള പരിഷ്കൃത സമൂഹത്തിന്റെ അതിക്രമങ്ങൾ ഊര്കാവലിൽ സ്പഷ്ടമാകുന്നുണ്ട്. ബാലിയെ വധിക്കാൻ കാരണം താരയുടെ സൗന്ദര്യമാണെന്ന് പറഞ്ഞ് അവളുടെ ശരീരത്തെ കാമിക്കുന്ന സുഗ്രീവനും സീതയെ ശരീരം മാത്രമായി കാണുന്ന രാമനും 'ഊര്കാവ'ലിൽ കടന്നുവരുന്നു. പ്രകൃതിയെയും സ്ത്രീയെയും സ്വാർത്ഥലാഭത്തിനുവേണ്ടി വസ്തുവല്ക്കരിക്കുന്ന ആധുനിക മുതലാളിത്ത ബോധത്തിന്റെ പ്രതിനിധികളാണവർ. തങ്ങളുടെ അധികാരത്തിന്റെ നിലനിൽപ്പിനുവേണ്ടി സ്ത്രീയെയും പ്രകൃതിയെയും അവർ ചൂഷണം ചെയ്യുന്നു. പ്രകൃതിയെ അറിഞ്ഞനുഭവിച്ച ആദിമ മനുഷ്യന്റെ പ്രതിനിധിയാണ് ഇവിടെ അംഗദൻ. ജൈവികതയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന അംഗദനും ഇരയാക്കപ്പെടുന്നവരുടെ ഗണത്തിൽപ്പെടുന്നു. പാരിസ്ഥിതിക ധ്വംസനം മനുഷ്യത്വ നിഷേധങ്ങൾ കൂടിയായി മാറുന്നതിന്റെ നേർചിത്രം 'ഊര്കാവ'ലിൽ കാണാം. അരികുവൽക്കരിക്കപ്പെട്ട ജനത നേരിടുന്ന എല്ലാത്തരം ആധിപത്യ ശ്രമങ്ങളോടുമുള്ള പ്രതിരോധമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ഭൂമികയിലൂന്നി, ഈ നോവലിലൂടെ നോവലിസ്റ്റ് നിർവ്വഹിച്ചിരിക്കുന്നത്.

### സഹായക ഗ്രന്ഥങ്ങൾ

സാറാ ജോസഫ്, 2008, ഊര്കാവൽ, കറന്റ് ബുക്സ്, കോട്ടയം.

സൗമ്യ സി. എസ്., 2022, പാരിസ്ഥിതിക സ്ത്രീവാദവും കേരളീയ മാനവികതയും, മംഗളോദയം, തൃശ്ശൂർ.

# PANEL OF EXTERNAL PEER REVIEWERS

**Prof. Dr. Jojomon N.A.**
Former Principal
P.M. Govt Collee, Chalakudy &
Former Deputy Director of
Collegiate Education
Thrissur

**Aseena M.A.**
Assistant Professor
Department of Islamic History
Govt. College
Malappuram

**Dr. Raheena K.K.**
Associate Professor
Department of English
Govt. Arts and Science College
Mankada

**Dr. Gangadevi M.**
Assistant Professor
Department of Malayalam
Govt. College for Women
Thiruvananthapuram

**Dr. Shereena Rani G.B.**
Assistant Professor
Department of Malayalam
University College
Thiruvananthapuram

**Dr. Jayakumar S.S.**
Assistant Professor
Department of Malayalam
P.M. Govt. College
Chalakudy

**Dr. Krishna Aravind**
Assistant professor
Department of Malayalam
P.M. Govt College
Chalakkudy

**Dr. Dhanya P.D.**
Assistant Professor
Department of Malayalam
K.K.T.M. Govt. College
Pullut

**Dr. Lekshmi S.**
Assistant Professor
Department of Malayalam
Govt. College
Nedumangad


ISSN: 2582 - 2594

**Vol. 7 No. 2 July 2024** **ISSN 2582-2594** **RNI No. KERMUL/2018/77513**

**www.akgct.org**

Printed by **K. K. DAMODARAN** and published by **K. K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctresearchjournal@gmail.com
Web: www. akgct.org